# Trichur Archdiocesan Bulletin TAB

ഡിസംബർ
2017
വാല്യം: 84 ലക്കം: 12
ESTD:1934



ലൂക്കാ: 2: 1 - 20 (യേശുവിന്റെ ജനനം)

ARCHDIOCESE OF TRICHUR





**അഭിവന്ദ്യ പിതാക്കന്മാർക്ക്**

## ജന്മദിനാശംസകൾ

**ഡിസംബർ 13**



റോമിൽ ഫ്രാൻസീസ് മാർപ്പാപ്പയെ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സന്ദർശിക്കുന്നു (2017 ഒക്ടോബർ 25)

# TRICHUR ARCHDIOCESAN BULLETIN


വാല്യം : 84

ഡിസംബർ 2017

ലക്കം : 12





Imprimatur

*(Sd)*

**Mar Andrews Thazhath**

Archbishop of Trichur

Chief Editor

**Dr. Francis Aloor**

Executive Editor

**Fr. Nysson Alanthanath**



Archbishop's House

P.B. No. 706, Thrissur - 680005

**Ph : 0487 - 2333325, 2338203, 2333542**

**Fax : 2338204**

**E-mail : curiatcr@yahoo.com**

**bulletintcr@gmail.com**

**website : www.trichurarchdiocese.org**


## ഈ ലക്കത്തിൽ


- ❖ ഇടയലേഖനം 04
- ❖ സർക്കുലർ 09
- ❖ കച്ചേരികാര്യം 24
- ❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ 29
- ❖ മാർ ടോണി പിതാവിന്റെ പരിപാടികൾ 32
- ❖ നാളാഗമം 35
- ❖ നാമകരണ നടപടികൾ 36
- ❖ സാമ്പത്തിക കാര്യാലയം 38
- ❖ വൈദികർ 39
- ❖ സന്യസ്തർ 41
- ❖ അതിരൂപത തീർത്ഥകേന്ദ്രം 44
- ❖ സ്ഥാപനങ്ങൾ 46
- ❖ സംഘടനകൾ 73

2310/2017 P- 2
10.11.2017

# ഇടയലേഖനം

## ആൻഡ്രൂസ് താഴത്ത്

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, വത്സലമക്കളേ,

സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സുഗന്ധം പരത്തുന്ന സത്ചിന്തകളുമായി നാം മംഗളവാർത്താ കാലത്തിലേക്ക് പ്രവേശിക്കുകയാണ്. "സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത" (ലൂക്ക. 2:10) യായിട്ടാണ് യേശുവിന്റെ ജനനവാർത്ത മാലാഖമാർ ആട്ടിടയന്മാരെ അറിയിച്ചത്. നമ്മുടെ സന്തോഷം സംവർദ്ധിതമാക്കുന്ന ഉത്കൃഷ്ടമായ സമ്മാനങ്ങളുമായിട്ടാണ് ഈ വർഷത്തെ ക്രിസ്തുമസ്സ് സമാഗതമായിരിക്കുന്നത്. നമ്മുടെ അതിരൂപതയുടെ പുതിയ സഹായമെത്രാനായി അഭിഷിക്തനായ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവാണ് ആദ്യത്തെ സമ്മാനം. ടോണി പിതാവിന്റെ മെത്രാഭിഷേകം ആകർഷകവും അനുഗ്രഹപൂർണ്ണവുമാക്കുന്നതിന് സാന്നിധ്യം കൊണ്ടും പ്രാർത്ഥനകൊണ്ടും സഹായങ്ങൾകൊണ്ടും സഹകരിച്ച ഏവർക്കും ഞാൻ നന്ദി പറയുന്നു.അദ്ദേഹം ഏറ്റെടുത്തിരിക്കുന്ന പുതിയ ശുശ്രൂഷ ഏറ്റവും ഫലപ്രദമായ രീതിയിൽ നിർവഹിക്കുന്നതിന് തുടർന്നും നമുക്ക് അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കാം.

ഉണ്ണിയേശു ഈ വർഷം നൽകുന്ന രണ്ടാമത്തെ സമ്മാനം സീറോ മലബാർ സഭയുടെ വർഷങ്ങൾ നീണ്ടു നിന്ന പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും സാക്ഷാത്കാരമാണ്. 2010 മുതൽ നമ്മുടെ അതിരൂപതയുടെ സഹായമെത്രാനായി സേവനം കാഴ്ചവെച്ച അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് ഹൈദ്രാബാദിനടുത്തുള്ള ഷംഷാബാദ് കേന്ദ്രമാക്കി സ്ഥാപിതമായിരിക്കുന്ന പുതിയ രൂപതയുടെ പ്രഥമ മെത്രാനായി നിയമിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയിൽ സീറോ മലബാർ സഭയ്ക്ക് സ്വന്തമായി രൂപതകളില്ലാത്ത എല്ലാ സ്ഥലങ്ങളി

ലുമുള്ള സഭാമക്കളുടെ അജപാലന ഉത്തരവാദിത്വം ഫ്രാൻസിസ് മാർപ്പാപ്പ അഭിവന്ദ്യ തട്ടിൽ പിതാവിനെ ഏല്പിച്ചിരിക്കുകയാണ്. ഇത് നമുക്ക് ആഹ്ലാദവും അഭിമാനവും നൽകുന്ന അനുഗ്രഹസന്ദേശമാണ്.

അഭിവന്ദ്യ തട്ടിൽ പിതാവിനെ പുതിയ ദൗത്യം ഏല്പിച്ച അവസരത്തിൽ ഭാരത കത്തോലിക്കാസഭയിലെ എല്ലാ മേലധ്യക്ഷന്മാർക്കുമായി ഫ്രാൻസിസ് മാർപ്പാപ്പ 2017 ഒക്ടോബർ 9ന് എഴുതിയിരിക്കുന്ന കത്ത് ചരിത്രപരമായി വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ഈ കത്തിന്റെ പൂർണ്ണരൂപം അതിരൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര എന്നീ മൂന്ന് സഭകൾ ഭാരതകത്തോലിക്കാസഭയിൽ പാലിക്കേണ്ട അജപാലനക്രമീകരണങ്ങളെ കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ടും സുവിശേഷവത്കരണ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കാൻ എല്ലാ സഭാംഗങ്ങളെയും ആഹ്വാനം ചെയ്തുകൊണ്ടും ഫ്രാൻസിസ് മാർപ്പാപ്പ എഴുതിയിരിക്കുന്ന ഈ കത്ത് 1987 മെയ് 28ന് വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഇന്ത്യയിലെ മെത്രാന്മാർക്കെഴുതിയ കത്തിന്റെ തുടർച്ചയാണ്. കത്തോലിക്കാസഭ സഭകളുടെ ഒരു കൂട്ടായ്മയാണെന്നും വിവിധ റീത്തുകളിലൂടെ വിവിധ രീതികളിൽ പ്രകാശിതമാകുന്നത് ഒരേ വിശ്വാസം തന്നെയാണെന്നും പരി. പിതാവ് ഈ കത്തിൽ ഊന്നി പറയുന്നു. ഇന്ത്യയിലെ മൂന്നു വ്യക്തിഗത സഭകളും തമ്മിൽ ഐക്യവും പങ്കുവയ്ക്കലും സഹകരണവും വളർത്തി വിശ്വാസസാക്ഷ്യം ദീപ്തമാക്കണമെന്നും ഈ കത്തിലൂടെ മാർപ്പാപ്പ ആഹ്വാനം ചെയ്യുന്നു. അതോടൊപ്പം പരി. പിതാവ് സീറോ മലബാർ സഭയെ രണ്ട് പ്രധാന ദൗത്യങ്ങൾ ഭരമേല്പിക്കുന്നുമുണ്ട്. അതിൽ ഒന്നാമത്തെ ദൗത്യം നമ്മുടെ സഭയുടെ പുരാതനമായ പൗരസ്ത്യകത്തോലിക്കാ പാരമ്പര്യങ്ങളുടെ പുനരുദ്ധാരണവും ആവശ്യമായ അനുരൂപണവും സാക്ഷാത്കരിക്കുക എന്നതാണ്. കത്തോലിക്കാസഭയിലെ വിവിധ പാരമ്പര്യങ്ങളുടെ സമ്പന്നത സഭയുടെ മുഖത്തെ സൗന്ദര്യദീപ്തമാക്കി ലോകത്തിന് വെളിപ്പെടുത്തുന്നു. ആയതിനാൽ മാതൃസഭയുടെ പാരമ്പര്യത്തിനനുസൃതമായ അജപാലന ശുശ്രൂഷ ലഭിക്കാതെ പ്രവാസികളായി ഇന്ത്യയുടെ പല ഭാഗങ്ങളിലും ചിതറി കിടക്കുന്ന സഭാമക്കൾക്ക് സഭാത്മകമായ അജപാലനം ഉറപ്പു വരുത്താൻ നമുക്ക് കടമയുണ്ട്. നമുക്ക് നല്കപ്പെട്ടിരിക്കുന്ന രണ്ടാമത്തെ ദൗത്യം പ്രേഷിതപ്രവർത്തനത്തിനുള്ളതാണ്. സീറോ മലബാർ സഭയുടെ പാരമ്പര്യങ്ങളിൽ വേരുറപ്പിച്ചുകൊണ്ട് സുവിശേഷപ്രഘോഷണ ശുശ്രൂഷയിൽ തീഷ്ണതയുള്ളവരായി നാം ഉണർന്നെഴുന്നേല്ക്കേണ്ടിയിരിക്കുന്നു.

ഇന്ത്യയിലെ ഒന്നാമത്തെ മിഷനറിയായ തോമാശ്ലീഹാ സ്ഥാപിച്ച ഭാരതസഭയുടെ തലവന് തുടക്കം മുതൽ ഇന്ത്യ മുഴുവനും അതിനു ചുറ്റുമുള്ള പ്രദേശങ്ങളിലും അജപാലനാധികാരമുണ്ടായിരുന്നു. കൊടുങ്ങല്ലൂർ ആസ്ഥാ

നമാക്കിയുള്ള ഭാരതസഭയുടെ മെത്രാപ്പോലീത്ത ഇന്ത്യ മുഴുവന്റെയും മെത്രാപ്പോലീത്ത *(Metrapolita d'Hendo)* എന്നാണ് അറിയപ്പെട്ടിരുന്നത്. പോർച്ചുഗീസുകാരുടെ ആഗമനത്തോടുകൂടി ലത്തീൻ സഭയും ഭാരതത്തിലെത്തി. ഭാരതസഭയുടെമേൽ പോർച്ചുഗീസുകാർ മേൽക്കോയ്മ സ്ഥാപിച്ചതിന്റെ പരിണത ഫലമായി സഭയുടെ പാരമ്പര്യങ്ങളിലൂന്നിയുള്ള പ്രവർത്തനങ്ങൾക്ക് പരിധികളും പരിമിതികളും ഏർപ്പെടുത്തപ്പെട്ടു. മാർ തോമാ ക്രിസ്ത്യാനികളുടെ രൂപതയായിരുന്ന കൊടുങ്ങല്ലൂർ രൂപത 1886ൽ നിർത്തലാക്കപ്പെട്ടു.

1887ൽ സീറോ മലബാർ സഭയ്ക്കുവേണ്ടി തൃശ്ശൂർ, കോട്ടയം വികാരിയാത്തുകൾ സ്ഥാപിതമായപ്പോൾ തൃശ്ശൂരിന്റെ അതിർത്തി ആലുവപ്പുഴയ്ക്ക് വടക്കോട്ട് ഇന്ത്യ മുഴുവനുമായിരുന്നു. 1896ൽ തൃശ്ശൂരിന്റെ അതിർത്തി ഭാരതപ്പുഴയാക്കി പരിമിതപ്പെടുത്തി. 1955ൽ സീറോ മലബാർ സഭയുടെ അജപാലനാധികാരസീമ കുറച്ചുകൂടി വ്യപിപ്പിച്ചു. 1962 മുതൽ ഇന്ത്യയിലെ ചുരുക്കം ചില പ്രദേശങ്ങളിൽ അജപാലനവും മിഷൻ പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള അധികാരം സീറോ മലബാർ സഭയ്ക്ക് ലഭിച്ചു. ഷംഷാബാദ് രൂപതയുടെ സ്ഥാപനത്തോടെ ഇന്ത്യ മുഴുവനിലും അജപാലന ശുശ്രൂഷയും സുവിശേഷവത്കരണവും നടത്തുവാനുള്ള മാർതോമാ ക്രിസ്ത്യാനികളുടെ ആദിമ സ്വാതന്ത്ര്യവും അധികാരവും നമുക്ക് വീണ്ടുകിട്ടിയിരിക്കുകയാണ്. നമ്മുടെ പ്രിയപ്പെട്ട തട്ടിൽ പിതാവാണ് ഈ പുതിയ ഉത്തരവാദിത്വത്തിൽ പ്രധാന നേതൃത്വം നൽകപ്പെട്ടിരിക്കുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം.

ഇന്ത്യയുടെ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഏറെ ദുഷ്കരവും വെല്ലുവിളികൾ നിറഞ്ഞതുമായ ദൗത്യമാണ് അഭിവന്ദ്യ തട്ടിൽ പിതാവ് ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത്. അടിസ്ഥാനസൗകര്യങ്ങളുടെ അഭാവവും പ്രതികൂലമായ പല പരിതോവസ്ഥകളും മറികടന്നുകൊണ്ട് മുന്നേറുവാൻ അദ്ദേഹത്തിന്റെ പാദങ്ങൾക്കു കരുത്തു പകരണമെന്ന് നമുക്ക് യേശുനാഥനോട് പ്രാർത്ഥിക്കാം. അതോടൊപ്പം അദ്ദേഹത്തിന്റെ കരങ്ങളെ ശക്തിപ്പെടുത്താനുതകുന്ന സഹായസഹകരണങ്ങൾ ഔദാര്യത്തോടെ നൽകാൻ നാം സന്നദ്ധരാകണം. നമ്മുടെ അതിരൂപതയിലെ വിവിധ പള്ളികൾ തട്ടിൽ പിതാവിന്റെ മിഷൻ പ്രവർത്തനങ്ങളെ സഹായിച്ചത് ഞാൻ നന്ദിയോടെ ഓർക്കുന്നു. ഷംഷാബാദ് രൂപതയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്ത അവസ്ഥയിൽ അഭിവന്ദ്യ തട്ടിൽ പിതാവിനെ സഹായിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണെന്ന കാര്യം നമ്മൾ മറക്കരുത്. 2017ലെ ക്രിസ്തുമസ്സിനോടനുബന്ധിച്ചുള്ള കാരുണ്യനിധിക്കായുള്ള കവർ പിരിവിലൂടെ പ്രധാനമായും ഷംഷാബാദ് രൂപതയുടെ പ്രവർത്തനങ്ങൾക്ക് സംഭാവന നൽകുവാൻ നാം ആഗ്രഹിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണ്ണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

പുതിയ രൂപതയ്ക്ക് ധാരാളം മിഷനറിമാരെ ആവശ്യമുണ്ട്. ഈ ലക്ഷ്യ പ്രാപ്തിക്കായി വൈദിക-സന്യസ്ത-അത്മായ പ്രേഷിത ദൈവവിളികൾ പ്രോത്സാഹിപ്പിക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. ഏതെങ്കിലും മിഷൻ പ്രവർത്തനങ്ങളോ ഏതെങ്കിലും ഇടയസ്ഥാപനങ്ങളോ ദത്തെടുത്തും നമുക്ക് തട്ടിൽ പിതാവിന്റെ മിഷൻ മേഖലകളോ, ഇടവകകളോ സഹായിക്കാനാകും. പണംകൊണ്ടു മാത്രമല്ല, മറ്റു പല രീതികളിലും സുവിശേഷവത്കരണപ്ര വർത്തനങ്ങളോട് നമുക്ക് സഹകരിക്കാൻ സാധിക്കും. ജീവിതസാക്ഷ്യം, പ്രാർത്ഥന, പരിത്യാഗപ്രവർത്തികൾ, വ്യക്തിപരമായ പ്രേഷിതപ്രവർത്തനങ്ങൾ എന്നിവയിലൂടെ, യേശുവിനെയും സഭയേയും അറിയാത്തവർക്കും പ്രസ്തുത അറിവിൽ ആഴപ്പെടാത്തവർക്കും യേശുവിനെ പകർന്നു നൽകുന്നതിനും സാധി ക്കും. യേശുവിനെയും സഭയെയും കുറിച്ച് തെറ്റായ അറിവു പുലർത്തുന്നവ രെയും വിശ്വാസ വഴികളിൽനിന്ന് വ്യതിചലിച്ചവരെയും യഥാർത്ഥ വിശ്വാസ ത്തിലേക്ക് നയിക്കുന്നതിന് നാം ചെയ്യുന്ന എല്ലാ പ്രവൃത്തികളും സുവിശേഷ വത്കരണത്തിന്റെ ഭാഗമാണ്.

സുവിശേഷവത്കരണം അഥവാ വിശ്വാസകൈമാറ്റം ആദ്യം നടക്കേ ണ്ടത് നമ്മുടെ കുടുംബങ്ങളിലാണ്. അതുകൊണ്ടുതന്നെയാണ് സമാഗതമാ കുന്ന അതിരൂപതാ അസംബ്ലിയുടെ പഠനവിഷയമായി ഈ വിഷയം നമ്മൾ തെരഞ്ഞെടുത്തിരിക്കുന്നത്. കുടുംബങ്ങളിലൂടെ നടക്കുന്ന സുവിശേഷവത്ക ണത്തെ കുറിച്ച് ഇടവക അസംബ്ലികളിൽ പൊതുവേ നല്ല ചർച്ചകൾ നടന്നു എന്നറിയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. വൈദിക-സന്യസ്ത-യുവജന തലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന അസംബ്ലികളിലൂടെ കൂടുതൽ ഉൾക്കാഴ്ചകളും മാർഗ്ഗനിർദ്ദേശങ്ങളും നമുക്ക് ലഭിക്കുന്നതാണ്. 2018 മെയ് മാസ ത്തിൽ നടക്കുവാൻ പോകുന്ന അതിരൂപതാ അസംബ്ലിയുടെ വിജയത്തിനായി എല്ലാവരും പ്രാർത്ഥിക്കണം.

ഏതാനും വർഷങ്ങളായി ക്രിസ്തുമസ്സിനോടനുബന്ധമായി നാം നട ത്തികൊണ്ടിരിക്കുന്ന ബോൺ നത്താലെ എന്ന ഘോഷയാത്ര ഈ വർഷവും ഡിസംബർ 27ന് നടത്തപ്പെടുന്നു. ഈ ആഘോഷപരിപാടികൾക്ക് പ്രധാനമായും മൂന്നു ലക്ഷ്യങ്ങളാണുള്ളത്. ഒന്നാമതായി ഇത് സന്തോഷത്തിന്റെ ആഘോഷ മാണ്. മാലാഖമാർ ആട്ടിടയന്മാരെ അറിയിച്ചതുപോലെ യേശുവിന്റെ ജനനം നമുക്കുവേണ്ടി മാത്രമല്ല, സകലജനങ്ങൾക്കും വേണ്ടിയുള്ള വലിയ സന്തോ ഷത്തിന്റെ സദ്വാർത്തയാണ്. അതുകൊണ്ടാണ് എല്ലാ വിഭാഗങ്ങളിലുമുള്ള ആളു കളെ പങ്കെടുപ്പിച്ചുകൊണ്ട് നാം ക്രിസ്തുമസ്സിനോടനുബന്ധമായി ഈ സാംസ്കാരികാഘോഷം സംഘടിപ്പിക്കുന്നത്. കേരളത്തിന്റെ സാംസ്കാരിക നഗരിയിൽ വിവിധ കലാരൂപങ്ങളിലൂടെ ക്രിസ്തുമസ്സ് സന്ദേശം പങ്കുവയ്ക്കു

മ്പോൾ അത് എല്ലാവർക്കും സന്തോഷിക്കുവാനുള്ള അവസരമാകും. രണ്ടാമതായി ബൊൻ നത്താലെ കൂട്ടായ്മയുടെ ആഘോഷമാണ്. വർഗ്ഗീയതയുടെ വിഷക്കാറ്റ് വിഭാഗീയതയും ഭിന്നിപ്പും പരത്തുന്ന ഈ കാലഘട്ടത്തിൽ മതസൗഹാർദ്ദത്തിന്റെ സന്ദേശവുമായി ബൊൻ നത്താലെ തൃശ്ശൂരിലെ എല്ലാവരെയും ഒന്നിച്ചുകൂട്ടുന്നു. മൂന്നാമതായി ഇത് കാരുണ്യത്തിന്റെ ആഘോഷമാണ്. യേശുവിന്റെ ജനനവാർത്ത സമൂഹത്തിലെ പാവപ്പെട്ടവരായ ആട്ടിടയന്മാർക്ക് മാത്രമല്ല, ധനികരായ പൂജരാജാക്കന്മാർക്കും സന്തോഷത്തിന്റെ അനുഭവമായിരുന്നു. അതുകൊണ്ട് ധനിക-ദരിദ്ര ഭേദമെന്യേ എല്ലാവരും ക്രിസ്തുമസ്സിന്റെ സന്തോഷത്തിൽ പങ്കെടുക്കണം. ക്രിസ്തുമസ്സിനോടനുബന്ധിച്ച് എല്ലാ ഇടവകകളിലും പ്രത്യേക പരിപാടികളും പാവപ്പെട്ടവരെ സഹായിക്കാനുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഞാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു. ഇക്കാര്യത്തിൽ ബൊൻ നത്താലെയ്ക്ക് അതിരൂപതാതലത്തിൽ നേതൃത്വം നൽകുന്നവർ വേണ്ടത്ര മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്.

പ്രിയസഹോദരരേ, വത്സലമക്കളേ, മനുഷ്യരക്ഷക്കായി ഭൂമിയിൽ അവതീർണ്ണനായ യേശുക്രിസ്തുവിന്റെ ജനനം ഇന്നും നമ്മുടെ ജീവിതത്തിൽ അന്വർത്ഥമാകണം. ആയിരം പുൽക്കൂടുകളിൽ ഉണ്ണി പിറന്നാലും എന്റെ ഹൃദയത്തിലും കുടുംബത്തിലും എന്റെ സഹോദരന്റെ ജീവിതത്തിലും ഉണ്ണിപിറക്കുന്നില്ലെങ്കിൽ ക്രിസ്തുമസ്സ് ആഘോഷങ്ങൾക്ക് അർത്ഥമില്ല. യേശുവിനെ കണ്ടെത്താനുള്ള ഏതാനും മാർഗ്ഗങ്ങളാണ് മുകളിൽ പറഞ്ഞത്.

അടുത്തുവരുന്ന ക്രിസ്തുമസ്സും പുതുവത്സരവും നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും അനുഗ്രഹദായകമാകട്ടെ എന്ന് ആശംസിക്കുന്നു. ഉണ്ണീശോ നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്

+ Andrews Thazhath

+ മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

**NB:** ഈ വിജ്ഞാപനം 2017 ഡിസംബർ 3-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. **+AT**

Ref: 3046/K-5/KCBC/OL/DS
09.11.2017

# പ്രഥമ ലോക ദരിദ്ര ദിനാചരണം

## 33-ാം ഞായറാഴ്ച, 19 നവംബർ 2017

## ഫ്രാൻസിസ് മാർപാപ്പാ

*നമുക്കു സ്നേഹിക്കാം - വാക്കുകൾകൊണ്ടല്ല, പ്രവൃത്തികൾകൊണ്ട്*

1. "കുഞ്ഞുമക്കളേ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്, പിന്നെയോ പ്രവൃത്തിയിലും സത്യത്തിലുമാണ്" (1 യോഹ 3:18). ഒരു ക്രൈസ്തവനും അവഗണിക്കാനാവാത്ത ഒരു കല്പനയാണ് യോഹന്നാൻ ശ്ലീഹായുടെ ഈ വാക്കുകളിൽ മുഴങ്ങുന്നത്. നമ്മുടെ കാലഘട്ടത്തിലേക്ക് യേശുവിന്റെ കല്പന പകർന്നു തരുന്നതിൽ "പ്രേഷ്ഠശിഷ്യൻ" പുലർത്തുന്ന ഗൗരവം കൂടുതൽ വ്യക്തമാകുന്നത് നമ്മുടെ അധരങ്ങളിൽ പതിവായുള്ള ശൂന്യമായ വാക്കുകളും നമ്മുടെ തന്നെ അളവു കോലാകേണ്ട മൂർത്തമായ പ്രവൃത്തികളും തമ്മിലുള്ള വൈരുദ്ധ്യത്തിലാണ്. സ്നേഹത്തിന് ഒഴികഴിവില്ല. യേശു സ്നേഹിച്ചതുപോലെ സ്നേഹിക്കാൻ നാം പുറപ്പെടുമ്പോഴെല്ലാം കർത്താവിനെ നമ്മുടെ മാതൃകയായി സ്വീകരിക്കണം, പ്രത്യേകിച്ച് ദരിദ്രരെ സ്നേഹിക്കുന്ന കാര്യത്തിൽ. ദൈവപുത്രൻ സ്നേഹിച്ച രീതി സുപ്രസിദ്ധമാണ്. യോഹന്നാൻ അത് വ്യക്തമായി പറയുന്നു. അത് രണ്ടു സ്തംഭങ്ങളിലായി നിലകൊള്ളുന്നു: ദൈവം നമ്മെ ആദ്യം സ്നേഹിച്ചു (cf യോഹ 4:10.19); തന്റെ ജീവൻ സമർപ്പിച്ചുകൊണ്ടുപോലും തികച്ചും നിസ്വാർത്ഥമായി സ്നേഹിച്ചു (cf 1 യോഹ 3:16).

അത്തരം ഒരു സ്നേഹത്തിന് ഉത്തരം കിട്ടാതിരിക്കുകയില്ല. ഒന്നും പകരമായി ചോദിക്കാതെ, വ്യവസ്ഥകളില്ലാതെ തന്നെയാണ് ആ സ്നേഹം നല്കപ്പെടുന്നതെങ്കിലും അത് അനുഭവിക്കുന്നവരെല്ലാവരും, പരിമിതികളും പാപങ്ങളുമുള്ള പ്രതിസ്നേഹം നല്കാൻ പ്രേരിതരാകുംവിധം അതു ഹൃദയങ്ങളെ തീകൂട്ടുന്നു. എന്നാലും നമ്മൾ ദൈവകൃപയെ, അവിടത്തെ കരുണാപൂർണമായ സ്നേഹത്തെ, സ്വാഗതം ചെയ്താലേ അതു സംഭവിക്കുകയുള്ളൂ. അതിനെ സ്വാഗതം ചെയ്യുമ്പോൾ നമ്മുടെ ഇച്ഛാശക്തിയും വികാരങ്ങൾപോലും ദൈവത്തെയും അയൽക്കാരനെയും സ്നേഹിക്കാൻ നിർബന്ധിക്കും. അങ്ങനെ ത്രിത്വത്തിന്റെ ഹൃദയത്തിൽ നിന്ന് ഉറവെടുക്കുന്ന കാരുണ്യത്തിന് നമ്മുടെ ജീവിതത്തെ രൂപപ്പെടുത്താൻ കഴിയും. നമുക്കു സഹതാപമുണ്ടാകാനും ആവശ്യത്തിൽപ്പെട്ട സഹോദരീസഹോദരന്മാരുടെ ഉപകാരത്തിനായി കാരുണ്യപ്രവൃത്തികൾ ചെയ്യാനും സാധിക്കും.

2. “ഈ ദരിദ്രൻ വിലപിച്ചു. കർത്താവ് അവനെ ശ്രവിച്ചു” (സങ്കീ 34:6). സഭ എന്നും ഈ വിലാപത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയിട്ടുണ്ട്. അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിന്റെ ആദ്യപേജുകളിൽത്തന്നെ ഇതിന്റെ ശ്രദ്ധേയമായ സാക്ഷ്യം നമുക്കു ലഭിച്ചിട്ടുണ്ട്. അവിടെ ആത്മാവും ജ്ഞാനവും കൊണ്ടു നിറഞ്ഞ ഏഴുപേരെ (6:3) ദരിദ്രരെ സംരക്ഷിക്കുന്ന ശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കാൻ പത്രോസ് ശ്ലീഹാ ആവശ്യപ്പെടുന്നതായി നാം കാണുന്നു. തീർച്ചയായും ലോകവേദിയിലേക്ക് ക്രൈസ്തവസമൂഹം നടത്തിയ പ്രവേശനത്തിന്റെ ആദ്യത്തെ അടയാളങ്ങളിൽ ഒന്നാണിത്: ദരിദ്രർക്കായുള്ള സേവനം. ദരിദ്രർ അനുഗൃഹീതരും ,ദൈവരാജ്യത്തിന് അവകാശികളുമാണെന്ന (cf മത്താ 5:3)ഗുരുവിന്റെ പ്രഖ്യാപനമനുസരിച്ച് സാഹോദര്യവും ഐക്യദാർഢ്യവും പ്രകടിപ്പിക്കുകയെന്നതാണെന്ന്

യേശുവിന്റെ ശിഷ്യനായിരിക്കുക എന്നതിന്റെ അർത്ഥമെന്ന് ആദിമ സമൂഹം തിരിച്ചറിഞ്ഞു.

“അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു” (അപ്പ 2:45). ആദിമ ക്രൈസ്തവരുടെ സജീവമായ പരിഗണന ഈ വാക്കുകളിൽ സുവിദിതമായി നാം കാണുന്നു. മറ്റുള്ള എല്ലാവരെയുംകാൾ കൂടുതലായി കാരുണ്യത്തെപ്പറ്റി പറയുന്ന ലൂക്കാ സുവിശേഷകൻ ആദിമ സമൂഹത്തിന്റെ പങ്കുവയ്ക്കൽ പതിവിനെപ്പറ്റി വിവരിക്കുമ്പോൾ അതിവർണന ചെയ്യുന്നില്ല. നേരേമറിച്ച് അദ്ദേഹത്തിന്റെ വാക്കുകൾ ഓരോ തലമുറയോടുമുള്ളതാണ്. അങ്ങനെ നമ്മളോടുമുള്ളതാണ്. നമ്മുടെ സാക്ഷ്യം നിലനിറുത്താനും ഏറ്റവും ആവശ്യക്കാരായവരോടുള്ള നമ്മുടെ ശ്രദ്ധയെ പ്രോത്സാഹിപ്പിക്കാനുമുള്ളതാണ്. ഇതേ സന്ദേശം ഇതേ അവബോധത്തോടെ യാക്കോബുശ്ലീഹായും നല്കുന്നുണ്ട്. അദ്ദേഹത്തിന്റെ ലേഖനത്തിൽ ഒരു വാക്കും വിട്ടുകളയുന്നില്ല: “എന്റെ പ്രിയ സഹോദരരേ, ശ്രവിക്കുവിൻ. തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദാനംചെയ്ത രാജ്യത്തിലെ അവകാശികളും വിശ്വാസത്തിൽ സമ്പന്നരുമായി ദൈവം തിരഞ്ഞെടുത്തത് ലോകത്തിലെ പാവപ്പെട്ടവരെയല്ലേ? എന്നാൽ നിങ്ങൾ പാവപ്പെട്ടവരെ അവമാനിച്ചിരിക്കുന്നു. നിങ്ങളെ ന്യായാസനങ്ങളുടെ മുമ്പിലേക്കു വലിച്ചിഴച്ചുകൊണ്ടുപോകുന്നത് അവരല്ലേ?.... എന്റെ സഹോദരരേ, വിശ്വാസമുണ്ടെന്നുപറയുകയും പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവന് എന്തു മേന്മയാണുള്ളത്? ഈ വിശ്വാസത്തിന് അവനെ രക്ഷിക്കാൻ കഴിയുമോ? സഹോദരനോ സഹോദരിയോ ആവശ്യത്തിനു വസ്ത്രമോ ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ നിങ്ങളിലാരെങ്കിലും ശരീരത്തിന് ആവശ്യമായത് അവർക്കു കൊടുക്കാതെ, സമാധാനത്തിൽ പോകുക, തീകായുക, വിശപ്പടക്കുക എന്നൊക്കെ പറയുന്നെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനം? പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജീവമാണ്” (2:5-6. 14-17).

3. എന്നിട്ടും ക്രിസ്ത്യാനികൾ ഈ അഭ്യർത്ഥന പൂർണമായി ശ്രവിക്കാതി

രിക്കുകയും ലൗകികമായി ചിന്തിക്കുകയും ചെയ്ത കാലമുണ്ടായിരുന്നു. എന്നാൽ സാരാംശമായിട്ടുള്ളതിൽ നോട്ടം പതിക്കാൻ പരിശുദ്ധാത്മാവ് അവരെ ആഹ്വാനം ചെയ്യാതിരുന്നില്ല. വിവിധ രീതികളിൽ ദരിദ്രർക്കു സേവനംചെയ്യാൻ ജീവിതം സമർപ്പിക്കുന്നതിന് സ്ത്രീപുരുഷന്മാരെ അവിടന്ന് ഉണർത്തി. തികഞ്ഞ ലാളിത്യത്തോടും വിനയത്തോടും കൂടി ഉദാരതാപൂർണവും സർഗാത്മകവുമായ പരസ്നേഹത്തോടെ, തങ്ങളുടെ ഏറ്റവും ദരിദ്രരായ സഹോദരീസഹോദരന്മാരെ ശുശ്രൂഷിച്ച ക്രൈസ്തവർ രണ്ടായിരം വർഷത്തെ ലോകചരിത്രത്തിന്റെ എത്രയോ പേജുകളിൽ നിറഞ്ഞുനില്ക്കുന്നു.

ഏറ്റവും ശ്രദ്ധേയമായ ഉദാഹരണം ഫ്രാൻസിസ് അസീസിയാണ്. നൂറ്റാണ്ടുകളായി വിശുദ്ധരായ അനേകം സ്ത്രീപുരുഷന്മാർ അദ്ദേഹത്തെ അനുഗമിച്ചിട്ടുണ്ട്. അദ്ദേഹം കുഷ്ഠരോഗികളെ ആലിംഗനം ചെയ്യുകയും അവർക്കു ഭിക്ഷകൊടുക്കുകയും ചെയ്യുന്നതുകൊണ്ടു തൃപ്തനായില്ല. അവരോടൊപ്പം താമസിക്കാൻ അദ്ദേഹം ഗുബിയോയിലേക്കു പോയി. തന്റെ മാനസാന്തരത്തിന്റെ കാരണമായി അദ്ദേഹം അതിനെ കണ്ടു: "ഞാൻ പാപിയായിരുന്നപ്പോൾ കുഷ്ഠരോഗികളെ നോക്കിക്കാണുന്നത് കയ്പുനിറഞ്ഞ അനുഭവമായി തോന്നി. എന്നാൽ കർത്താവുതന്നെ അവരുടെയടുത്തേക്ക് എന്നെ നയിക്കുകയും ഞാൻ അവരോടു കരുണകാണിക്കുകയും ചെയ്തു. ഞാൻ അവരെ വിട്ടുപോരുമ്പോൾ എനിക്ക് കയ്പായി തോന്നിയിരുന്നത് മനസ്സിന്റെയും ശരീരത്തിന്റെയും മാധുര്യമായി മാറിയിരുന്നു" (Text 1-3: FF 110).

നമ്മൾ വല്ലപ്പോഴും ചെയ്യുന്ന സന്നദ്ധ സേവനത്തിന്റെ ഉപകാരം സ്വീകരിക്കുന്നവരായി ദരിദ്രരെപ്പറ്റി നാം ചിന്തിച്ചേക്കാം. അല്ലെങ്കിൽ നമ്മുടെ മനസ്സാക്ഷിയെ ആശ്വസിപ്പിക്കാൻവേണ്ടി ചെയ്യുന്ന സ്വതന്ത്രമായ ഉദാരതയുടെ പ്രവർത്തനമായി നാം കരുതിയേക്കാം. എന്നിരുന്നാലും നല്ലതും ഉപകാരപ്രദവുമായ അത്തരം പ്രവൃത്തികൾ ജനങ്ങളുടെ ആവശ്യങ്ങളെക്കുറിച്ചും മിക്കപ്പോഴും അവയുടെ കാരണമായിരിക്കുന്ന അനീതിയെക്കുറിച്ചും നമ്മെ ബോധവാന്മാരാക്കും. അവ ദരിദ്രരുമായുള്ള യഥാർത്ഥമായ കണ്ടുമുട്ടലിലേക്കും പങ്കുവയ്ക്കലിലേക്കും നയിക്കണം. അത് ജീവിതമാർഗമായിത്തീരും. അത്തരം പരസ്നേഹത്തിലും പങ്കുവയ്ക്കലിലുമാണ് നമ്മുടെ പ്രാർത്ഥനയും ശിഷ്യത്വയാത്രയും മാനസാന്തരവും അവയുടെ സുവിശേഷാത്മക തനിമയെ യഥാർത്ഥത്തിൽ കണ്ടെത്തുന്നത്. ഈ ജീവിതരീതി സന്തോഷവും മനസ്സമാധാനവും നല്കുന്നു. എന്തെന്നാൽ നാം നമ്മുടെ കൈകൊണ്ട് ക്രിസ്തുവിന്റെ ശരീരത്തെയാണ് സ്പർശിക്കുന്നത്. നാം യഥാർത്ഥത്തിൽ ക്രിസ്തുവിനെ കണ്ടുമുട്ടാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ദരിദ്രരുടെ ശരീരങ്ങളിലുള്ള അവിടത്തെ ശരീരത്തെ സ്പർശിക്കണം. ദിവ്യകാരുണ്യത്തിൽ നല്കുന്ന കൗദാശിക കൂട്ടായ്മയോടുള്ള പ്രത്യുത്തരമെന്ന നിലയിൽ അങ്ങനെ ചെയ്യണം. വിശുദ്ധ ലിറ്റർജിയിൽ മുറിക്കപ്പെടുന്ന ക്രിസ്തുവിന്റെ ശരീരത്തെ, പരസ്നേഹത്തിലൂടെയും പങ്കുവയ്ക്കലിലൂടെയും, നമ്മുടെ സഹോദരീസഹോദരന്മാരിൽ ഏറ്റവും മുറിവേല്പി

ക്കപ്പെട്ടവരുടെ മുഖങ്ങളിൽ നമുക്കു കാണാം.

വിശുദ്ധ ജോൺ ക്രിസോസ്തോമിന്റെ മുന്നറിയിപ്പ് എക്കാലവും നിലനില്ക്കുന്നതാണ്: "നീ ക്രിസ്തുവിന്റെ ശരീരത്തെ ബഹുമാനിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അത് നഗ്നമായിരിക്കുമ്പോൾ അതിനെ പുഛിക്കരുത്. ദിവ്യ കാരുണ്യ ക്രിസ്തുവിനെ സിൽക്കു വസ്ത്രങ്ങൾ അണിയിച്ചിട്ട് പള്ളിയിൽനിന്നു പുറത്തുപോകുമ്പോൾ തണുപ്പും നഗ്നതയും അനുഭവിക്കുന്ന സഹിക്കുന്ന ക്രിസ്തുവിനെ അവഗണിക്കരുത്" (Hom in Mathaeum, 50:3 P.G. 58).

അതുകൊണ്ട് ദരിദ്രരുടെ അടുത്തേക്കു ചെല്ലാനും അവരെ കണ്ടുമുട്ടാനും അവരുടെ നോട്ടം സ്വീകരിക്കാനുംഅവരെ ആലിംഗനം ചെയ്യാനും അവരുടെ ഏകാന്തതയിലൂടെ കടന്നുപോകുന്ന സ്നേഹത്തിന്റെ ചൂട് അവരെ അനുഭവിപ്പിക്കാനും നാം വിളിക്കപ്പെട്ടിരിക്കുന്നു. വിരിച്ചുപിടിച്ച അവരുടെ കൈകൾ ഒരു ക്ഷണമാണ് – നമ്മുടെ തീർച്ചകളും ആശ്വാസങ്ങളും ഉപേക്ഷിച്ച് ഇറങ്ങിച്ചെല്ലാനും തനി ദാരിദ്ര്യത്തിന്റെ മൂല്യം അംഗീകരിക്കാനുമുള്ള ക്ഷണം.

4. ഒരു കാര്യം നാം ഒരിക്കലും മറക്കരുത്. ക്രിസ്തുവിന്റെ ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം ദാരിദ്യമെന്നത് ക്രിസ്തുവിനെ സർവോപരി അവിടത്തെ ദാരിദ്ര്യത്തിൽ അനുഗമിക്കുകയെന്നതാണ്. അതിന് അവിടത്തെ പിന്നാലെ അവിടത്തെ അരുകിൽ സഞ്ചരിക്കുകയെന്നതാണ്. സ്വർഗീയ സൗഭാഗ്യത്തിലേക്കു നയിക്കുന്ന യാത്രയാണത് ( മത്താ 5:3; ലൂക്കാ 6:20). ദാരിദ്ര്യത്തിന്റെ അർത്ഥം ഇതാണ്: നമ്മുടെ സൃഷ്ടിപരമായ പരിമിതികളും പാപപൂർണതയും അംഗീകരിക്കുന്ന വിനയപൂർണമായ ഒരു ഹൃദയമുണ്ടായിരിക്കുക. അങ്ങനെ സർവശക്തരും അമർത്ത്യരുമാണെന്നു തോന്നിപ്പിക്കുന്ന പ്രലോഭനത്തെ കീഴടക്കാൻ കഴിവുള്ളവരാകുക. ദാരിദ്ര്യം ആന്തരികമായ ഒരു മനോഭാവമാണ് – നമ്മുടെ ജീവിതലക്ഷ്യമായും നമ്മുടെ സന്തോഷത്തിന്റെ വ്യവസ്ഥയായും പണത്തെയും തൊഴിലിനെയും ആഢംബരത്തെയും കാണാതിരിക്കുന്ന മനോഭാവം. നമുക്കു പരിമിതികളുണ്ടെങ്കിലും ദൈവത്തിന്റെ അടുപ്പത്തോടും അവിടത്തെ കൃപയുടെ പിന്തുണയോടുംകൂടെ നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ഉത്തരവാദിത്വങ്ങളെ സ്വതന്ത്രമായി ഏറ്റെടുക്കാൻ തക്ക സാഹചര്യങ്ങളെ ദാരിദ്ര്യം സൃഷ്ടിക്കുന്നു. ദാരിദ്ര്യം ഈ വിധത്തിൽ മനസ്സിലാക്കപ്പെടുമ്പോൾ ഒരു അളവുകോലാണ്. ഭൗതിക വസ്തുക്കൾ ഏറ്റവും നന്നായി എങ്ങനെ ഉപയോഗിക്കാമെന്നും സ്വാർത്ഥതയില്ലാത്തതും അത്യാഗ്രഹമില്ലാത്തതുമായ ബന്ധങ്ങൾ എങ്ങനെ സ്ഥാപിക്കാമെന്നും തീരുമാനിക്കാൻ അതു സഹായിക്കുന്നു (cf കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, നമ്പർ 25–45).

അതുകൊണ്ട് വിശുദ്ധ ഫ്രാൻസിസ് അസീസിയെയും യഥാർത്ഥ ദാരിദ്ര്യത്തിന് അദ്ദേഹം നല്കിയ സാക്ഷ്യത്തെയും നമുക്കു മാതൃകയായി സ്വീകരിക്കാം. ക്രിസ്തുവിൽ നോട്ടം ഉറപ്പിച്ചതു കൊണ്ടുമാത്രമാണ് ദരിദ്രരിൽ അവിടത്തെ കാണാനും അവരെ സേവിക്കാനും ഫ്രാൻസിസ് അസീസിക്കു

കഴിഞ്ഞത്. ചരിത്രത്തെ പരിവർത്തനം ചെയ്യിക്കാനും യഥാർത്ഥ വികസനത്തെ വളർത്താനും നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ നാം ദരിദ്രരുടെ വിലാപം ശ്രവിക്കണം. അവരുടെ പാർശ്വവത്കരണം അവസാനിപ്പിക്കാൻ നാം സ്വയം സമർപ്പിക്കുകയും വേണം. അതേ സമയം, അനുദിന ജീവിതത്തിന്റെ ഭാഗമായിരിക്കുന്ന സുവിശേഷാത്മക ദാരിദ്ര്യത്തിന്റെ ബോധം നഷ്ടപ്പെടുത്തരുതെന്ന് നമ്മുടെ നഗരങ്ങളിലും സമൂഹങ്ങളിലുമുള്ള ദരിദ്രരോട് ഞാൻ ആവശ്യപ്പെടുന്നു.

5. എന്തുകൊണ്ടാണ് ദാരിദ്ര്യമുണ്ടാകുന്നതെന്ന് നമ്മുടെ സമകാലീന ലോകത്തിന് കാണാൻ പ്രയാസമുണ്ടെന്ന് നമുക്കറിയാം. എന്നാലും വിവിധ രീതികളിൽ അത് നമ്മെ അനുദിനം വെല്ലുവിളിക്കുന്നു: സഹനം, പാർശ്വവത്കരണം, ഞെരുക്കൽ, അക്രമം, പീഡനം, ജയിലിലടയ്ക്കൽ, യുദ്ധം, സ്വാതന്ത്ര്യവും മഹത്ത്വവും നശിപ്പിക്കൽ, അജ്ഞത, അനക്ഷരത, ചികിത്സാപരമായ അത്യാവശ്യങ്ങൾ, തൊഴിലില്ലായ്മ, മനുഷ്യക്കടത്ത്, അടിമത്തം, പരദേശവാസം, കടുത്ത ദാരിദ്ര്യം, കുടിയേറ്റം. അധമ താത്പര്യങ്ങൾക്കുവേണ്ടി ചൂഷണം ചെയ്യപ്പെടുന്ന സ്ത്രീ പുരുഷന്മാരുടെയും കുട്ടികളുടെയും മുഖം ദാരിദ്ര്യത്തിനുണ്ട്. അവർ അധികാരത്തിന്റെയും പണത്തിന്റെയും യാന്ത്രികതമൂലം ഞെരുക്കപ്പെടുന്നവരാണ്. സാമൂഹിക അനീതിയുടെയും ധാർമ്മികാധ:പതനത്തിന്റെയും ചുരുക്കം ചിലരുടെ അത്യാഗ്രഹത്തിന്റെയും പൊതുവാക്കപ്പെട്ട നിസ്സംഗതയുടെയും ഫലമായി ഉണ്ടാകുന്ന ദാരിദ്ര്യത്തെക്കൂടി ഉൾപ്പെടുത്തിയാൽ ദാരിദ്ര്യത്തിന്റെ പട്ടിക അനന്തമായിരിക്കും.

ദുരന്തപരമായ ഒരു വസ്തുതയുണ്ട്. നമ്മുടെ കാലഘട്ടത്തിൽ വിശേഷാനുകൂല്യമുള്ള ചുരുക്കം ചിലരുടെ കൈകളിൽ വിസ്മയമാംവിധം സമ്പത്ത് കുന്നുകൂടുന്നു. മിക്കപ്പോഴും നിയമവിരുദ്ധ പ്രവർത്തനം വഴിയും മനുഷ്യമഹത്ത്വത്തെ ഭയാനകമാംവിധം ചൂഷണം ചെയ്യുന്നതുവഴിയുമാണ് അതുസംഭവിക്കുന്നത്. എന്നാലും ലോകത്ത് എവിടെയും സമൂഹത്തിലെ വലിയ വിഭാഗങ്ങളിൽ ദാരിദ്ര്യത്തിന്റെ ഉതപ്പുണ്ടാക്കുന്ന വളർച്ച കാണുന്നു. ഈ രംഗം കാണുമ്പോൾ നമുക്ക് നിസ്സംഗരായിരിക്കാൻ സാധ്യമല്ല. മാറി നില്ക്കാൻ അത്രപോലും സാധ്യമല്ല. അനേകം യുവജനങ്ങളുടെ സംരംഭകചൈതന്യത്തെ ശ്വാസംമുട്ടിക്കുന്ന ദാരിദ്ര്യമുണ്ട്. തൊഴിൽ കണ്ടെത്തുന്നതിൽനിന്ന് അവരെ തടയുന്നതുകൊണ്ട് അങ്ങനെ സംഭവിക്കുന്നു. വ്യക്തിപരമായ ഉത്തരവാദിത്വത്തെ നിരുന്മേഷപരമാക്കുകയും, നമ്മൾ ആനുകൂല്യങ്ങൾ അന്വേഷിച്ചുനടക്കുകയും തൊഴിൽ മറ്റുള്ളവരെ ഏല്പിക്കുകയും ചെയ്യുന്ന ദാരിദ്ര്യമുണ്ട്. ഭാഗഭാഗിത്വത്തിന്റെ ജലാശയങ്ങളിൽ വിഷം കലർത്തുകയും പ്രൊഫഷണലിസത്തിന് സ്ഥാനം നല്കാതിരിക്കുകയും ചെയ്യുന്ന ദാരിദ്ര്യമുണ്ട്. അത് അപ്രകാരം ജോലിചെയ്യുന്ന ഉത്പാദനക്ഷമതയുള്ളവരുടെ യോഗ്യതയെ തരം താഴ്ത്തുന്നു. ജീവിതത്തെയും സമൂഹത്തെയും സംബന്ധിച്ചുള്ള

പുതിയൊരു ദർശനത്തോടെ ദാരിദ്ര്യത്തിന്റെ ഈ രൂപങ്ങളോടെല്ലാം നാം പ്രത്യുത്തരിക്കണം.

വാഴ്ത്തപ്പെട്ട പോൾ ആറാമൻ മാർപാപ്പ പറയാൻ ഇഷ്ടപ്പെട്ടിരുന്നതു പോലെ എല്ലാ ദരിദ്രരും "സുവിശേഷാത്മകമായ അവകാശംവഴി" (രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ രണ്ടാം സെഷന്റെ ആരംഭത്തിൽ, 29 സെപ്തംബർ 1963-ൽ നടത്തിയ പ്രഭാഷണത്തിൽ) സഭയുടേതാണ്. അവരോട് മൗലികമായ പ്രത്യേക സ്നേഹം പ്രദർശിപ്പിക്കാൻ ഈ വസ്തുത നമ്മോട് ആവശ്യപ്പെടുന്നു. അതുകൊണ്ട് ദരിദ്രരെ ആലിംഗനം ചെയ്യുകയും അവരെ സഹായിക്കുകയും ചെയ്യുന്ന തുറന്ന കൈകൾ ഭാഗ്യമുള്ളവ: പ്രത്യാശ പകരുന്നു കൈകളാണ വ.സംസ്കാരം, മതം, ദേശീയത എന്നിവയുടെ സകല തടസ്സങ്ങളെയും അതിലംഘിച്ച് മനുഷ്യവർഗത്തിന്റെ മുറിവുകളിൽ ആശ്വാസത്തിന്റെ തൈലം ഒഴിക്കുകയും ചെയ്യുന്ന കൈകൾ ഭാഗ്യമുള്ളവ. പകരമായി ഒന്നും ചോദിക്കാതെ "എങ്കിൽ", "എന്നാൽ" "ഒരുപക്ഷേ" എന്നൊക്കെപറയാത്ത തുറന്ന കൈകൾ ഭാഗ്യമുള്ളവ. സ്വന്തം സഹോദരീ സഹോദരന്മാരുടെ മേൽ ദൈവാനുഗ്രഹം വിളിച്ചുവരുത്തുന്ന കൈകളാണവ.

6. കാരുണ്യജൂബിലിയുടെ സമാപനത്തിൽ "ദരിദ്രരുടെ ഒരു ലോകദിനം" സഭയ്ക്കു നല്കാൻ ഞാൻ ആഗ്രഹിച്ചു. ലോകത്ത് എവിടെയും ക്രൈസ്തവ സമൂഹങ്ങൾ എളിയവരും ഏറ്റവും ആവശ്യത്തിൽപ്പെട്ടവരുമായ മനുഷ്യർക്ക് ക്രിസ്തുവിന്റെ പരസ്നേഹത്തിന്റെ മഹോന്നതമായ അടയാളമായിരിക്കുന്നതിനുവേണ്ടിയാണത്. എന്റെ മുൻഗാമികൾ ലോകദിനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അവയെല്ലാം നമ്മുടെ സമൂഹങ്ങളുടെ ജീവിതത്തിന്റെ പാരമ്പര്യങ്ങളായിത്തീർന്നിട്ടുമുണ്ട്. അവയോട് ദരിദ്രരോടുള്ള യേശുവിന്റെ പ്രത്യേക സ്നേഹം എന്ന അതിവിശിഷ്ടമായ സുവിശേഷാത്മക പൂർണത ചേർത്തുവയ്ക്കുന്ന ഈ ദിനവും കൂട്ടിച്ചേർക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

തങ്ങളുടെ കൈകൾ നീട്ടുകയും നമ്മുടെ സഹായവും ഐക്യദാർഢ്യവും യാചിക്കുകയും ചെയ്യുന്ന എല്ലാവരിലേക്കും ഈ ദിവസം നോക്കാൻ മുഴുവൻസഭയെയും എല്ലായിടത്തുമുള്ള സന്മനസുള്ള സ്ത്രീ പുരുഷന്മാരെയും ഞാൻ ക്ഷണിക്കുന്നു. അവർ എല്ലാവരും നമ്മുടെ സഹോദരീ സഹോദരന്മാരാണ്; ഏക സ്വർഗീയപിതാവിനാൽ സൃഷ്ടിക്കപ്പെട്ടവരും സ്നേഹിക്കപ്പെട്ടവരുമാണ്. ഈ ദിനാചരണം കൊണ്ട് സർവോപരി ഉദ്ദേശിക്കുന്നത് ഇതാണ്: തള്ളിക്കളയലിന്റെയും പാഴാക്കലിന്റെയും സംസ്കാരത്തിനെതിരേ പ്രതികരിക്കാനും കണ്ടുമുട്ടലിന്റെ സംസ്കാരത്തെ ആലിംഗനം ചെയ്യാനും വിശ്വാസികളെ പ്രോത്സാഹിപ്പിക്കുക. അതേസമയം ഓരോവ്യക്തിയും മതത്തിന് അതീതമായി തുറവിയുള്ളവനും ഐക്യദാർഢ്യത്തിന്റെയും സാഹോദര്യത്തിന്റെയും വസ്തുനിഷ്ഠമായ അടയാളങ്ങളിലൂടെ പങ്കുവയ്ക്കുന്നവനുമാകാൻ ക്ഷണിക്കപ്പെടുന്നു. ദൈവം

ആകാശവും ഭൂമിയും എല്ലാവർക്കുംവേണ്ടി സൃഷ്ടിച്ചു. എന്നാലും ആരെയും ഒഴിവാക്കാതെ മുഴുവൻ മനുഷ്യവംശത്തിനും വേണ്ടിയുള്ള യഥാർത്ഥ ദാനത്തെ ചിലർ ഒറ്റിക്കൊടുത്തുകൊണ്ട് തടസ്സങ്ങളും ഭിത്തികളും വേലികളും നിർമ്മിക്കുന്നുവെന്നത് ദു:ഖകരമാണ്.

7. ലോക ദരിദ്രദിനാചരണം ഇക്കൊല്ലം നവംബർ 19-നാണ്. അതിനുമുമ്പുള്ള ആഴ്ചയിൽ ക്രൈസ്തവ സമൂഹങ്ങൾ സൗഹൃദത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും മൂർത്തമായ സഹായത്തിന്റെയും എല്ലാ പരിശ്രമവും ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ആ ഞായറാഴ്ച ദിവസം ദിവ്യബലിയിൽ ഒന്നിച്ചു പങ്കുചേരാൻ പാവപ്പെട്ടവരെയും സന്നദ്ധസേവകരെയും അവർക്ക് ക്ഷണിക്കാം. അങ്ങനെ തുടർന്നുവരുന്ന ഞായറാഴ്ച സാർവത്രിക രാജാവായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ തിരുനാൾ കൂടുതൽ ആത്മാർത്ഥതയുള്ള ആഘോഷമായി മാറും. ക്രിസ്തുവിന്റെ രാജത്വം ഗാഗുൽത്തായിലാണ് ഏറ്റവും അധികം വ്യക്തമാകുന്നത്. നിഷ്കളങ്കനായവൻ അവിടെ ക്രൂശിതനും ദരിദ്രനും നഗ്നനും എല്ലാം പിടിച്ചുപറിക്കപ്പെട്ടവനുമായി ദൈവസ്നേഹത്തിന്റെ പൂർണതയുടെ അവതാര മാകുകയും അതിനെ വെളിപ്പെടുത്തുകയും ചെയ്യുന്നു. യേശു പിതാവിന് പൂർണമായി സ്വയം സമർപ്പിച്ചു. അത് അവിടത്തെ കടുത്ത ദാരിദ്ര്യത്തെ പ്രകടമാക്കുന്നു; ഉത്ഥാന ദിവസം നവജീവിതത്തിലേക്ക് അവിടത്തെ ഉണർത്തുന്ന സ്നേഹത്തിന്റെ ശക്തിയെ വെളിപ്പെടുത്തുകയും ചെയ്യുന്നു.

ആ ഞായറാഴ്ച ദിവസം നമ്മൾ വസിക്കുന്നിടത്ത്, സംരക്ഷണവും സഹായവും അന്വേഷിക്കുന്ന പാവപ്പെട്ടവരുണ്ടെങ്കിൽ നമ്മൾ അവരിലേക്ക് അടുക്കണം. നാം അന്വേഷിക്കുന്ന ദൈവത്തെ കണ്ടുമുട്ടാൻ അനുകൂലമായ ഒരു നിമിഷമായിരിക്കും അത്. വിശുദ്ധ ലിഖിതത്തിലെ പ്രബോധനമനുസരിച്ച് (cf. ഉത്പ. 18:3-5; ഹെബ്രാ. 13:2) അവരെ ബഹുമാന്യരായ അതിഥികളായി ഭക്ഷണമേശയിലേക്കു ക്ഷണിക്കണം. കൂടുതൽ സ്ഥിരതയോടെ വിശ്വാസം ജീവിക്കാൻ നമ്മെ പഠിപ്പിക്കുന്ന അധ്യാപക രായിരിക്കും അവർ. ലളിത ജീവിതം നയിക്കുകയും ദൈവപരിപാലനയ്ക്ക് സ്വയം കൈയാളിക്കുകയും ചെയ്യുന്നത് എത്ര മാത്രം ആവശ്യകമെന്ന്, സഹായം സ്വീകരിക്കാനുള്ള തങ്ങളുടെ ആശ്ര യത്വവും സന്നദ്ധതയും കൊണ്ട് നിശ്ശബ്ദവും ആനന്ദപൂർണവുമായ രീതി യിൽ അവർ നമുക്കു കാണിച്ചു തരുന്നു.

8. ആ ദിവസം വസ്തുനിഷ്ഠമായ പല സംരംഭങ്ങളും ഉണ്ടാകണം. അവയുടെ മധ്യേ എപ്പോഴും ഉണ്ടായിരിക്കേണ്ടത് പ്രാർത്ഥനയാണ്. "സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർത്ഥന ദരിദ്രരുടെ പ്രാർത്ഥനയാണെന്ന കാര്യം നമുക്കു മറക്കാതിരിക്കാം. നമ്മൾ അപ്പത്തിനുവേണ്ടി യാചിക്കുന്നു. ജീവിതത്തിലെ പ്രാഥമികാവശ്യങ്ങൾക്ക് നാം ദൈവത്തെ ആശ്രയിക്കുന്നുവെന്ന് അതു വ്യക്തമാക്കുന്നു. ഈ പ്രാർത്ഥനയിൽ യേശു പഠിപ്പിച്ച എല്ലാ കാര്യങ്ങളും ജീവിതത്തിലെ അനിശ്ചിതത്വങ്ങളും

ആവശ്യമായിരിക്കുന്നവയുടെ അഭാവവും മൂലം സഹിക്കുന്ന സകലരുടെയും വിലാപത്തെ പ്രകടിപ്പി ക്കുകയും ഒന്നിപ്പിക്കുകയും ചെയ്യുന്നു. ശിഷ്യന്മാർ യേശുവിനോട് പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെന്ന് അപേക്ഷിച്ചു. നമ്മുടെ ഏകപിതാവിനോട് ദരിദ്രർ അപേക്ഷിക്കുന്ന വാക്കുകളിൽ അവിടന്ന് മറുപടി നല്കി. ആ പിതാവിൽ എല്ലാവരും സഹോദരീസഹോദരന്മാരായി സ്വയം അംഗീകരി ക്കുന്നു. “സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ” എന്ന പ്രാർത്ഥന ബഹുവചനം ഉപയോഗിച്ചു ചൊല്ലുന്ന ഒന്നാണ്. നാം യാചിക്കുന്ന അപ്പം “ഞങ്ങൾക്കു” വേണ്ടിയുള്ള അപ്പമാണ്. അത് പങ്കുവയ്ക്കലും സംയുക്തമായ ഉത്തരവാദിത്വവും ഉള്ളതാണ്. പരസ്പരസ്വീകരണത്തിന്റെ സന്തോഷത്തിലേക്കു പ്രവേശിക്കാൻ സ്വാർത്ഥതയുടെ എല്ലാ രൂപങ്ങളെയും കീഴടക്കുക നമ്മുടെ ആവശ്യമാണെന്ന് ഈ പ്രാർത്ഥനയിൽ നമ്മൾ എല്ലാവരും അംഗീകരിക്കുന്നു.

9. ദരിദ്രരെ പിന്തുണയ്ക്കാനുള്ള ദൗത്യം ദൈവവിളി വഴി സ്വീകരിച്ചിട്ടുള്ളവരും എന്റെ സഹോദരരുമായ മെത്രാന്മാരോടും എല്ലാ വൈദികരോടും ഡീക്കന്മാരോടും എല്ലായിടത്തുമുള്ള സമർപ്പിതരോടും എല്ലാ സംഘടനകളോടും പ്രസ്ഥാനങ്ങളോടും സന്നദ്ധസേവകരോടും ഞാൻ ഒരു കാര്യം ആവശ്യപ്പെടുന്നു – ഈ ലോകദരിദ്രദിനത്തെ ഇന്നത്തെ ലോകത്ത് സുവിശേഷവത്കരണത്തെ വസ്തുനിഷ്ഠമായി സഹായിക്കുന്ന ഒരു പാരമ്പര്യമാക്കിത്തീർക്കാൻ സഹായിക്കണം.

അതുകൊണ്ട് ഈ പുതിയ ലോകദിനാചരണം വിശ്വാസികളെന്ന നിലയിലുള്ള നമ്മുടെ മനസ്സാക്ഷിയോടുള്ള സുശക്തമായ അഭ്യർത്ഥനയായി ത്തീരണം. ദരിദ്രരുമായുള്ള പങ്കുവയ്ക്കൽ സുവിശേഷത്തിന്റെ ഏറ്റവും അഗാധമായ സത്യത്തെ മനസ്സിലാക്കാൻ നമ്മെ സഹായിക്കുമെന്ന അവബോധത്തിൽ വളരാൻ അതു സഹായിക്കും. പാവപ്പെട്ടവർ ഒരു പ്രശ്നമല്ല: അവർ ഒരു ഉറവിടമാണ്. സുവിശേഷത്തിന്റെ സാരാംശത്തെ സ്വീകരിക്കാനും നമ്മുടെ ജീവിതത്തിൽ പ്രയോഗത്തിലാക്കാനും നാം പരിശ്രമിക്കുമ്പോൾ നമ്മെ സഹായിക്കുന്ന ഉറവിടം തന്നെ.

വത്തിക്കാനിൽനിന്ന് 13 ജൂൺ 2017

പാദുവായിലെ വിശുദ്ധ ആന്റണിയെ സ്മരിക്കുന്ന ദിവസം

**ഫ്രാൻസിസ് മാർപാപ്പ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

---

NB: 2017 ഡിസംബർ മാസത്തിലെ ഏതെങ്കിലും ഞായറാഴ്ചകളിൽ ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

# LETTER OF THE HOLY FATHER POPE FRANCIS TO THE BISHOPS IN INDIA

Dear Brother Bishops,

1. The remarkable varietas Ecclesiarum, the result of a long historical, cultural, spiritual and disciplinary development, constitutes a treasure of the Church, regina in vestitu deaurato circumdata variegate (cf. Ps 44 and Leo XIII, Orientalium Dignitas), who awaits her groom with the fidelity and patience of the wise virgin, equipped with an abundant supply of oil, so that the light of her lamp may enlighten all peoples in the long night of awaiting the Lord's coming.

   This variety of ecclesial life, which shines with great splendour throughout lands and nations, is also found in India. The Catholic Church in India has its origins in the preaching of the Apostle Thomas. It developed through contact with the Churches of Chaldean and Antiochian traditions and, from the sixteenth century onward, through the efforts of Latin missionaries. The history of Christianity in this great country thus led to three distinct sui iuris Churches, corresponding to ecclesial expressions of the same faith celebrated in different rites according to the three liturgical, spiritual, theological and disciplinary traditions. Although this situation has sometimes led to tensions in the course of history, today we can admire a Christian presence that is both rich and beautiful, complex and unique.

2. It is essential for the Catholic Church to reveal her face in all its beauty to the world, in the richness of her various traditions. For this reason the Congregation for the Oriental Churches, which celebrates its centenary year, having been established through the farsightedness of Pope Benedict XV in 1917, has encouraged, where necessary, the restoration of Eastern Catholic traditions, and ensured their protection, as well as respect for the dignity and rights of these ancient Churches.

3. The Second Vatican Council embraced this vision of the Church and reminded the faithful of the need to protect and preserve the treasure of the particular traditions of each Church. "Moreover, within the Church particular Churches hold a rightful place; these Churches retain their own traditions, without in any way opposing the primacy of the Chair of

Peter, which presides over the whole assembly of charity (cf. Ignatius of Antioch, Ad Rom., Praef.), and protects legitimate differences, while at the same time assuring that such differences do not hinder unity but rather contribute toward it" (Lumen Gentium, 13).

4. As Lumen Gentium teaches, it is for the Bishop of Rome to promote unity in the diversity of the Body of Christ. In this task, the Roman Pontiffs faithfully interpret and apply the voice of the Second Vatican Council, which expressed the ardent desire that the Oriental Churches, venerated for their antiquity, should "flourish and with new apostolic vigour execute the task entrusted to them" (Orientalium Ecclesiarum, 1). Their responsibility is not only to become ever more effective instruments of that "special duty of promoting the unity of all Christians, especially Eastern Christians" (Orientalium Ecclesiarum, 24), but also to promote their "equal dignity […] for they enjoy the same rights and are under the same obligations, also in respect of preaching the Gospel to the whole world" (Orientalium Ecclesiarum, 3).

   Thirty years ago, my beloved predecessor Saint John Paul II wrote a Letter to the Bishops of India. Drawing on the Second Vatican Council, he sought to apply the conciliar teaching to the Indian context. In India, even after many centuries, Christians are only a small proportion of the population and, consequently, there is a particular need to demonstrate unity and to avoid any semblance of division. Saint John Paul II also stated that the need for unity and the preservation of diversity are not opposed to one another: "This need to be faithful to the traditions and patrimony of one's own rite must not be interpreted as an interference with the Church's task of 'gathering into one the children of God who are scattered abroad' (Jn 11:52) or with the mission of the Church to promote the communion of all people with the Redeemer" (Epistula ad Indiae Episcopos, 28 May 1987).

5. Five decades ago, when the Syro-Malabar Church expanded to some central and northern parts of India with "missionary eparchies", it was generally thought by the Latin Bishops that there should be just one jurisdiction, that is, one bishop in a particular territory. These eparchies, created from Latin dioceses, today have exclusive jurisdiction over those territories, both of the Latin and Syro-Malabar faithful. However, both

in the traditional territories of the Eastern Churches, as well as in the vast area of the so-called diaspora (where these faithful have long been established), a fruitful and harmonious cooperation between Catholic bishops of the different sui iuris Churches within the same territory has taken place. This cooperation not only offers an ecclesiological justification for such a solution, but also demonstrates its pastoral benefits. In a world where large numbers of Christians are forced to migrate, overlapping jurisdictions have become customary and are increasingly effective tools for ensuring the pastoral care of the faithful while also ensuring full respect for their ecclesial traditions.

6. In India itself, overlapping jurisdictions should no longer be problematic, for the Church has experienced them for some time, such as in Kerala. Saint John Paul II's Letter authorized the erection of a Syro-Malabar eparchy in the Bombay-Pune region, which became the Eparchy of Kalyan. In 2012 the Syro-Malabar Eparchy of Faridabad was erected in the region of Delhi and its neighbouring states, while the boundaries of the Eparchy of Mandya were extended in 2015 to include the metropolitan area of Bangalore. In the same year, an Eparchy and an Apostolic Exarchate were erected for the Syro-Malankar faithful, so that by these ecclesiastical circumscriptions the Syro-Malankar Church could provide pastoral care for its faithful throughout the territory of India. All these developments show that, albeit not without problems, the presence of a number of bishops in the same area does not compromise the mission of the Church. On the contrary, these steps have given greater impetus to the local Churches for their pastoral and missionary efforts.

7. In 2011 my predecessor Benedict XVI wished to provide for the pastoral needs of the Syro-Malabar faithful throughout India, and I confirmed his intention following the plenary session of the Congregation for the Oriental Churches in 2013. Bishop Raphael Thattil is currently the Apostolic Visitor for those Syro-Malabar faithful in India who live outside their own territory, and he has provided detailed reports to the Apostolic See. This issue has been examined in meetings at the highest levels of the Church. Following these steps, I believe the time is now right to complete this process.

I have therefore authorized the Congregation for the Oriental Churches to provide for the pastoral care of the Syro-Malabar faithful throughout India by the erection of two Eparchies and by the extension of the boundaries of the two already in existence.

I decree also that the new circumscriptions, as with those already in existence, be entrusted to the pastoral care of the Major Archbishop of Ernakulam-Angamaly and to the Synod of Bishops of the Syro-Malabar Church, according to the norms of the Code of Canons of the Eastern Churches.

8. I hope that my decision will be welcomed with a generous and peaceful spirit, although it may be a source of apprehension for some, since many Syro-Malabars, deprived of pastoral care in their own rite, are at present fully involved in the life of the Latin Church. I am convinced, however, that all those involved will understand that there is no need for concern: the Church's life should not be disrupted by such a provision. Indeed it must not be negatively interpreted as imposing upon the faithful a requirement to leave the communities which have welcomed them, sometimes for many generations, and to which they have contributed in various ways. It should rather be seen as an invitation as well as an opportunity for growth in faith and communion with their sui iuris Church, in order to preserve the precious heritage of their rite and to pass it on to future generations. There is already an instruction by the Congregation for the Oriental Churches to the Eparchy of Faridabad, which indicates that a member of the Syro-Malabar faithful, by virtue of the same law, is also a member of the Syro-Malabar parish where he or she is domiciled (Code of Canons of the Eastern Churches, Can, 280 §1); yet at the same time, he or she can remain fully involved in the life and activities of the parish of the Latin Church. No dispensation is required from the law currently in force for the faithful to practice their faith serenely, and they may do this with the pastoral care of either Latin or Syro-Malabar pastors (cf. Prot. No. 197/2014, 28 January 2016).

9. The path of the Catholic Church in India cannot be that of isolation and separation, but rather of respect and cooperation. The presence of several bishops of the various sui iuris Churches in the same territory will surely offer an eloquent witness to a vibrant and marvellous

communion. This is the vision of the Second Vatican Council, which I quote once again: “Between all the parts of the Church there remains a bond of close communion whereby they share spiritual riches, apostolic workers and temporal resources. For the members of the people of God are called to share these goods in common, and of each of the Churches the words of the Apostle hold good: ‘According to the gift that each has received, administer it to one another as good stewards of the manifold grace of God’ (1 Pet 4:10)” (Lumen Gentium, 13). It is in this spirit that I urge all the beloved Churches in India to be generous and courageous as they witness to the Gospel in the spirit of fraternity and mutual love. For the Syro-Malabar Church, this continues the valued work of their priests and religious in the Latin context, and sustains their availability for those Syro-Malabar faithful who, although choosing to attend Latin parishes, may request some assistance from their Church of origin. The Latin rite Church can continue to generously offer hospitality to members of the Syro-Malabar communities who do not have church buildings of their own. The cooperation among all the sui iuris Churches should continue, for example in the area of retreats and seminars for clergy, Bible conferences, celebrations of common feast days and ecumenical endeavours. With the growth of spiritual friendship and mutual assistance, any tension or apprehension should be swiftly overcome. May this extension of the pastoral area of the Syro-Malabar Church in no way be perceived as a growth in power and domination, but as a call to deeper communion, which should never be perceived as uniformity. In the words of Saint Augustine, who sang the praises of the Trinity and of the wonderful communion of the Father, the Son and the Holy Spirit, I also ask you: dilatentur spatia caritatis (Sermon 69, PL 5, 440.441). May there be a growth in love, communion and service.

Dear brother Bishops, I commend all of you to the intercession of the Blessed Virgin Mary and I assure you of my closeness in prayer. To all of you, the Church and the faithful in India, I impart my Apostolic Blessing, and I ask that you pray for me.

From the Vatican, 9 October 2017

FRANCIS

Prot. No. 1937/2017

# സീറോ മലബാർ മിഷൻ വാരാചരണം
## (2018 ജനുവരി 6 – 12)

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കുംതന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നഎല്ലാ ദൈവജനത്തിനും എഴുതുന്നത്. ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,ഈശോയുടെ ദനഹാതിരുനാളായ ജനുവരി 06 മുതൽ 12 വരെ സീറോമലബാർ സഭ പ്രേഷിതവാരമായി ആചരിക്കുകയാണല്ലോ. നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോ. 16:15) എന്ന ഈശോയുടെ വചസ്സുകൾ ശിരസ്സാവഹിച്ചുകൊണ്ട് കർത്താവിന്റെ മുന്തിരിത്തോപ്പിൽ വേലചെയ്യാനായി ഇറങ്ങിത്തിരിച്ചിരിക്കുന്ന നമ്മുടെസഹോദരങ്ങളെ ഓർക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള ഒരവസരമായിട്ടാണ് പ്രേഷിതവാരത്തെ സഭ വീക്ഷിക്കുന്നത്. സഭ സ്വഭാവത്താലെ പ്രേഷിതയാണ് (അ. പ്ര. 2) എന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പഠനത്തോട് ചേർന്നുപോകുന്ന രീതിയിൽ സീറോ മലബാർ സഭ ലോകത്തിന്റെ നാനാഭാഗങ്ങളിൽ വിശിഷ്യ, ഭാരതത്തിന്റെ വിവിധ കോണുകളിൽസുവിശേഷചൈതന്യം നിറയ്ക്കുവാനായി ബദ്ധശ്രദ്ധയാണ്. എന്തെന്നാൽ നമ്മുടെസഭയുടെ പ്രധാന ദൈവവിളിതന്നെ പ്രേഷിതപ്രവർത്തനമാണെന്നയാഥാർത്ഥ്യം നമ്മൾ തിരിച്ചറിഞ്ഞിരിക്കുന്നു. നമ്മിലുള്ള പ്രേഷിതതീക്ഷ്ണതയുടെ കനലുകൾ ഇനിയും നമ്മൾ ഊതികത്തിക്കേണ്ടിയിരിക്കുന്നു. അതിന് പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ നമ്മിലും സഭയിലും കൂടുതലായി വർഷിക്കപ്പെടുവാൻ തുടർന്നും പ്രാർത്ഥിക്കണം.യുവജനമാണ് പ്രേഷിതത്വത്തിന്റെ പ്രത്യാശ. അവരുടെ ഭാവനാശക്തിയും സർഗ്ഗാത്മകതയും പ്രേഷിതപ്രവർത്തനത്തിനായി പ്രയോജനപ്പെടുത്തുവാൻ സഭ ആഗ്രഹിക്കുന്നു. യുവാവായ ഈശോ എന്ന വ്യക്തിയും അവിടുന്ന് പ്രഘോഷിച്ച സദ്വാർത്തയും അനേകം യുവജനങ്ങളെ ഇന്നും ആകർഷിച്ചുകൊണ്ടിരിക്കുന്നു. 2018–ൽ റോമിൽവച്ചു നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ ചർച്ചാവിഷയവുംയുവജനങ്ങൾ തന്നെയാണ് എന്നത് യുവജനങ്ങളിൽ സഭ എത്രമാത്രം പ്രത്യാശയും പ്രതീക്ഷയും അർപ്പിക്കുന്നു എന്നതിനുള്ള തെളിവാണ്. യുവജനം: വിശ്വാസവും വിളിയെക്കുറിച്ചുള്ള തിരിച്ചറിയലും എന്ന പ്രമേയത്തെ ആധാരമാക്കിയുള്ള സിനഡിന്റെ

വിജയത്തിനും ഫലദായകത്വത്തിനും വേണ്ടി നമുക്ക്പ്രാർത്ഥിക്കാം. എറണാകുളം അതിരൂപതയിൽ പുല്ലുവഴി എന്നഗ്രാമത്തിൽ ജനിച്ച സി.റാണി മരിയ പ്രേഷിതപ്രവർത്തനത്തിന്റെ ഉദാത്തമാതൃകയാണ്. 1992 ഫെബ്രുവരി 25-ന് സമീന്ദർസിംഗ് എന്ന വാടകകൊലയാളിയാൽ ഇൻഡോറിലെ ഉദയനഗറിൽ രക്തസാക്ഷിത്വം വരിച്ച സിസ്റ്ററിന്റെ വീരോചിതമായ ഉപവിപ്രവർത്തനങ്ങൾ പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്തുവാനും അനേകരെ ക്രിസ്തുവിലേക്ക് ആനയിക്കുവാനും ഇടയാക്കി. ഈശോയോടുള്ള വ്യക്തിപരമായ സ്നേഹമായിരുന്നു അവളുടെ പ്രേഷിതപ്രവർത്തനത്തനങ്ങളുടെ അന്തസത്തയായി പ്രവർത്തിച്ചത്. സിസ്റ്ററിന്റെ പ്രേഷിതതീക്ഷ്ണതയും ആത്മത്യാഗവുംലോകത്തിന്റെ വിവിധഭാഗങ്ങളിൽ പ്രേഷിതവേലചെയ്യുന്ന സമർപ്പിതർക്ക് ശക്തിയുംകരുത്തും പകരട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിന്റെ രജതജൂബിലി വർഷത്തിലാണല്ലോ നമ്മൾ. ഈ അവസരത്തിൽ നമ്മുടെ സഭയ്ക്ക് ഇന്ത്യ മുഴുവൻ അജപാലനവും സുവിശേഷപ്രഘോഷണവും നടത്തുവാനുള്ള അധികാരം പരിശുദ്ധപിതാവ് നൽകിയിരിക്കുന്നുവെന്നത് ഇരട്ടി സന്തോഷത്തിന് കാരണമാണ്. പുതിയതായി ലഭിച്ചിരിക്കുന്ന അജപാലന-സുവിശേഷപ്രഘോഷണാധികാരം ഭാരതം മുഴുവനും സുവിശേഷപ്രഘോഷിക്കുവാനുള്ള നമ്മുടെ ഉത്തരവാദിത്വത്തെ കൂടുതൽ വർദ്ധിപ്പിച്ചിരിക്കുന്നു. ആയതിനാൽ സഭയുടെ വളർച്ചക്കും ഉന്നമനത്തിനുംവേണ്ടി ഒന്നായിമുന്നോട്ട് നീങ്ങുവാൻ നാമെല്ലാവരും കടപ്പെട്ടിരിക്കുന്നു. സഭാമക്കൾ കൂടുതൽ പ്രേഷിതതീഷ്ണതയോടെ പ്രവർത്തിക്കുവാനും കൂടുതൽ ദൈവവിളികൾ ഉണ്ടാകുവാനും മിഷൻചൈതന്യത്തിൽ ജീവിക്കുവാനും നമുക്ക് പരിശ്രമിക്കുകയുംപ്രാർത്ഥിക്കുകയും ചെയ്യാം.

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2017-ാം മാണ്ട് നവംബർ മാസം 3 -ാം തീയതി നൽകപ്പെട്ടത്.

---

NB: 1.2018 ജനുവരി 7-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. ഓരോ ഇടവകയിലും, സ്ഥാപനങ്ങളിലും മിഷൻവാരാചരണം ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.
3. സീറോ മലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്നസംഭാവനകൾ രൂപതാകേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോ മലബാർ മിഷൻ ഓഫീസിൽ 2018 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.



# കച്ചേരി കാര്യങ്ങൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | |
|---|---|---|
| ഡിസംബർ | 1 | : ഇരുപത്തിയഞ്ച് നോമ്പാരംഭം |
| | | : ആദ്യവെള്ളി |
| | 3 | : **മംഗളവാർത്ത ഒന്നാം ഞായർ** |
| | 7 | : വി. അംബ്രോസ് |
| | 8 | : പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ |
| | 10 | : **മംഗളവാർത്ത രണ്ടാം ഞായർ** |
| | 14 | : കുരിശിന്റെ വി. യോഹന്നാൻ |
| | 17 | : **മംഗളവാർത്ത മൂന്നാം ഞായർ** |
| | 18 | : മൈലാപ്പൂരിലെ അത്ഭുതസ്ലീവാ |
| | 24 | : **മംഗളവാർത്ത നാലാം ഞായർ** |
| | 25 | : ന. കർത്താവീശോമിശിഹായുടെ പിറവിതിരുനാൾ |
| | 26 | : വി. എസ്തപ്പാനോസ് |
| | 27 | : വി. യോഹന്നാൻ ശ്ലീഹാ |
| | 28 | : കുഞ്ഞിപ്പൈതങ്ങൾ |

**2. ഡിസംബർ മാസത്തിലെ പരിപാടികൾ:**

| | | |
|---|---|---|
| 01 | 07.30 pm | സാമ്പത്തികസമിതിയോഗം |
| 07 | 11:00 am | ട്രൈബ്യൂണൽ മീറ്റിംഗ് |
| 11 –13 | | പ്രീസ്റ്റ് അസംബ്ലി |
| 13 | 2:30 pm | അഭിവന്ദ്യ തട്ടിൽ പിതാവിനു യാത്രവെയ്പ്പ് |
| 14 | 10:00 am | ആലോചനസമിതി യോഗം |
| 18–20 | | പ്രീസ്റ്റ് അസംബ്ലി |
| 23 | 05:30 pm | ക്രിസ്തുമസ്സ് ഈവ് |
| 27 | | ബൊൻ നത്താലെ |

### 3. മംഗളവാർത്ത–പിറവിക്കാലങ്ങൾ:

സീറോ മലബാർ സഭയുടെ ആരാധനാവത്സരം ആരംഭിക്കുന്നത്. മനുഷ്യാവതാരരഹസ്യത്തെ അനുസ്മരിക്കുന്ന മംഗളവാർത്തക്കാലത്തോടു കൂടിയാണ്. ഡിസംബർ 25ന് ആഘോഷിക്കപ്പെടുന്ന ഈശോയുടെ തിരുപ്പിറവിയെ കേന്ദ്രമാക്കിയുള്ളതാണ് ഈ കാലങ്ങൾ. തിരുപ്പിറവിക്കു മുമ്പ് നാലും തിരുപ്പിറവിക്കുശേഷം രണ്ടും ആഴ്ചകളാണ് ഈ കാലങ്ങളിലുള്ളത്. തിരുപ്പിറവിക്ക് ഒരുക്കമായി ഡിസംബർ 1 മുതൽ 25 വരെ മാർത്തോമ്മ ക്രിസ്ത്യാനികൾ ഇരുപത്തിയഞ്ച് നോമ്പ് ആരംഭിക്കുന്നു.

ഈശോയിൽ പൂർത്തിയാക്കപ്പെട്ട രക്ഷാകരപ്രവൃത്തികൾ ആരംഭിക്കുന്നത് അവിടുത്തെ ജനനത്തോടുകൂടിയാണല്ലോ. സുറിയാനി ഭാഷയിൽ 'സുബാറ' എന്നാണ് മംഗളവാർത്തക്കാലത്തിന്റെ പേര്. 'പ്രഖ്യാപനം', 'അറിയിപ്പ്' എന്നൊക്കെയാണ് 'സുബാറ' എന്ന പദത്തിന്റെ അർത്ഥം. സുറിയാനി ഭാഷയിൽ 'യൽദാ' എന്നാണ് പിറവിക്കാലത്തിന്റെ പേര്. രക്ഷകനെ പ്രതീക്ഷിച്ചിരുന്ന മാനവവംശത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും മംഗളകരമായ വാർത്തയായിരുന്നല്ലോ ഗബ്രിയേൽ ദൂതൻ പരിശുദ്ധ കന്യകാമറിയത്തെ അറിയിച്ചത്. അങ്ങനെ സമയത്തിന്റെ തികവിൽ പൂർത്തിയായ ഈശോയുടെ മനുഷ്യാവതാര രഹസ്യത്തിന്റെ പശ്ചാത്തലത്തിലാണ് ഈ കാലങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. അവിടുത്തെ മുന്നോടിയായ യോഹന്നാൻ മാംദ്ദാനയുടെ ജനനത്തെ കുറിച്ചുള്ള മുന്നറിയപ്പും അദ്ദേഹത്തിന്റെ ജനനവും അടങ്ങുന്ന മംഗളസംഭവവും ഈ ദിവസങ്ങളിൽ സഭ അനുസ്മരിക്കുന്നു.

ഈശോയുടെ മനുഷ്യാവതാരരഹസ്യം കൊണ്ടാടുന്നതിന് ഒരുക്കമായി മനുഷ്യസൃഷ്ടി, ആദിമാതാപിതാക്കളുടെ അനുസരണക്കേട്, അതിന്റെ അനന്തരഫലങ്ങൾ, അധഃപതിച്ച മനുഷ്യവംശത്തിന്റെ പരിതാപകരമായ അവസ്ഥ, ദൈവം നൽകിയ രക്ഷയുടെ വാഗ്ദാനം, മാനവവംശവുമായി അവിടുന്ന് ചെയ്ത ഉടമ്പടി, രക്ഷകനെ കുറിച്ചുള്ള പ്രവചനങ്ങൾ എന്നിവ മംഗളവാർത്താക്കാലത്തിൽ അനുസ്മരിക്കുന്നുണ്ട്. പരിശുദ്ധ ദൈവമാതാവിനു രക്ഷാകര ചരിത്രത്തിലുള്ള വലിയ പങ്ക് ഈ കാലത്തിൽ നാം ചിന്താവിഷയമാക്കുന്നു. രക്ഷകന്റെ അമ്മയായ മറിയത്തിന് ഏറ്റവുമധികം പ്രാധാന്യം നൽകുന്നത് ഈ കാലത്തിലാണ്.

ഈശോയുടെ തിരുപ്പിറവിയും ജ്ഞാനികളുടെ സന്ദർശനവും ഈജിപ്തിലേക്കുള്ള പലായനവും ഈശോയെ ദൈവാലയത്തിൽ സമർപ്പിക്കുന്ന സംഭവവും ബാല്യകാലവുമാണ് പിറവിക്കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ.

പാപത്തിനു മരിച്ച്, മിശിഹായെ സ്വന്തമാക്കി, സമാധാനവും പ്രത്യാശയും ഉൾക്കൊള്ളാൻ പിറവിക്കാലത്തിലെ വായനകൾ അനുസ്മരിപ്പിക്കുന്നു. സ്വന്തം ദയനീയാവസ്ഥയെക്കുറിച്ചു ബോധവാന്മാരായി രക്ഷകനുവേണ്ടി ദാഹിച്ച പഴയനിയമ ജനതയെപ്പോലെ, പുതിയനിയമത്തിലെ ജനത തങ്ങളുടെ നിസ്സഹായാവസ്ഥയും പാപസാഹചര്യങ്ങളും മനസ്സിലാക്കി മിശിഹായിലേക്കു നടന്നടുക്കണമെന്നും മിശിഹായ്ക്കു പിറക്കുവാൻ തങ്ങളുടെ ഹൃദയങ്ങളിൽ ഇടം നൽകണമെന്നും മംഗളവാർത്ത-പിറവിക്കാലങ്ങളിലെ വി. ഗ്രന്ഥവായനകളും പ്രാർത്ഥനകളും ഗീതങ്ങളും നമ്മെ അനുസ്മരിപ്പിക്കുന്നു.

**3. അമലോത്ഭവതിരുനാൾ:**

നമ്മുടെ അതിരൂപത അമലോത്ഭവമാതാവിന് പ്രതിഷ്ഠിതമാണല്ലോ. അമലോത്ഭവമാതാവിന്റെ തിരുനാൾ ദിനമായ ഡിസംബർ 8ന് നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമിപ്പിക്കുന്നു.

**4. അഭിവന്ദ്യപിതാക്കന്മാരുടെ ജന്മദിനം :**

ഡിസംബർ 13നു ജന്മദിനം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും മാർ ജേക്കബ് തൂങ്കുഴി പിതാവിനും അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മധ്യേ പിതാക്കന്മാർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

**5. മാർ റാഫേൽ തട്ടിൽ പിതാവിനു അതിരൂപതയുടെ യാത്രയയപ്പ് :**

ഡിസംബർ 13നു ഉച്ചത്തിരിഞ്ഞ് 2.30നു ഡി.ബി.സി.എൽ.സി.ൽ വെച്ചു ഷംഷാബാദു രൂപതയുടെ പ്രഥമമെത്രാനായി നിയമിതനായ മാർ റാഫേൽ തട്ടിൽ പിതാവിനു അതിരൂപതയുടെ യാത്രയയപ്പ് നല്കുന്നു. അതിരൂപതയിലെ വൈദികർ, സന്യസ്തർ, കൈക്കാരന്മാർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, മതബോധന പ്രധാന അധ്യാപകർ തുടങ്ങിയവർ യാത്രയയപ്പ് യോഗത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**6. ഓഫീസ് അവധി :**

2017 ഡിസംബർ 22 മുതൽ 2018 ജനുവരി 6 വരെ അതിരൂപതകാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തിരഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**7. തിരുപ്പട്ടസ്വീകരണങ്ങൾ :**

അതിരൂപതക്കുവേണ്ടി 2017 ഡിസംബർ അവസാനവാരത്തിൽ തിരുപ്പട്ടം സ്വീകരിക്കുന്നതിന് താഴെ പറയുന്ന 6 ഡീക്കന്മാർ ഒരുങ്ങികൊണ്ടിരിക്കുകയാ

ണ്. അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

| | | |
|---|---|---|
| **1. ഡീ. ജോമോൻ പൊന്തേക്കൻ** | **പള്ളിക്കുന്ന്** | **27-12-2017 09.30** am |
| **2. ഡീ. സിജു പുളിക്കൻ** | അരണാട്ടുകര | **28-12-2017 09.00** am |
| **3. ഡീ. ഷെൽറ്റൺ ചിറ്റിലപ്പിള്ളി** | **പുതുക്കാട് നോർത്ത്** | **28-12-2017 09.00** am |
| **4. ഡീ. ഫ്രാൻസോ തെക്കത്ത്** | **എൽത്തുരുത്ത്** | **28-12-2017 02.00** pm |
| **5. ഡീ. റെനാൾഡ് പുലിക്കോടൻ** | **ഒല്ലൂർ മേരിമാത** | **30-12-2017 09.00** am |
| **6. ഡീ. വിനോയ് വാഴപ്പിള്ളി** | **വെള്ളറക്കാട്** | **30-12-2017 09.00** am |

**8. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും:**

വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2018 ജനുവരി 31 ന് ബുധനാഴ്ച രാവിലെ 10ന് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തുന്നതാണ്. എല്ലാ വൈദികരും പങ്കെടുക്കണം.

**9. ഡയറി 2018 :**

അതിരൂപതയിലെ ബഹു. അച്ചന്മാർക്കും പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കുമുള്ള ഡയറി അതിരൂപത ഫിനാൻസ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**10. കാരുണ്യനിധി 2017**

ഈ വർഷത്തെ കാരുണ്യനിധി പുതുതായി രൂപംകൊണ്ട ഷംഷാബാദ് രൂപതയ്ക്കാണ് നൽകുന്നത്. കാരുണ്യനിധി കവറുകൾ ഡിസംബർ മാസത്തിലെ കത്തോലിക്കാസഭയോടുകൂടെ വീടുകളിൽ എത്തിച്ചിട്ടുണ്ട്. ഡിസംബർ 31 നുള്ളിൽ അവ വീടുകളിൽനിന്ന് ശേഖരിച്ച് അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ ജനുവരി മാസം 31 ന് മുമ്പ് ഏല്പിക്കേണ്ടതാണ്.

**11. വൈദികനിയമനം :**

| | |
|---|---|
| 1. ഫാ. ജെയ്സൻ വടക്കേത്തല | - അസി. ഡയറക്ടർ കാത്തലിക് കോൺഗ്രസ്സ് കൂടി; സാധുത 2017 ഒക്ടോബർ 7 മുതൽ. |
| 2. ഫാ. ജോയ്സൻ കോരെത്ത് | - അസി. ഡയറക്ടർ കാത്തലിക് കോൺഗ്രസ്സ് ഒഴിവായി; സാധുത 2017 ഒക്ടോബർ 7 മുതൽ. |
| 3. ഫാ. ഡൈജോ പൊറുത്തൂർ | - ബലിയർപ്പണം സി. എച്ച്. എഫ്. ജനറലേറ്റ് & വൃദ്ധസദനം കൂടി; സാധുത 2017 ഒക്ടോബർ 7 മുതൽ. |

4. ഫാ. ഡിറ്റോ കൂള – ബലിയർപ്പണം സി. എച്ച്. എഫ്. ജനറലേറ്റ് & വൃദ്ധസദനം ഒഴിവായി; സാധുത 2017 ഒക്ടോബർ 7 മുതൽ.

5. ഫാ. ജോൺ പോൾ തൈക്കാടൻ – സഹായി നടത്തറ ഒഴിവായി; സാധുത 2017 ഒക്ടോബർ 23 മുതൽ.

6. ഫാ. ഡെന്നി ചിറയത്ത് – സഹായി നടത്തറ; സാധുത 2017 ഒക്ടോബർ 23 മുതൽ.

7. ഫാ. ജോർജ്ജ് നിരപ്പുകാലായിൽ – നടത്തുവികാരി വിയ്യൂർ ഒഴിവായി; സാധുത 2017 ഒക്ടോബർ 28 മുതൽ.

8. ഫാ. തോമസ് വടക്കൂട്ട് – നടത്തുവികാരി വിയ്യൂർ; സാധുത 2017 ഒക്ടോബർ 28 മുതൽ.

**12. പ്രത്യേകനിയമനം :**

**2017–2018 വർഷത്തെ കൈക്കാരന്മാർ (തുടർച്ച):**

| | |
|---|---|
| പുതുക്കാട് | മംഗലൻ പൊറിഞ്ചു തോമസ് |
| | കിഴക്കൻ അന്തോണി ചാർളി |
| | മുള്ളക്കര അന്തോണി പോൾസൺ |
| | തെക്കുംപുറം ഔസേപ്പുണ്ണി ജെയ്സൻ |
| ചെങ്ങാലൂർ | കുരിശ്ശേരി ദേവസ്സി വർഗ്ഗീസ് |
| | അമരത്തുപറമ്പിൽ കുരിയൻ ജോസഫ് |
| | തൃശ്ശോക്കാരൻ ദേവസ്സി ഷാജു |
| | തോട്ട്യാൻ ഇനാശു അലക്സ് |
| ചെങ്ങാലൂർ ക്രിസ്തുരാജ | തോട്ട്യാൻ ലോനപ്പൻ ഇനാശു |
| | ചെമ്പൻ കൊച്ചപ്പൻ വർഗ്ഗീസ് |
| മുണ്ടത്തിക്കോട് | മേലിട്ട് പാലത്തിങ്കൽ ലാസർ ജസ്റ്റിൻ |
| | ആലപ്പാട്ട് ലാസർ തോബിയാസ് |
| | മേലേത്ത് യാക്കോബ് ആന്റോ |
| ആമ്പക്കാട് | തൈക്കിൽ ലാസർ ഔസേപ്പ് |
| | ആലപ്പാട്ട് ജോസ് ജോബി |
| | ചിറ്റിലപ്പിള്ളി പോൾ ഷാജു |

**മോൺ. ജോർജ്ജ് കോമ്പാറ**

വികാരി ജനറാൾ




| Date | Day | Time | Description |
|---|---|---|---|
| 01 | Fri | Morning | Holy Mass at Alagappa: Marriage preparation Course, Curia meeting |
| | | Evening | Religious Assembly, Finance Council |
| 02 | Sat | | Religious Assembly |
| 03 | Sun | | Pastoral Visit Perinchery Parish |
| 04 | Mon | Morning | For the People, Religious and Priests |
| 05 | Tue | | KCBC |
| 06 | Wed | | KCBC |
| 07 | Thu | | KCBC |
| 08 | Fri | Morning | Curia Meeting<br>Advisory Board meeting-JMMC |
| 09 | Sat | Morning | Differently abled association TCR-meeting; Silver Jubilee celebration of couples- Lourdes Cathedral |
| | | Evening | Assembly Evaluation Meeting at DBCLC<br>Kalasadhan General body Meeting<br>Carol song competition-Archdiocese of Thrissur at Lourdes Cathedral |
| 10 | Sun | Morning | Sneholsavam- Holy Mass and Inauguration at Velupadam, Karunyabhavanam blessing at Chittattukara |

| | | | |
|---|---|---|---|
| | | Evening | Catholicasabha Promoters' Meet , |
| | | | MI Hospital Dialysis Unit Inauguration |
| 11 | Mon | Morning | Priest Assembly |
| | | Evening | JMMC Trust meeting |
| 12 | Tue | Morning | Holy Mass- St. Mary's Minor Seminary |
| | | | Curia Meeting, Priest Assembly |
| 13 | Wed | Morning | B'day - Mar Thazhath & Mar Thoomkuzhy |
| | | | Priest Assembly; Karunadhinam - KCYM |
| | | Evening | Farewell to Mar Raphael Thattil |
| | | | AKCC Meeting |
| 14 | Thu | Morning | Consulters Meeting |
| | | Evening | ST. Thomas Collage Patron's Day Celebration |
| 15 | Fri | Morning | Curia Meeting & Engaged |
| | | Evening | Sneholsavam- Concluding Holy Mass at Koonamuchi |
| 16 | Sat | Morning | Silver Jubilee celebration of couples- Archdiocese of Thrissur at Lourdes |
| 17 | Sun | Morning | Valappaya – New Church Blessing |
| | | | Ezharakkuttam- Karunya Programme at Madakkathra |
| | | | Award day, Home Day Celebration at Peace Home |
| 18 | Mon | | Priest Assembly |
| 19 | Tue | | Holy Mass at Lourdes Cathedral- Mar John Menachery Death Anniversary |
| | | | Curia Meeting, Priest Assembly |
| 20 | Wed | | Priest Assembly |
| | | Evening | Christmas Eve at Basilica |

| | | | |
|---|---|---|---|
| 21 | Thu | Evening | Mega Margamkali inauguration at Lourdes Cathedral |
| | | | Aranattukara Convention concluding Message |
| 22 | Fri | | Curia meeting & Engaged |
| 23 | Sat | Morning | Engaged |
| | | Evening | Excel institute- Merit day and Scholarship day; Christmas Eve at Archbishop's House |
| 24 | Sun | Evening | Lourdes Cathedral- Christmas Liturgy |
| 25 | Mon | | Christmas |
| 26 | Tue | Morning | Priestly Ordination- Dn. Raphy Kadavi CMI |
| | | Noon | Priestly Ordination at Kallur East, Dn. Linto Madambi CMI |
| 27 | Wed | Morning | Priestly Ordination at Dn. Jomon Ponthekkan at Pallikkunnu |
| | | Noon | Buon Natale |
| 28 | Thu | Morning | Priestly Ordination Dn Shelton, Vadakkan Pudukkad |
| | | Noon | Priestly Ordination – Dn. Franso Thekkath at Elthuruth |
| 29 | Fri | Morning | Curia Meeting |
| | | | Priestly Ordination- Dn. Nyjo Chittilappilly at Puthenpeedika |
| | | Noon | Abhayam-Santhibhavan Palliative Care-regional centre inauguration |
| 30 | Sat | Morning | Priestly Ordination- Dn. Renald Pulikkoden at Ollur Marymatha |
| 31 | Sun | Morning | Priestly Ordination – Dn. Vijo Avittathukaran, Kallur West |



# മാർ ടോണി പിതാവിന്റെ പരിപാടികൾ

| Date | Day | Time | Description |
|---|---|---|---|
| 1 | Fri | | Religious Assembly |
| 2 | Sat | Morning | Holy Mass at Cheroor Church |
| | | Afternoon | Family Apostolate, Kudumbakootayma General Body |
| | | Evening | Bethany St. John's School, Kunnamkulam Ecumenical Fellowship annual day |
| 3 | Sun | Morning | Poochunnipadam, *Ettamidam* Qurbana<br>Chevoor *Oottu Thirunal* Qurbana |
| | | Afternoon | Class at National Formators' Meet, St. Annes Convent, Thalikkode |
| | | Evening | Thrissur *Jeevakarunya* Trust, Thrissur Basilica Arannattukkara, Catechism Day |
| 4 | Mon | Morning | Class Marymatha Seminary |
| | | Afternoon | Ollur St. Raphael +2 Annual Day |
| | | Evening | Engaged |
| 5-7 | Tue-Thu | | KCBC |
| 8 | Fri | Morning | Pazhuvil, Qurbana, Blessing |
| 9 | Sat | Morning | Assembly Resource Team sharing session |
| | | Evening | Ecumenical Christian Celebration, Cathedral Church, Palakkad |
| 10 | Sun | Morning | Koonamoochi, *Sneholsavam*, Qurbana<br>Basilica, Anniversary of the Qurbana for deaf & dumb |
| | | Afternoon | *Catholicasabha* promoters meet & Ruby Jubilee, Legion of Mary Anniversary, St. Mary's College; Seniors' Day-Ollur |
| | | Evening | Retreat conclusion, Ammadam |
| 11 | Mon | | Priests Assembly |
| | | Afternoon | Engaged |

| | | | |
|---|---|---|---|
| 12 | Tue | Evening | Holy Mass, Peringottukara Gudalupe Shrine |
| 13 | Wed | Afternoon | Farewell to Mar Raphael Thattil & Birth Day of Abp. Andrews Thazhath and Abp. Jacob Thoomkuzhy |
| 14 | Thu | Afternoon | Patron's Day, St. Thomas's College |
| 15 | Fri | Morning | Prayer Day |
| | | Evening | Velupadam, Sneholsavam Conclusion, Qurbana |
| 16 | Sat | Evening | Engaged |
| 17 | Sun | Morning | Vellarakkad, Qurbana, *Kodiyettam* |
| | | | Olarikkara, Roopatha KLM Meet |
| | Afternoon | | Neelankavil Association, Thrissur |
| | Evening | | Bible Apostolate Award Day, DBCLC |
| | | | Valappaya, Consecration of New Church |
| 18 -20 | Mon-Wed | | Priests Assembly |
| 21 | Thu | Morning | Minor seminary, Resource Camp Inauguration |
| | | Evening | Qurbana, Velappaya |
| 22 | Fri | Morning | Qurbana at Amballur, Marriage Course |
| | | | Qurbana Chelakkara, |
| | | Evening | Eyyal School, Annual Day |
| 23 | Sat | Morning | Mariapuram, MMB House : Halleluiah Group Annual Day |
| | | Evening | Eranellur, CLC *Navathi* Celebration Inauguration |
| 24 | Sun | Morning | Mattom , Qurbana |
| 25 | Mon | | Christmas Mass, Basilica |
| 26 | Tue | Morning | Mass MMB, Mariapuram |
| 27 | Wed | Afternoon | Buon Natale |
| 28 | Thu | Afternoon | Ordination Eranellur, Dn. Danu Porathur CMI |
| | | Evening | North Puthukkad, Parish Day |
| 29 | Fri | Evening | Kanjany, Thirunnal Kodiyettam Qurbana |
| 30 | Sat | Morning | Ordination Vellarakkad, Deacon Vinoy Vazhappilly; Baptism 5th Child, Chengalur |
| | | Evening | Vendore; Qurbana, Parish Day 90$^{th}$ Jubilee Conclusion |
| | | Evening | Parish Day at Pallikkunnu |
| 31 | Sun | Morning | Nellikunnu, Thirunal Kodikayattam Qurbana |
| | | Evening | Pathiyaram, *Idavakadinam* Qurbana, meeting |



# മാർ റാഫേൽ തട്ടിൽ പിതാവിനു അതിരൂപതയുടെ യാത്രയയപ്പ്

## ഡിസംബർ 13, 2.30 pm
## ഡി.ബി.സി.എൽ.സി.യിൽ വെച്ച്

ഷംഷാബാദ് രൂപതയുടെ പ്രഥമമെത്രാനായി നിയമിതനായ മാർ റാഫേൽ തട്ടിൽ പിതാവിനു അതിരൂപത നൽകുന്ന യാത്രയയപ്പ് യോഗത്തിലേക്ക് അതിരൂപതയിലെ വൈദികർ, സന്യസ്തർ, കൈക്കാരന്മാർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, മതബോധന പ്രധാന അധ്യാപകർ തുടങ്ങിയവർ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

# നാളാഗമം

## ഒക്ടോബർ 2017

1. അഭിവന്ദ്യ താഴത്ത് പിതാവ് ചൊവ്വന്നൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. ബഹു. വൈദികരുടെ രണ്ടാമത്തെ ബാച്ചിന്റെ വാർഷികധ്യാനം അഭിവന്ദ്യ പിതാവിന്റെ പ്രാരംഭപ്രാർത്ഥനയോടെ മേരിമാത മേജർ സെമിനാരിയിൽ ആരംഭിച്ചു.
2. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഒളരിക്കര ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി വി. ബലിയർപ്പിച്ചു.
3. അഭിവന്ദ്യ താഴത്ത് പിതാവ് ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിലെ വൈദികരെയും വിദ്യാർത്ഥികളെയും സന്ദർശിച്ചു.
4. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പൂത്തോളിൽ കാൽവരി ആശ്രമത്തിൽ വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളാഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. ഉച്ചക്കുശേഷം കാത്തലിക് നേഴ്സസ് ഗിൽഡിന്റെ യോഗത്തിൽ അധ്യക്ഷത വഹിച്ചു. വൈകിട്ട് ആർച്ച്ബിഷപ്സ് ഹൗസിൽ ബഹു. ടോം ഉഴുന്നാലിൽ അച്ചനുള്ള സ്വീകരണയോഗത്തിൽ സ്വാഗതമരുളി.
5. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സെന്റ് മേരീസ് മൈനർ സെമിനാരി വി. ബലിയർപ്പിച്ചു. തുടർന്ന് വൈദികരുടെ ധ്യാനത്തിൽ സംബന്ധിച്ചു.
6. അഭിവന്ദ്യ താഴത്ത് പിതാവ് വൈദികസമ്മേളനത്തിൽ പങ്കെടുത്തു.
7. അഭിവന്ദ്യ താഴത്ത് പിതാവ് വരാക്കര ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. കണ്ണാറ ഇടവകയിൽ ബഹു. ആന്റണി തോട്ടാനച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയാശംസകൾ നേർന്നു.
8. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ നവീകരിച്ച തലോർ ഇടവകപള്ളിയുടെ ആശീർവാദകർമ്മം നിർവഹിച്ചു. തുടർന്ന് ലൂർദ്ദ് കത്തീഡ്രൽ ഇടവകയിൽ നിർമ്മിച്ച മാതാവിന്റെ ഗ്രോട്ടോയുടെ ആശീർവാദകർമ്മം നടത്തി. ചോറ്റുപാറ ഇടവക അസംബ്ലിയിൽ പങ്കെടുത്തു. വൈകിട്ട് എരനെല്ലൂർ, മുണ്ടത്തിക്കോട്, തിരുത്തിപറമ്പ്, തിരൂർ എന്നീ ഇടവകകളിലെ അസംബ്ലികളിൽ പങ്കെടുത്തു.
9. അഭിവന്ദ്യ താഴത്ത് പിതാവ് യൂറോപ്യൻ സന്ദർശനത്തിനായി പോയി.

## നാമകരണ നടപടികൾ

# ssZh-Zmk³ BâWn X¨p-]-d-¼nÂ

61–ാം ശ്രാദ്ധാചരണത്തോടനുബന്ധിച്ച് ചൊവ്വന്നൂർ സെന്റ് തോമസ് ഇടവകയിൽ ഒക്ടോബർ 01 മുതൽ 13 വരെ വിവിധപരിപാടികൾ നടത്തപ്പെട്ടു. 08 –ാംതീയതി ദൈവദാസന്റെ സ്വദേശമായ പറപ്പൂരിൽ നിന്നുള്ള പദയാത്ര 10.15 amന് എത്തിച്ചേർന്നു. 13–ാം തിയതി കുന്നംകുളം, മരത്തംകോട്, പാറേപ്പാടം മേഖലയിൽ നിന്നുള്ള പദയാത്രകൾ പള്ളിയങ്കണത്തിൽ 09.30 amന് എത്തി. കാഞ്ഞിരപ്പിള്ളി രൂപത സഹായമെത്രാൻ അഭിവന്ദ്യ ജോസ് പുളിക്കൻ പതാക ഏറ്റുവാങ്ങി. തുടർന്ന് അനുസ്മരണബലി, വചനസന്ദേശം, കബറിടത്തിൽ ഒപ്പീസ്, ഊട്ടുവെഞ്ചരിപ്പ് എന്നിവ നടത്തി.



വിശ്വാസത്തിന്റെ പിതാവായ അബ്രാഹം തന്റെ ബലിയർപ്പണത്തിലൂടെ എല്ലാവർക്കും അനുഗ്രഹമായിതീർന്നതുപോലെ 42 വർഷത്തെ തന്റെ പൗരോഹിത്യശുശ്രൂഷയിലൂടെ സഭയ്ക്കും സമൂഹത്തിനും നിറഞ്ഞ സാന്നിധ്യമായി, അനുഗ്രഹമായിരുന്നു ഊക്കനച്ചൻ വചനസന്ദേശത്തിൽ അഭിവന്ദ്യപിതാവ് ഓർമ്മപ്പെടുത്തി. തന്റെ സഹനങ്ങളും ഒറ്റപ്പെടലുകളും മുറിവുകളാക്കാതെ തിരുമുറിവുകളാക്കുന്ന അനുഗ്രഹസ്രോതസ്സാക്കി പുതുതലമുറയ്ക്ക് സന്ദേശമായി നിലകൊള്ളുന്നു. കാലഘട്ടത്തെ മുന്നോട്ട് നയിച്ച തീഷ്ണമതിയായ കർമ്മയോഗിയായിരുന്ന ദൈവദാസന്റെ മാദ്ധ്യസ്ഥ്യം നമുക്ക് തേടാം.

# ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കൻ



നവംബർ മാസത്തിലെ ആദ്യവെള്ളിയാഴ്ച്ച തിരുകർമ്മങ്ങൾക്ക് നേതൃത്വം നല്കിയത് ചേലക്കര ഫൊറോനപള്ളി അസി.വികാരി റവ.ഫാ. അജീഷ് ബാബു പെരിഞ്ചേരിയാണ്. വചനവ്യാഖ്യാനം കട്ടപ്പന മോഹൻ പോൾ നിർവ്വഹിച്ചു. ഉപാധികളൊന്നുമില്ലാതെ സ്നേഹിക്കപ്പെടുന്ന വ്യക്തിത്വമാണ് ഒരു പുരോഹിതന്റേത്. ജനങ്ങളിൽ പ്രത്യാശ ഉളവാക്കാനുള്ള ശ്രമം നടത്തുന്നവനാണ് അവൻ. ദൈവമായ ക്രിസ്തുവാണ് അവനെ നമുക്ക് തിരഞ്ഞെടുത്ത് നല്കുന്നത്. ഒരു പുരോഹിതനെ അല്ലെങ്കിൽ വൈദികനെ കൂടാതെ നമ്മുടെ വിശ്വാസജീവിതത്തെ മുന്നോട്ട് കൊുപോകനാകില്ല. അതിനാൽ വൈദികർക്കുവേി, പുരോഹിതർക്കുവേി പ്രർത്ഥിക്കുക ഒരോ വിശ്വാസിയുടെയും കടമയാണ് എന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. ആ ദിനത്തിലെ ആരാധന, രോഗശാന്തി ശുശ്രൂഷ, ജപമാല സമർപ്പണം എന്നിവയിലും ഊട്ടുനേർച്ചയിലും ധാരാളം പേർ സംബന്ധിച്ചു. വചനത്തിലൂടെ ലഭിക്കുന്ന സന്ദേശമനുസരിച്ച് നമ്മുടെ കാഴ്ച്ചകളെ ശരിപ്പെടുത്തി പഞ്ചേന്ദ്രിയങ്ങളെ ബോധപൂർവ്വം നിയന്ത്രിച്ച് നമുക്ക് വ്യാപരിക്കാമെന്നും അതു വഴി മറ്റുള്ളവർക്ക് സ്നേഹവും സമാധാനവും ശാന്തിയും പകരുന്നവരാകാമെന്നും അച്ചൻ ഓർമ്മിപ്പിച്ചു. അന്തോണിയച്ചന്റെ മാധ്യസ്ഥത്താൽ ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി പറയാൻ നിരവധി പേർ എത്തിയിരുന്നു.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ




**കൈക്കാരന്മാരുടേയും കണക്കെഴുത്തുക്കാരുടേയും യോഗ റിപ്പോർട്ട്**

കഴിഞ്ഞ വർഷം നവംബർ 8ന് നോട്ട് നിരോധനവും പിന്നീട് GST നിയമവും നമ്മുടെ രാജ്യത്ത് പ്രാബല്യത്തിൽ വന്നു. GSTയെ കുറിച്ചും മറ്റ് INCOME TAX നിയമങ്ങളെക്കുറിച്ചും നമ്മുടെ രൂപതയിലെ ഇടവകകളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി 2017 നവംബർ 4 ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഡി.ബി.സി.ൽ.സി.യിൽ വെച്ച് സെമിനാർ സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്ന് 450 പേർ ഈ ചർച്ചാസമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. വളരെ അധികം വിജ്ഞാനപ്രദമായിരുന്നു ക്ലാസ്സുകളും ചർച്ചകളും. ചാർട്ടേഡ് അക്കൗണ്ടന്റുമാരായ ശ്രീ. ജോസ് പോട്ടോക്കാരനും, ശ്രീ. ജോസഫ് കാങ്കപാടനും ക്ലാസുകൾ നയിച്ചു. മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലങ്കാവിൽ, വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ, പ്രെക്യുറേറ്റർ ഫാ.ജോയ് മൂക്കൻ, ഫാ. ഡിറ്റോ കൂള , ടി.കെ.അന്തോണിക്കുട്ടി എന്നിവരും പ്രസ്തുത സമ്മേളനത്തിൽ സംസാരിക്കുകയുണ്ടായി.

**സമ്മാനദാനം**

2016 വർഷത്തെ മിഷൻ ഞായർ പിരിവുകൾക്ക് സമ്മാനാർഹരായ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും അതിരൂപതയുടെ അവാർഡുദിനമായ 2017 നവംബർ 11 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ട്രോഫികൾ വിതരണം ചെയ്തു. സമ്മാനർഹരയ ഇടവകകൾക്കും സ്ഥാപനൾക്കും അഭിനന്ദനങ്ങൾ നേരുന്നു. സഹകരിച്ച എല്ലാവർക്കും നന്ദി.

**അതിരൂപത സഹായ ഫണ്ട്**

| | | | | | |
|---|---|---|---|---|---|
| 1. വിവാഹം | – | 100000, | 2.ചികിത്സ | – | 39750 |

**സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ**

| | | | | | |
|---|---|---|---|---|---|
| 1. മുണ്ടത്തിക്കോട് | – | 50000 | 2. മഞ്ഞക്കുന്ന് | – | 50000 |

**ഫാ.സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

| | | | | | |
|---|---|---|---|---|---|
| 1. ഭവന നിർമ്മാണം | – | 10000 | 2. ചികിൽസ | – | 30000 |

**മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

| | | | | | |
|---|---|---|---|---|---|
| 1. കിരാലൂർ | – | 5000 | 2. മണലൂർ വെസ്റ്റ് | – | 5000 |

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

**ഫാ.ഡിറ്റോ കൂള**
അസി.ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. അനീഷ് നെല്ലിക്കൽ | 02 |
| ഫാ. ജോയ് മൂക്കൻ | 02 |
| ഫാ. പ്രദീഷ് കല്ലറക്കൽ | 03 |
| ഫാ. ജോസഫ് മുരിങ്ങാത്തേരി | 03 |
| ഫാ. വർഗ്ഗീസ് പാലത്തിങ്കൽ | 06 |
| ഫാ. നൈസൻ ഏലന്താനത്ത് | 07 |
| ഫാ. റാഫേൽ ആക്കാമറ്റത്തിൽ | 07 |
| ഫാ. ലിറിൽ തളിയപറമ്പിൽ | 08 |
| ഫാ. ജോയ് കൂത്തൂർ | 09 |
| ഫാ. ഷാജു ചിറയത്ത് | 10 |
| ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി | 12 |
| ഫാ. സാജൻ മാറോക്കി | 12 |
| ഫാ. അജിത്ത് തച്ചോത്ത് | 13 |
| ഫാ. ഫ്രാൻസിസ് കൂത്തൂർ | 13 |
| ഫാ. ജോൺ കൊള്ളന്നൂർ | 15 |
| ഫാ. ചാക്കോ എടയാൽ | 15 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 16 |
| ഫാ. നിബിൻ തളിയത്ത് | 17 |
| ഫാ. ജോസ് തെക്കേക്കര ജൂനിയർ | 19 |
| ഫാ. ബർണാർഡ് തട്ടിൽ | 19 |
| ഫാ. പ്രിന്റോ കുളങ്ങര | 20 |
| ഫാ. ജോൺ ചുങ്കത്ത് | 20 |
| ഫാ. ആൻസൺ നീലങ്കാവിൽ | 21 |
| ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ | 22 |
| ഫാ. ജോസഫ് അന്തിക്കാട്ട് | 23 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി ജൂനിയർ | 23 |
| ഫാ. ജസ്റ്റിൻ തടത്തിൽ | 25 |
| ഫാ. നവീൻ മുരിങ്ങാത്തേരി | 25 |
| ഫാ. ബെന്നി കിടങ്ങൻ | 25 |
| ഫാ. സിന്റോ പൊന്തേക്കൻ | 26 |
| ഫാ. ജോമോൻ മുരിങ്ങാത്തേരി | 27 |
| ഫാ. സിജോ കാട്ടൂക്കാരൻ | 27 |
| ഫാ. ജോയ് കൊള്ളന്നൂർ | 29 |
| ഫാ. ഡേവിസ് ചിറമ്മൽ ജൂനിയർ | 30 |
| ഫാ. ജോമോൻ ഇമ്മട്ടി | 30 |
| ഫാ. റോയ്സൺ കൊള്ളന്നൂർ | 31 |
| ഫാ. സ്റ്റിഷിൻ കുണ്ടുകുളം | 31 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് മഞ്ഞളി | 03 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 03 |
| ഫാ. ബാബു പാണാട്ടുപറമ്പിൽ | 03 |
| ഫാ. ഫ്രാൻസിസ് തരകൻ | 03 |
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 03 |
| ഫാ. ഫ്രാൻസിസ് അറക്കൽ | 03 |

| | |
|---|---|
| ഫാ. ഫ്രാൻസിസ് കരിപ്പേരി | 03 |
| ഫാ. റെന്നി മുണ്ടൻകുരിയൻ | 03 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 03 |
| ഫാ. സേവിയർ പാണേങ്ങാടൻ | 03 |
| ഫാ. ഫ്രാങ്കോ പുത്തിരി | 03 |
| ഫാ. ഷിജോ ചിരിയങ്കണ്ടത്ത് | 03 |
| ഫാ. ഫ്രാൻസിസ് ആലപ്പാട്ട് | 03 |
| ഫാ. ഫ്രാങ്കോ കവലക്കാട്ട് | 03 |
| ഫാ. ടിങ്കിൾ വാഴപ്പിള്ളി | 03 |
| ഫാ. ഫ്രാൻസിസ് കൂത്തൂർ | 03 |
| ഫാ. നിക്കോളസ് പൊറത്തൂർ | 06 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 14 |
| ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 14 |
| ഫാ. ലാസർ താണിക്കൽ | 17 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 27 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 27 |
| ഫാ. ജോജോ എടത്തിരുത്തി | 27 |
| ഫാ. ജീജോ വള്ളൂപ്പാറ | 27 |
| ഫാ. ജോൺ മുളക്കൽ | 27 |
| ഫാ. ആൻസിൽ ജോൺ വെള്ളറ | 27 |
| ഫാ. ജോൺ മൂലൻ | 27 |
| ഫാ. ജോൺ (ബിജു) പാണേങ്ങാടൻ | 27 |
| ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ | 27 |
| ഫാ. ജോൺ കിടങ്ങൻ | 27 |
| ഫാ. ടെറിൻ മുള്ളക്കര | 27 |
| ഫാ. ജോൺസൻ അരിമ്പൂർ | 27 |
| ഫാ. ജോൺസൻ ഐനിക്കൽ | 27 |
| ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 27 |
| ഫാ. ജോൺ ചുങ്കത്ത് | 27 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ഗീവർഗ്ഗീസ് മാമ്പിള്ളി | 31-12-1920 |
| മോൺ. പൊറിഞ്ചു ആലപ്പാട്ട് | 13-12-1924 |
| ഫാ. പൗലോസ് കൂന്തയിൽ | 13-12-1924 |
| ഫാ. തോമസ് അക്കരപ്പറ്റി | 19-12-1944 |
| ഫാ. പോൾ ചിറയത്ത് | 14-12-1953 |
| ഫാ. ജോസഫ് തോട്ടാൻ | 06-12-1965 |
| ഫാ. ഇഗ്നേഷ്യസ് ചിറയത്ത് | 23-12-1967 |
| ഫാ. അന്തപ്പൻ വലിയവീട്ടിൽ | 02-12-1971 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി | 18-12-1973 |
| ഫാ. ജോർജ്ജ് ചൂണ്ടൽ | 19-12-1990 |
| ഫാ. ആന്റണി ജീസ് ചിറമ്മൽ | 21-12-1992 |
| മോൺ. മാത്യു മുരിങ്ങാത്തേരി | 17-12-1994 |
| ഫാ. ജോസഫ് ചുങ്കത്ത് | 28-12-2000 |
| ഫാ. ജോസഫ് വടക്കൻ | 28-12-2002 |



# സി.ആർ.ഐ. വാർത്തകൾ

**1.10.2017**

സി.എം.സി. വി.കൊച്ചുത്രേസ്യായുടെ തിരുനാൾദിനത്തോടനുബന്ധിച്ച് ജൂനിയേഴ്സ് ഡേ ആഘോഷിച്ചു.

സി. എസ്. എസ്. തൃശൂർ സെന്റ് പോൾസ് കോൺവെന്റ് (ഔവർ ലേഡീസ് സെന്റർ) അംഗമായ സി. റോസ് സിറിൾ ചിറയത്ത് മഞ്ഞിയിൽ (92) നിര്യാതയായി. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സംസ്ക്കാരശുശ്രൂഷ മണ്ണുത്തി പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ നടത്തി.

**05.10.17**

സി.എം.സി. കല്ല്യാൺ രൂപതയിലെ, Akurdi ഇടവകയിൽ രണ്ടാഴ്ച Home Mission നടത്തി സിസ്റ്റേഴ്സ് തിരിച്ചെത്തി.

**6.10.2017**

സി. എസ്. എസ് .നിയുക്ത മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മണ്ണുത്തി സ്നേഹദീപ്തി സ്പെഷ്യൽ സ്കൂൾ സന്ദർശിച്ച് ദിവ്യബലി അർപ്പിച്ചു. അഭിവന്ദ്യ പിതാവിന് സമുചിതമായ സ്വീകരണം നൽകി.

എഫ്. സി. സി. 43 ജൂനിയർ സിസ്റ്റേഴ്സ് അടുത്ത ഒരു വർഷത്തേക്ക് വ്രതവാഗ്ദാനം നടത്തുന്നതിനൊരുക്കമായുള്ള ധ്യാനത്തിൽ സംബന്ധിച്ച് ഒക്ടോബർ 8-ാം തീയതി വ്രതവാഗ്ദാനം നടത്തി.

**14/10/2017**

സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിലെ സി.യൂജിൻ, സി.റെജി ജെയിംസ്. സി.ക്യാഷ്യസ് എന്നിവരുടെ സുവർണ്ണ ജൂബിലി, ആഘോഷമായ ദിവ്യബലിയോടെ ആഘോഷിച്ചു.ഷംഷാബാദ് രൂപതയുടെ പ്രഥമ നിയുക്ത മെത്രാൻ മാർ റാഫോൽ തട്ടിൽ പിതാവ് ദിവ്യബലിയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.ആഫ്രിക്കൻ മിഷനിൽ നിന്നും ആദ്യമായി സി.എച്ച്.എഫ്.- ൽ അംഗമായ റവ.സി.ജൂലിയാന അട്ടേർ അബ്സലോറിനും,ഷംഷാബാദ് രൂപതയുടെ പ്രഥമ മെത്രാനായി ഉയർത്തിയ മാർ റാഫേൽ തട്ടിൽ പിതാവിനും ദിവ്യബലിയ്ക്ക് മുമ്പ് നവജ്യോതി പ്രൊവിൻഷ്യൽ റവ.സി.മേഴ്സി പോൾ ഹൃദ്യമായ സ്വീകരണവും ആശംസകളും നേർന്നു.

എഫ്. സി. സി. 2017 ഒക്ടോബർ 14-ാം തീയതി കണ്ണാറ സെന്റ് ജോസഫ് ഇടവകദേവാലയത്തിൽ വെച്ച് അ 1വന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ട ദിവ്യബലിമദ്ധ്യേ 9 നോവിസസ് പ്രഥമവ്രതവാഗ്ദാനം നടത്തി സഭാവസ്ത്രം സ്വീകരിച്ചു.

**18.10.17**

സി.എച്ച്.എഫ്. തൃശ്ശൂർ അതിരൂപതയിലെ അഖില കേരളകുടുംബ സംഗമം നവജ്യോതി പ്രോവിൻസിന്റെ നേതൃത്വത്തിൽ അരണാട്ടുകര ഇൻഫന്റ് ജീസസ്സ് സ്ക്കൂളിൽ നടത്തി. നവജ്യോതി പ്രൊവിൻഷ്യൽ റവ.സി. മേഴ്സി പോൾ ഏവർക്കും ഹൃദ്യമായി സ്വാഗതം ആശംസിച്ചു. തൃശ്ശൂർ അതിരൂപതയിലെ നിയുക്ത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.സി.എച്ച്.എഫ്. വികാർ ജനറാൾ റവ.ഡോ.സി.പുഷ്പ അദ്ധ്യക്ഷത വഹിച്ചു. അരണാട്ടകര വികാരി റവ.ഫാ.ബാബു പാണാട്ടുപറമ്പിൽ ആശംസകൾ അർപ്പിച്ചു.മാനസീകാരോഗ്യം കുടുംബത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി റവ.ഡോ.സി.ഷെറിൻ മരിയയും,കുടുംബത്തിലെ ആദ്ധ്യാത്മികത എന്ന വിഷയത്തെ ആസ്പദമാക്കി റവ.ഫാ.രാജു അക്കരയും ക്ലാസ്സ് നയിച്ചു.റവ.ഫാ.പോൾ കള്ളിക്കാടൻ സൗഖ്യശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.തൃശ്ശൂർ അതിരൂപതയിലെ വിവധ ഇടവകകളിൽ നിന്നായി 650 പേർ പങ്കെടുത്തു

**23.10.17**

എഫ്. സി. സി ഒക്ടോബർ 23ാം തീയതിയിൽ ആഫ്രിക്കയിലെ നെയ്റോബിക്കടുത്ത് റുവായിയിൽ പുതുതായി പണിതീർത്ത സെന്റ് അൽഫോൻസ ഫോർമേഷൻ വനത്തിന്റെ വെഞ്ചെരിപ്പ് കർമ്മംനടത്തി.

24.10.2017

എസ്.എ.ബി.എസ്. കോടന്നൂർ, ചെന്നായ്പ്പാറ, മരോട്ടിച്ചാൽ എന്നീ വനസമൂഹങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റിൽ മരിയ തെക്കേക്കര ഔദ്യോഗിക സന്ദർശനം നടത്തി.

**27.10.17**

സി.എം.സി. പുതുക്കാട്, പാലുവായ്, വേലൂപ്പാടം, പറപ്പൂർ എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജ കാനോനിക സന്ദർശനം നടത്തി.

**28.10.2017**

എഫ്. സി. സി ഒക്ടോബർ 28-ാം തീയതി Rose Wairimu Muruki, Elizabeth Mwende Malinda എന്നീ നോവിസസിന്റെ സഭാവസ്ത്രസ്വീകരണവും ആദ്യവ്രതവാഗ്ദാനവും നടന്നു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിതയും പ്രൊവിൻഷ്യൽ കൗൺസിലർ സി. ജ്യോതി ഫ്രാൻസിസും ഈ പരിപാടികളിൽ സംബന്ധിച്ചു.

**29.10.2017**

എസ്.എ.ബി.എസ്. തലോർ ദീപ്തി സ്ക്കൂളിൽ നടന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ 'കർമ്മ ഉത്സവം 2017' –ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റിൽ മരിയ തെക്കേക്കരയും ഏതാനു സിസ്റ്റേഴ്സും പങ്കെടുത്തു.

# ആദരാഞ്ജലികൾ



4/10/17 സി.എം.സി. കോലഴി ഹോളി ട്രിനിറ്റി മഠാംഗമായ സി. ടെസ്സി മരിയ നിര്യാതയായി. അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



24/10/17 സി.എം.സി. കശ്ശാംകടവ് എസ് എച്ച് ഓഫ് മേരീസ് മഠാംഗമായ സി.മജെല്ല നിര്യാതയായി. അഭിവന്ദ്യ മാർ പാസ്റ്റർ നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



30/10/17 സി.എം.സി കൊട്ടേക്കാട് അസംപ്ഷൻ മഠാംഗമായ സി.ഡെറ്റീവയുടെ മൃതസംസ്കാര കർമ്മങ്ങൾ നിയുക്ത സഹായ മെത്രാൻ അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



20/10/17 സി.എം.സി. തൃശ്ശൂർ സേക്രഡ് ഹാർട്ട് മഠാംഗമായ സി.കൊർണേലിയ നിര്യാതയായി. അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



01/10/2017 സി. എസ്. എസ്. തൃശൂർ സെന്റ് പോൾസ് കോൺവെന്റ് (ഔവർ ലേഡീസ് സെന്റർ) അംഗമായ സി. റോസ് സിറിൾ ചിറയത്ത് മഞ്ഞിയിൽ (92) നിര്യാതയായി. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സംസ്ക്കാരശുശ്രൂഷ മണ്ണുത്തി പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ നടത്തി.




**1. ബൈബിൾ മാസാചരണം അതിരൂപതാതല ഉൽഘാടനം പാലയൂരിൽ:**

ബൈബിൾ മാസാചരണം അതിരൂപതാതല ഉൽഘാടനവും ബൈബിൾ കോഴ്സിന്റെ ഔപചാരിക ഉൽഘാടനവും ഡിസംബർ 2-ാം തിയ്യതി ശനിയാഴ്ച 4 മണിക്ക്, ബൈബിൾ അപ്പസ്തോലേറ്റ് സെന്ററിന്റെ നേതൃത്വത്തിൽ, പാലയൂർ മാർതോമാ അതിരൂപത തീർത്ഥകേന്ദ്രത്തിൽ നടത്തുന്നതാണ്. ബൈബിൾ മാസാചരണത്തിന്റെ ഇടവകതല ഉൽഘാടനം ഡിസംബർ 1 ന് വൈകീട്ട് 6.00 മണിക്ക് നടക്കുന്നതാണ്.

**2. ബൈബിൾ കോഴ്സ്:**

അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ അതിരൂപതയിലെ വൈദികരുടെ അധ്യാപനത്തിൽ ഒരു ഷോർട്ട് ടേം ബൈബിൾ കോഴ്സ് പാലയൂരിൽ ബൈബിൾ മാസാചരണമത്തോടനുബന്ധിച്ച് ഡിസംബറിൽ നടത്തുന്നതാണ്. ഡിസംബർ 2 ന് 4 മണിക്ക് കോഴ്സിന്റെ ഉൽഘാടനം. തുടർന്നുള്ള ദിവസങ്ങളിൽ വൈകീട്ട് 6.00 മണിക്ക് ക്ലാസ്. താത്പര്യമുള്ളവർ ഫാ. റോജോ എലുവത്തിങ്കൽ ഫോൺ - 9633177528, ഫാ. ജിന്റോ കുറ്റിക്കാട്ട് ഫോൺ - 9497308903 എന്നിവരെ ബന്ധപ്പെടുക. മുൻകൂട്ടി ബുക്ക് ചെയ്യാൻ പറ്റാത്തവർക്ക് ആ സമയത്ത് പ്രവേശനം നടത്തുന്നതാണ്.

**4. വിശ്വാസകവാടം ദണ്ഡവിമോചനം സ്ഥാപനത്തിരുനാൾ**

വിശ്വാസകവാടം ദണ്ഡവിമോചനം സ്ഥാപനത്തിരുനാളും മാർതോമാ ആഗമനതിരുനാളും മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നവംബർ 19ന്. ആഘോഷിക്കുമ്പോൾ, അത് അനേകം പേർക്ക് ദണ്ഡവിമോചനം പ്രാപിക്കാനുള്ള അവസരമാകുന്നു.

**5. മുപ്പിട്ടുഞായർ തിരുനാൾ**

2017 ഡിസംബറിലെ മുപ്പിട്ടുഞായർ തിരുനാൾ ഡിസംബർ 17 നാണ്. 16-ാം തിയ്യതി വൈകീട്ട് 5.00 ന് ദണ്ഡവിമോചന നവീകരണ ശുശ്രൂഷ മുതൽ 17 ന് രാത്രിവരെ വിശ്വാസകവാടത്തിലൂടെ പ്രവേശിച്ച് ദണ്ഡവിമോചനം പ്രാപി

ക്കാൻ സാധിക്കുന്നതാണ്. 17ന് തളിയകുളത്തിൽ ആഘോഷമായ മാമ്മോദീസ ഉച്ചകഴിഞ്ഞ് 3ന്. 6.30 നും, 10.30 നും, 3.30 നും, 5.30 നും വിശുദ്ധ കുർബ്ബാന, നൊവേന, തിരുശേഷിപ്പുവണക്കം, നേർച്ച. 6.30 ന്റെ കുർബ്ബാനയോടുകൂടി പ്രദക്ഷിണവും നേർച്ചഭക്ഷണവും ഉായിരിക്കും.

**6. മാർതോമാ ചൊവ്വാഴ്ച്ച ആചരണം:**

മാർതോമാ ചൊവ്വാഴ്ച്ച ആചരണം ഡിസംബർ 5, 12, 19, 26 തിയ്യതികളിൽ. 9.45 ന് ജപമാല, മാർ തോമാ നൊവേന, സമർപ്പണം, വചനപ്രഘോഷണം, വി. കുർബ്ബാന, നേർച്ചഭക്ഷണം, ആരാധന, കുമ്പസാരം, കൗൺസിലിംഗ്, സാക്ഷ്യങ്ങൾ, മധ്യസ്ഥപ്രാർത്ഥന, ശിരസ്സിൽ കൈവച്ച് ആശീർവ്വാദം, വാഴ്വ്, തിരുശേഷിപ്പുവണക്കം എന്നിവയോടുകൂടി 3.15 ന് സമാപിക്കുന്നതാണ്.

**7. തീർത്ഥകേന്ദ്രത്തിൽ ഹോളിനൈറ്റ് സ്നേഹസംഗമം:**

ഡിസംബർ 24 ന് രാത്രി 8.30 ന് ഹോളിനൈറ്റ് സ്നേഹസംഗമം നടക്കുന്നതാണ്. മെഗാ കരോൾ ഗാനാലാപനം, സ്നേഹസന്ദേശകലാപരിപാടികൾ, ക്രിസ്മസ്സ് തിരുകർമ്മങ്ങൾ, ക്രിസ്മസ്സ് കുർബ്ബാന എന്നിവ ഉായിരിക്കും. തീർത്ഥകേന്ദ്രം ഇടവകയിലെ കുടുംബകൂട്ടായ്മകളിൽ 23 ന് യൂണിറ്റ്തല കരോൾഘോഷയാത്രകളും ക്രിബ് മത്സരവും ക്രിസ്മസ് കിറ്റ് വിതരണവും ഉായിരിക്കും.

**8. പാലയൂർ കൺവെൻഷൻ**

അടുത്ത പാലയൂർ കൺവെൻഷൻ 2018 മാർച്ച് 10 - 14 തിയ്യതികളിൽ അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. സേവിയർ ഖാൻ വട്ടായിൽ അച്ചന്റെ നേതൃത്വത്തിൽ നടക്കുന്നതാണ്. ആയതിന്റെ ഒരുക്കപ്രാർത്ഥന ആരംഭിച്ചു.

**9. ദിവ്യബലി അർപ്പിക്കൽ**

തീർത്ഥകേന്ദ്രത്തിൽ ദിവ്യബലി ഇല്ലാത്ത സമയങ്ങളിൽ തീർത്ഥാടകരായോ തീർത്ഥാടകരോടുകൂടിയോ വരുന്ന വൈദികർക്ക് ദിവ്യബലി അർപ്പിക്കാൻ സൗകര്യപ്പെടുത്തുന്നതാണ്.

ഫോൺ - 0487 2556418, 2556978

**ഫാ. ജോസ് പുന്നോലിപറമ്പിൽ**
റെക്ടർ/വികാരി

# മതബോധനകേന്ദ്രം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ ഏറ്റം പ്രിയ കുട്ടികളേ,

ക്രിസ്തുമസ്സ് അടുത്തുവരികയായി. പുൽക്കൂടുകളും നക്ഷത്രവിളക്കുകളും ക്രിസ്തുമസ്സ് ട്രീകളും ക്രിസ്തുമസ്സ് അപ്പൂപ്പനുമായുള്ള കരോളുകൾക്കും സമ്മാനങ്ങൾക്കും നിങ്ങൾ ഒരുങ്ങുന്നു എന്ന് കരുതുന്നു. ഇതൊക്കെ നിർമ്മിക്കുന്നതിന്റെ കാരണം മാലാഖമാർ പാടിയതുപോലെ യേശുവിന്റെ ജനനം സകല ജനത്തിനുവേണ്ടിയുള്ള വലിയ സദ്വാർത്ത (ലൂക്ക. 2:10) ആയതുകൊണ്ടാണ്. ഈയവസരത്തിൽ കുട്ടികളോട് ഒരു ചോദ്യം ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. എന്തിന് വേണ്ടിയാണ് യേശു മനുഷ്യനായി ജനിച്ചത്?

ഒരു നാടോടികഥയുണ്ട്. ഒരു കുഞ്ഞ് അപ്പച്ചന്റെ കൈയിൽ സന്തോഷത്തോടെ ഇരിക്കുകയായിരുന്നു. അടുത്തുള്ള തോടിനരികെ തവള ചാടുന്നതും പൂമ്പാറ്റ പറക്കുന്നതും കണ്ടപ്പോൾ ആ കുഞ്ഞിന് അതിനെ പിടിക്കണമെന്ന് തോന്നി. അപ്പച്ചന്റെ കൈയിൽ നിന്ന് കുതറിയോടി തവളയുടെ പിന്നാലെപോയി. എത്ര വിളിച്ചിട്ടും അനുസരിക്കാതെ അവനോടികൊണ്ടിരുന്നു. തവള ചാടിയത് വെള്ളം നിറഞ്ഞു നില്ക്കുന്ന തോട്ടിലേക്കാണ്. അനുസരണക്കേട് കാണിച്ച മകൻ വെള്ളത്തിൽ മുങ്ങി തുടിച്ചപ്പോൾ അപ്പച്ചൻ അവനെ ശകാരിച്ച് നോക്കി നിൽക്കുകയല്ല ചെയ്തത്; മറിച്ച് തോട്ടിലേക്ക് എടുത്ത് ചാടി മകനെ രക്ഷിക്കുകയാണ് ചെയ്തത്.

അനുസരണക്കേട് കാണിച്ച ആദവും ഹവ്വായും പറുദീസ നഷ്ടപ്പെടുത്തി, പാപത്തിന്റെയും മരണത്തിന്റെയും കുഴിയിലായി. നല്ല അപ്പച്ചനായ ദൈവം മനുഷ്യനെ രക്ഷിക്കാൻ കണ്ടുപിടിച്ച മാർഗ്ഗമാണ് തന്റെ ഏകപുത്രനെ ലോകത്തിലേക്ക് അയയ്ക്കുക എന്നത്.

സാധു സുന്ദർസിംഗ് ഒരു കഥ പറയുന്നുണ്ട്. ഒരിടയന് കുറെ ആടുകൾ ഉണ്ടായിരുന്നു. ആടുകൾ ഇടയനെ അനുസരിക്കാതെ വന്നപ്പോൾ ഇടയൻ ഒരു സൂത്രം പ്രയോഗിച്ചു. ചത്തുപോയ വലിയ ഒരാടിന്റെ തോൽ ധരിച്ച് ആടിനെപ്പോലെ രൂപം മാറി ആടുകളുടെ ഇടയിൽ മേയാനും സംസാരിക്കാനും തുടങ്ങി. താമസിയാതെ ആടിനെപ്പോലെ രൂപം ധരിച്ച ഇടയനെ സ്നേഹിക്കാനും കൂട്ടുകൂടാനും അനുഗമിക്കാനും ആടുകൾ തുടങ്ങി.

ദൈവപുത്രനായ യേശുവിന്റെ മനുഷ്യാവതാരം ആടിന്റെ രൂപത്തിലേക്ക് മാറിയ ഇടയനെപ്പോലെയാണ്. നമ്മെപ്പോലെ 2000 വർഷങ്ങൾക്കു മുമ്പ് കാലിതൊഴുത്തിൽ ജനിച്ച യേശുവിനെ ഇന്ന് വീണ്ടും ജനിപ്പിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. നമ്മളോരോരുത്തരുടെയും രൂപത്തിൽ, ഹൃദയത്തിൽ യേശു ജനിക്കാൻ ആഗ്രഹിക്കുന്നു. അതിന് ചെയ്യേണ്ട മാർഗ്ഗങ്ങളിൽ ചിലത് താഴെ പറയുന്നു.

1. പരി. മറിയത്തെപ്പോലെ നാം ദൈവവചനം ശ്രവിക്കുകയും ഇതാ കർത്താവിന്റെ ദാസൻ/ദാസി എന്നു പറഞ്ഞു ദൈവഹിതത്തിന് വിട്ടുകൊടുക്കുകയും പരിശുദ്ധാത്മാവിന്റെ ആവാസത്തിനുവേണ്ടി പ്രാർത്ഥിക്കുകയും വേണം.
2. കൂദാശകളിലൂടെയും (യോഹ. 6:51) മറ്റും യേശുവിനെ നമ്മൾ ജീവിതത്തിൽ സ്വീകരിക്കുകയും സംവഹിക്കുകയും ജീവിപ്പിക്കുകയും വേണം. യേശുവിനെയും കൊണ്ട് പരി. അമ്മ എലിസബത്തിനെ കാണാൻ പോയപ്പോൾ എലിസബത്തിനുണ്ടായ സന്തോഷംപോലെ നമ്മളും യേശുവിനെ കൊണ്ടുനടന്നാൽ മറ്റുള്ളവർക്കും ശരിയായ സന്തോഷമുണ്ടാകും.
3. യേശു ശിഷ്യർക്കു നൽകിയ കൽപ്പനകൾ നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുക എന്നതും (മർക്കോ. 16:15) ലോകത്തിന്റെ അതിർത്തികൾ വരെ എനിക്ക് സാക്ഷികളുമായിരിക്കുക എന്നതുമാണ് (അ. പ്ര. 1:8). നമ്മുടെ കൂട്ടുക്കാരോട് യേശുവിനെപറ്റി പറയാൻ സാധിക്കുന്നുണ്ടോ എന്ന് നിങ്ങൾ ആലോചിക്കണം.
4. യേശുവിനെ കണ്ടെത്താനുള്ള മറ്റൊരു മാർഗ്ഗമായി യേശു പറഞ്ഞത് ഈ എളിയവരിൽ ഒരുവന് ചെയ്തപ്പോൾ നിങ്ങൾ എനിക്ക് തന്നെയാണ് ചെയ്തത് എന്നാണ് (മത്താ. 25:40). പാവപ്പെട്ടവരെ സഹായിക്കുമ്പോൾ നാം യേശുവിനെ തന്നെയാണ് സഹായിക്കുന്നത്.

ഒരു ഫ്രഞ്ച് നാടോടി കഥയുണ്ട്. മന്ത്രി ഒരു വിളംബരം പുറപ്പെടുവിച്ചു. രാജാവ് ഇതാ ജനങ്ങളുടെ ഇടയിലേക്ക് ഉടനെ വരുന്നു . വിളംബരം കേട്ട ജനം വഴിയരികിൽ ഓടിക്കൂടി. പട്ടാളക്കാർ അദ്ഭുതം പരേഡ് നടത്തി. കുറച്ചു

കഴിഞ്ഞപ്പോൾ ഒരു ഭിക്ഷക്കാരൻ വഴിയരികിലൂടെ വളരെ വിഷമിച്ച് നടന്നു വന്നു. അയാളുടെ നടപ്പുകണ്ട് നാട്ടുകാരിൽ ചിലർ അയാളെ അടിച്ചോടിച്ചു. കുറെ കഴിഞ്ഞിട്ടും രാജാവിനെ കാണാതായപ്പോൾ ക്ഷുഭിതരായ നാട്ടുകാർ മന്ത്രിയുടെ മുമ്പിൽ പ്രക്ഷോഭം തുടങ്ങി. മന്ത്രി പറഞ്ഞു: രാജാവ് വന്നിരുന്നു. ഭിക്ഷക്കാരന്റെ രൂപത്തിലാണ് വന്നത്. എന്നാൽ രാജാവിനെ നിങ്ങൾ അടിച്ചോടിച്ചു.

പ്രിയ കുട്ടികളേ, നിങ്ങൾ വചനത്തിലൂടെയും കൂദാശകളിലൂടെയും കൂട്ടായ്മകളിലൂടെയും (മത്താ. 18:20) പാവപ്പെട്ടവരിലൂടെയും മറ്റും നമ്മുടെ ഇടയിലേക്ക് വരുന്ന യേശുവിനെ തിരിച്ചറിയാതെ പോകുന്നുണ്ടോ എന്ന് ആത്മ ശോധന ചെയ്യണം.

യേശുവിന്റെ ജനനത്തിന്റെ വലിയ സന്തോഷത്തിന്റെ സദ്വാർത്ത അറിയാനും ആഘോഷിക്കാനും അറിയിക്കാനുമുള്ള വലിയ അവസരമാണ് ഡിസംബർ 27-നുള്ള ബൊൻ നത്താലെയും അതിനൊരുക്കമായി ഇടവകക ളിൽ ക്രിസ്തുമസ്സ് രാത്രിയിൽ നടക്കുന്ന പ്രത്യേക പരിപാടികളും. 27-നുള്ള ഫ്ളാഷ് മൊബിനും മറ്റും നിങ്ങളുടെ ഇടവകയിൽ നിന്ന് പങ്കാളിത്തം ഉണ്ടാക ണം. അതിന്റെ വിജയത്തിനായി പ്രാർത്ഥിക്കണം.

നമുക്ക് പുതിയ സഹായമെത്രാനായ ടോണി പിതാവിനെ കിട്ടിയതിന് നന്ദി പറയാം. നമ്മുടെ സ്വന്തമായിരുന്ന തട്ടിൽ പിതാവിനെ ഫ്രാൻസിസ് മാർപ്പാപ്പ ഷംഷാബാദ് (ഹൈദ്രാബാദ്) രൂപതയുടെ മെത്രാനായി നിയമിച്ചിരിക്കുകയാണ്. പിതാവിനു വേണ്ടിയും പുതിയ രൂപതയ്ക്കു വേണ്ടിയും നിങ്ങൾ പ്രാർത്ഥിക്കുമല്ലോ.

ബൊൻ നത്താലെ കാരുണ്യത്തിന്റെ ആഘോഷം കൂടിയാണ് എന്നതുപോലെ, പാവപ്പെട്ടവരെയും പുതിയ രൂപതയേയും സഹായിക്കാൻ നമുക്കുത്തരവാദിത്വമുണ്ട്. കാരുണ്യനിധിക്കായുള്ള ക്രിസ്തുമസ്സ് കവറുകൾ നിങ്ങളുടെ വീട്ടിലെത്തി കാണുമല്ലോ. പുൽക്കൂട്ടിൽ ഉണ്ണീശോയ്ക്ക് സമർപ്പിക്കാൻ പറ്റുന്ന ചില സമ്മാനങ്ങൾ നിങ്ങളുടെ മുന്നിൽ ഞാനവതരിപ്പിക്കട്ടെ.

1. ഉണ്ണീശോയ്ക്ക് ഇഷ്ടപ്പെടുന്ന ഒരു സുകൃതജപം എല്ലാ ദിവസവും ചൊല്ലി സുകൃതഹാരമായി പുൽക്കൂട്ടിൽ സമർപ്പിക്കുക.
2. ബൈബിൾ പാരായണമാസമായ ഡിസംബറിൽ എല്ലാ ദിവസവും ബൈബിളിൽ നിന്ന് ഒരു ഖണ്ഡിക എങ്കിലും വായിക്കുക.
3. ഈ മാസത്തിൽ ആരോടെങ്കിലും യേശുവിനെപറ്റിയും ജനനത്തെപറ്റിയും പറയുക.
4. മംഗളവാർത്താകാലത്തിലെ നോമ്പുകാല ചൈതന്യത്തിൽ ഏതെങ്കിലും ഒരു ചെറിയ ഭക്ഷണം ഉപേക്ഷിച്ച് (ഉദാ. മിഠായി, ഐസ്ക്രീം,

ചായ) ആ സംഖ്യ കാരുണ്യനിധി കവറിൽ നിക്ഷേപിക്കുകയും ആശയടക്കം തുടങ്ങിയ പരിത്യാഗപ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്യുക.

5. പാവപ്പെട്ടവരേയും തട്ടിൽ പിതാവിന്റെ മിഷൻ പ്രവർത്തനങ്ങളെയും സഹായിക്കാൻ ഇടവകയിലെ സംഘടനകളോട് ചേർന്ന് പേപ്പറുകൾ, ആക്രിസാധനങ്ങൾ മുതലായവ ശേഖരിച്ച് വിറ്റ് ആ സംഖ്യ കാരുണ്യ നിധിയിൽ ചേർത്ത് ഇടവക വികാരി വഴി അതിരൂപതാ കേന്ദ്രത്തിലെത്തിക്കുക.

നിങ്ങൾക്കേവർക്കും ക്രിസ്തുമസ്സിന്റെയും നവവത്സരത്തിന്റെയും ആശംസകൾ നേരുന്നു. ക്രിസ്തുമസ്സ് പരീക്ഷയിൽ നല്ല വിജയവും ആശംസിക്കുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. നിങ്ങൾ എനിക്കുവേണ്ടിയും പുതിയ പിതാക്കന്മാർക്കുവേണ്ടിയും അതിരൂപതയ്ക്കുവേണ്ടിയും പ്രാർത്ഥിക്കുമല്ലോ. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ചോദ്യങ്ങൾ :

1. യേശു മനുഷ്യനായി ജനിച്ചതു എന്തിനുവേണ്ടി?
2. യേശുവിനെ നിങ്ങളുടെ ജീവിതത്തിൽ കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ ഏവ?
3. ബൊൻ നത്താലെയിൽ നിങ്ങൾക്കെങ്ങനെ പങ്കുകാരാകാം? അതിന്റെ ലക്ഷ്യങ്ങളെ കുറിച്ച് പള്ളിയിൽ വായിച്ചുകേട്ട ഇടയലേഖനത്തിൽ പറഞ്ഞത് എന്ത്?
4. കാരുണ്യനിധി വഴി പാവപ്പെട്ടവരെയും തട്ടിൽ പിതാവിന്റെ മിഷൻ പ്രവർത്തനങ്ങളെയും സഹായിക്കാൻ എന്തുചെയ്യാനാകും?

നിങ്ങളുടെ വത്സലപിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## മതബോധന വാർത്തകൾ

*വിശ്വാസപരിശീലനത്തിലേർപ്പെട്ടിരിക്കുന്ന എല്ലാവർക്കും പുൽക്കൂട്ടിലെ ഉണ്ണീശോ പൊഴിയുന്ന സ്നേഹവും സമാധാനവും ആശംസിക്കുന്നു. 25 ദിവസവും 25 പിറന്നാൾ സമ്മാനങ്ങൾ പ്രാർത്ഥനയോടെ തയ്യാറാക്കി ഉണ്ണീശോയുടെ പിറന്നാളിനു നമുക്കൊരുങ്ങാം. ഉണ്ണീശോ എന്റെ ഹൃദയത്തിൽ വന്നു പിറക്കുന്നതിന് ഏറ്റവും നിർമ്മലമായ ഹൃദയം ഒരുക്കുന്നതാണ് ഉണ്ണീശോയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട സമ്മാനം.*

**1. മതാധ്യാപകർക്കുള്ള ആപ്റ്റിറ്റ്യൂഡ് പരീക്ഷ**

**a) യൂണിറ്റുതല പരീക്ഷ: 2017 ഡിസംബർ 3 ഞായർ,** 3 PM – 4.30 PM.

ആപ്റ്റിറ്റ്യൂഡ് പരീക്ഷയെ സംബന്ധിച്ച വിശദവിവരങ്ങൾ 2017 നവംബർ മാസത്തിലെ അതിരൂപത ബുള്ളറ്റിനിൽ നൽകിയിട്ടുണ്ട്. അതിരൂപതയിലെ എല്ലാ മതാധ്യാപകരും ഈ പരീക്ഷ എഴുതുകയും അതിൽ വിജയിക്കുകയും വേണം. (വാർഷികപ്രോഗ്രാം പേജ് 63 കാണുക)

യൂണിറ്റു തലത്തിൽ പരീക്ഷ നടത്തുന്നതിനു ആവശ്യമായ ചോദ്യപേപ്പർ നവംബർ 27 മുതൽ മതബോധനകേന്ദ്രത്തിൽ നിന്നും കൊണ്ടുപോകാവുന്നതാണ്.

യൂണിറ്റുതലപരീക്ഷയുടെ മൂല്യനിർണ്ണയം ഡിസംബർ 10-നകം നടത്തുകയും അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കാൻ അർഹരായവരെ പ്രധാനാധ്യാപകർ അക്കാര്യം അറിയിക്കുകയും വേണം. ഓരോ യൂണിറ്റിൽനിന്നും അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കുന്നവരുടെ എണ്ണവും പുന:പരീക്ഷയ്ക്കുവേണ്ട ചോദ്യപേപ്പറുകളുടെ എണ്ണവും ഡിസംബർ 12ന് മുമ്പ് മതബോധനകേന്ദ്രത്തിൽ അറിയിക്കണം.

നിശ്ചിത ദിവസം പരീക്ഷ എഴുതാത്ത അധ്യാപകർക്കും തോറ്റവർക്കും 2017 ഡിസംബർ 17 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണി മുതൽ 4.30 മണി വരെ യൂണിറ്റിൽ വെച്ച് പുനഃപരീക്ഷ നടത്തുന്നതായിരിക്കും. ഇതിനുള്ള ചോദ്യപേപ്പറുകൾ ഡിസംബർ 14 മുതൽ മതബോധനകേന്ദ്രത്തിൽനിന്നും ലഭിക്കും.

യൂണിറ്റുതലത്തിൽ പരീക്ഷ എഴുതിയ എല്ലാ അധ്യാപകരുടേയും ഉത്തരകടലാസ്സുകൾ അതാത് യൂണിറ്റിൽ എത്രയും വേഗം വികാരിയച്ചന്റെ / ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ മൂല്യനിർണ്ണയം ചെയ്ത് അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കാൻ യോഗ്യതയുള്ളവരെ ഒരുക്കേണ്ടതാണ്. മൂല്യനിർണ്ണയം വൈകിയതുകൊണ്ടോ യോഗ്യരായവരെ അക്കാര്യം അറിയിക്കാത്തതുകൊണ്ടോ അതിരൂപതാതല പരീക്ഷയിൽ യൂണിറ്റിന്റെ പ്രാതിനിധ്യം ഇല്ലാതെവരുന്ന അവ

സ്ഥയുണ്ടാകരുത്. മൂല്യനിർണ്ണയത്തിന് സഹായകമായ ഉത്തരസൂചിക മത ബോധനകേന്ദ്രത്തിന്റെ ബ്ലോഗിൽ നിന്നും ലഭിക്കുന്നതാണ്. മൂല്യനിർണ്ണയത്തി നുശേഷം *എല്ലാ അധ്യാപകരുടെയും മാർക്കുകൾ സോഫ്റ്റ് വെയർ വഴി അപ്‌ലോഡ് ചെയ്യേണ്ടതാണ്.*

**b) ആപ്റ്റിറ്റ്യൂഡ് അതിരൂപതാതല പരീക്ഷ:**

തിയതിയും സമയവും : 2017 ഡിസംബർ 17 ഞായർ, 2.30 PM – 4.30 PM

സ്ഥലം : മതബോധനകേന്ദ്രം

**c) അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കേണ്ടവർ:**

1) ഓരോ യൂണിറ്റിൽനിന്നും ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ വ്യക്തി (ഒരാൾമാത്രം).

2) യൂണിറ്റിൽ ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ വ്യക്തിക്കുപുറമേ, 88 ശത മാനമോ അതിനുമുകളിലോ മാർക്കുള്ളവരുണ്ടെങ്കിൽ അവർക്കും അതിരൂപതാ തല പരീക്ഷയിൽ പങ്കെടുക്കാം. ഇക്കാര്യം സാക്ഷ്യപ്പെടുത്തി ബഹു. വികാരി യച്ചന്റെ കത്ത് പരീക്ഷയ്ക്കുവരുമ്പോൾ ഇവർ കൊണ്ടുവരണം. ഈ കത്ത് അനുസരിച്ച് അവർക്ക് ഹാൾ ടിക്കറ്റ് ഇവിടെ നിന്ന് 1.30 PM മുതൽ നൽകുന്നതാണ്. പരീക്ഷാർത്ഥികൾ 2 മണിയ്ക്കെങ്കിലും എത്തിയിരിക്കണം. യൂണിറ്റിൽ ഫസ്റ്റ് ആയവർക്ക് മുൻകൂട്ടി നൽകിയിട്ടുള്ള ഹാൾടിക്കറ്റ് അവർ പൂരിപ്പിച്ച് കൊണ്ടുവരേണ്ടതാണ്.

**d) അതിരൂപതാതല പരീക്ഷയ്ക്കുള്ള അധികപാഠ്യഭാഗം**

(Additional Portion): രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖക ളിലെ ദൈവാരാധന(ലിറ്റർജി)യെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂ ഷൻ *(Sacrosanctum Concilium). (POC Edition)* ഖണ്ഡികകൾ 1–58. അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർക്ക് നേരത്തെത്തന്നെ ഒരുങ്ങുന്നതിന് എല്ലാ അധ്യാപകരെയും പ്രധാനാധ്യാപ കർ ഇക്കാര്യം മുൻകൂട്ടി അറിയിക്കേണ്ടതാണ്.

**2. മാർക്ക് എൻട്രി**

മതബോധന അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകൾ സോഫ്റ്റ് വെയ റിൽ എൻട്രി ചെയ്യേണ്ട അവസാന തിയ്യതി ഡിസംബർ 4 ആണെന്ന് ഓർമ്മി പ്പിക്കുന്നു.

**3. ഞായറാഴ്ച മതബോധന വാർഷിക പരീക്ഷകളും കേന്ദ്രീകൃത മൂല്യ നിർണ്ണയവും**

ഞായറാഴ്ച മതബോധന വാർഷിക പരീക്ഷകൾ 2018 ഫെബ്രുവരിയിൽ തന്നെ നടത്തുന്നതാണ്. പരീക്ഷകളുടെ കാര്യം വിദ്യാർത്ഥികളെ നേരത്തെ

ത്തന്നെ അറിയിക്കുകയും അതനുസരിച്ച് പാഠങ്ങൾ പഠിപ്പിക്കുകയും മറ്റു ഒരുക്കങ്ങൾ നടത്തുകയും ചെയ്യുക. കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് (Std. XII & ACC) ബന്ധപ്പെട്ട എല്ലാ അധ്യാപകരും നിർബന്ധമായി സംബന്ധിക്കണം. തിയ്യതികൾ പിന്നീട് അറിയിക്കുന്നതാണ്.

**4. സ്കൂൾ മതബോധനം & സന്മാർഗ്ഗശാസ്ത്രം വാർഷിക പരീക്ഷകൾ**

സ്കൂൾ കാറ്റക്കിസം Std. I - X & മോറൽ സയൻസ് Std. I - XII

തിയതി : **2018 ജനുവരി 19 വെള്ളി**

രാവിലെ (രണ്ടു മണിക്കൂർ) : Stds: I, III, V, VII, IX, XI

ഉച്ചകഴിഞ്ഞ് (രണ്ടു മണിക്കൂർ) : Stds. II, IV, VI, VIII, X, XII

**NB.**

1. ചോദ്യപേപ്പറുകൾ ജനുവരി 10 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ സ്ക്കൂളധികാരികൾ മതബോധന കേന്ദ്രത്തിൽനിന്നും വാങ്ങേണ്ടതാണ്.

2. മോറൽ സയൻസ് വാർഷിക പരീക്ഷയ്ക്ക് ചോദ്യപേപ്പർ തയ്യാറാക്കുന്നതും പരീക്ഷാതിയതി നിശ്ചയിക്കുന്നതും കെ. സി. ബി. സി.യുടെ വിദ്യാഭ്യാസ കമ്മീഷനാണ്. അതുകൊണ്ട് ഒരേ ചോദ്യപേപ്പർ ഉപയോഗിച്ച് നിശ്ചിത തിയതിയിലും നിശ്ചിത സമയത്തും തന്നെ എല്ലാ സ്കൂളുകളിലും പരീക്ഷകൾ നടത്തേണ്ടതാണ്.

3. മോറൽസയൻസ് വാർഷിക പരീക്ഷയുടെ ചോദ്യങ്ങൾ ഒരു വർഷത്തെ മുഴുവൻ സിലബസ്സിൽ നിന്നും ആയിരിക്കും.

4. IV, VII, X, XII ക്ലാസ്സുകളിലെ മോറൽ സയൻസ് വാർഷിക പരീക്ഷ കെ. സി. ബി. സി. വിദ്യാഭ്യാസ കമ്മീഷൻ നടത്തുന്ന പൊതുപരീക്ഷയാണ്. അതിൽനിന്നും 90 ശതമാനമോ അതിനുമുകളിലോ മാർക്കുവാങ്ങിയവരുടെ ഉത്തരക്കടലാസുകൾ കെ. സി. ബി. സി. കമ്മീഷൻ പുനർമുല്യനിർണ്ണയം നടത്തിയാണ് അവാർഡ് ജേതാക്കളെ നിശ്ചയിക്കുന്നത്. ആയതിനാൽ ഈ പരീക്ഷയിൽ 90 ശതമാനമോ അതിനുമുകളിലോ മാർക്കുവാങ്ങിയവരുടെ ഉത്തരക്കടലാസുകൾ, കെ. സി. ബി. സി. വിദ്യാഭ്യാസ കമ്മീഷന് അയച്ചുകൊടുക്കുന്നതിനുവേണ്ടി, പരീക്ഷകഴിഞ്ഞ് 10 ദിവസത്തിനകം മതബോധനകേന്ദ്രത്തിൽ ലഭിച്ചിരിക്കണം. കഴിഞ്ഞ വർഷം X, XII ക്ലാസ്സുകളിൽ നമ്മുടെ അതിരൂപതയിൽനിന്നുള്ള 2 വിദ്യാർത്ഥികൾക്ക് അവാർഡ് ലഭിച്ചു എന്നുള്ളത് അഭിമാനാർഹമാണ്.

5. സ്കൂൾ കാറ്റക്കിസം വാർഷിക പരീക്ഷയ്ക്ക് സെക്കന്റ് ടേമിലെ പാഠഭാഗത്തിൽ നിന്നുമാത്രമേ ചോദ്യങ്ങൾ ഉണ്ടായിരിക്കുകയുള്ളൂ.

6. മോറൽ സയൻസിൽ ചോദ്യങ്ങളുടെ മാതൃക തന്നതിൽ ജനറൽ എന്ന്

പറയുന്ന ചോദ്യങ്ങൾ ടെക്സ്റ്റ് പുസ്തകത്തിൽ നിന്നുള്ളതല്ല.

7. സ്കൂൾ കാറ്റക്കിസം, മോറൽ സയൻസ് വിഷയങ്ങൾക്ക് 4, 7, 10 ക്ലാസ്സുകൾക്ക് അതിരൂപതാമതബോധനകേന്ദ്രം നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷകൾ പതിവുപോലെ ഉണ്ടായിരിക്കും. (Scheme of Work കാണുക)അതിരൂപതാമതബോധനകേന്ദ്രത്തിൽനിന്ന് നല്കുന്ന ചോദ്യപേപ്പറുകൾ ഉപയോഗിച്ച് നിശ്ചിത സമയത്തുതന്നെ നടത്തിയ പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കേ ഈ സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുള്ളൂ.

**5. SMCC പ്രതിഭാ പരിശീലനം (Std. XII & Std. VII)**

Syro-Malabar Catechetical Commission Award-ന് ഒരുക്കമായുള്ള പ്രതിഭാ പരിശീലനത്തിന്റെ പ്രഥമഘട്ടം ഒക്ടോബർ-നവംബർ മാസത്തിൽ ത്തന്നെ വളരെ വിജയകരമായി നടത്തി. വിദ്യാർത്ഥികളെ പരിശീലിപ്പിക്കാൻ സഹായിച്ച ബഹു. അച്ചന്മാർ, ഫൊറോനാ പ്രമോട്ടർമാർ, ഹെഡ്മാസ്റ്റർമാർ, ആനിമേറ്റർമാർ മുതലായവരുടെ സഹകരണത്തിന് നന്ദി. Std. XII വിദ്യാർത്ഥികൾക്കുള്ള അതിരൂപതാതലത്തിലുള്ള അടുത്ത പരിശീലനം ഡിസംബർ 22, 23, 24 തിയ്യതികളിൽ നടത്തുന്നതാണ്. ഈ വിദ്യാർത്ഥികളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന 6 പേരാണ് സഭാതല പ്രതിഭാസംഗമത്തിൽ പങ്കെടുക്കുന്നത്. Std. VII വിദ്യാർത്ഥികൾക്കുള്ള അടുത്ത പരിശീലനം നടത്തുന്നത് പിന്നീട് അറിയിക്കുന്നതാണ്.

**6. മോഡൽ യൂണിറ്റുകൾ**

നടപ്പ് അധ്യയനവർഷത്തിലെ മോഡൽ യൂണിറ്റുകൾക്കുള്ള സമ്മാനങ്ങൾ 2018 ജനുവരി 26 ന് നടക്കുന്ന മതബോധന അധ്യാപകരുടെ സർവ്വീസ് അവാർഡ് ദിനത്തോടനുബന്ധിച്ച് നൽകുന്നതാണ്. ജൂലൈ-സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ യൂണിറ്റ് സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ, ഏതാനും യുണിറ്റുകളിലേക്ക് വീണ്ടും സന്ദർശനം നടത്തുന്നതാണ്.

**7. യൂണിറ്റ് വിസിറ്റിംഗ് ടീമംഗങ്ങളുടെ യോഗം**

2017 ൽ യൂണിറ്റ് വിസിറ്റ് നടത്തിയ എല്ലാ അധ്യാപകരുടേയും ഒരു യോഗം ഡിസംബർ 10 ഞായറാഴ്ച 3 PM ന് DBCLC-യിൽ നടത്തുന്നതാണ്. വിസിറ്റ് നടത്തിയ എല്ലാവരേയും പ്രസ്തുത യോഗത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. യൂണിറ്റ് വിസിറ്റിന് പോയ അധ്യാപകരെ ഈ വിവരം യൂണിറ്റ് അധികൃതർ പ്രത്യേകം അറിയിക്കുമല്ലോ.

**Fr. Tens Kunnappilly**
**Fr. Jijo Kappilamnirappel**
(Asst. Directors)

**Fr. Raphael Akkamattathil**
(Director)

INSTITUTE OF THEOLOGY
TRICHUR

**മാർ ടോണി നീലങ്കാവിൽ പിതാവിന് ഭാവുകങ്ങൾ**

Institute of Theology യിലെ ദൈവശാസ്ത്രാധ്യാപകനും സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് വലിയ മാർഗ്ഗദർശിയുമായിരുന്ന അഭിവന്ദ്യ ടോണി പിതാവിന് അഭിനന്ദനങ്ങൾ. അതിരൂപതാസഹായമെത്രാനെന്ന പുതിയ ഉത്തരവാദിത്വത്തിന്റെ നിർവ്വഹണത്തിന് എല്ലാ ഭാവുകങ്ങളും പ്രാർത്ഥനകളും നേരുന്നു.

## Basic Theology Course :

സന്യാസാർത്ഥിനികൾക്കുള്ള മൂന്നുമാസത്തെ ബെയ്സിക് തിയോളജി കോഴ്സ് 2018 ജനുവരി 8-ന് (തിങ്കൾ) ആരംഭിക്കുന്നു. വിശദവിവരങ്ങൾക്ക് ഡി. ബി. സി. എൽ. സി. -യിലെ തിയോളജി ഓഫീസുമായി ബന്ധപ്പെടുക.

## Correspondence Theology Course:

**പരീക്ഷകൾ:**

**2017 Batch-** ന്റെ നവംബർ 5,19 തിയതികളിൽ നടന്ന നാലു വിഷയങ്ങൾ അടങ്ങുന്ന Paper I, Paper II പരീക്ഷകൾ എഴുതാത്തവർക്കും തോറ്റവർക്കും ഡിസംബർ 9,16 എന്നീ ദിവസങ്ങളിൽ Re-exam. നടത്തുന്നതായിരിക്കും.

**2015-17 Batch** കാരുടെ യൂണിവേഴ്സിറ്റി Comprehensive Oral Exam. ഡിസംബർ 2-ാം തിയതി ആയിരിക്കും.

**അടുത്ത ക്ലാസ്സുകൾ ഡിസംബർ 10, 17** എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും.

## B. A. in Theology and Religious Studies:

ലുവെൻ ബെൽജിയം യുണിവേഴ്സിറ്റിയുടെ ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office -മായി ബന്ധപ്പെടുക.

ക്രിസ്തുമസ് ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ

# മേരിമാതാ മേജർ സെമിനാരി

## 1. സെമിനാരി വിദ്യാർത്ഥികളുടെ വാർഷിക ധ്യാനം

സെമിനാരി വിദ്യാർത്ഥികളുടെ ആത്മീയ പുരോഗതിയും ബോധ്യങ്ങളിലുള്ള ആഴപ്പെടലും ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ വർഷത്തെ വാർഷിക ധ്യാനം 22-10-2017 ഞായർ മുതൽ 26-10-2017 വ്യാഴം വരെ നടന്നു. അദിലാബാദ് രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പിതാവാണ് ധ്യാനം നയിച്ചത്. കൂടെയായിരിക്കുക, അയക്കപ്പെടുക എന്ന വിഷയത്തെ അധികരിച്ച് പിതാവ് നടത്തിയ പ്രഭാഷണങ്ങൾ സെമിനാരിക്കാരുടെ ആത്മീയ ഉണർവ്വിന് കാരണമായി. വാർഷിക ധ്യാനത്തിനുശേഷം 27-10-2017 വെള്ളിയാഴ്ച മുതൽ രണ്ടാം സെമസ്റ്റർ ക്ലാസ്സുകൾ ആരംഭിച്ചു.

## 2. Deacon's Parents Day

28-10-2017 ശനിയാഴ്ച മേരിമാതയിലെ ഡീക്കന്മാരുടെ മാതാപിതാക്കന്മാരുടെ സംഗമം നടത്തുകയുണ്ടായി. റെക്ടറച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ പത്തുമണിക്ക് ആരംഭിച്ച ദിവ്യബലിയിൽ ഡീക്കന്മാരുടെ ആനിമേറ്ററായ ബഹു. ഡേവിസ് കാവുങ്കലച്ചൻ ഹൃദ്യമായ വചനസന്ദേശം നൽകി. ഫോട്ടോ സെഷനുശേഷം ഓഡിറ്റോറിയത്തിൽ ഔദ്യോഗിക മീറ്റിംഗ് നടന്നു. ഡീക്കന്മാരുടെ സഹോദരങ്ങളുടെ കലാപരിപാടികൾ സമ്മേളനത്തിന്റെ മാറ്റുകൂട്ടി. ഏവർക്കും അതൊരു സന്തോഷത്തിന്റെ ദിനമായി.

## 3. ജപമാല സമർപ്പണം

30-10-2017 തിങ്കളാഴ്ച വൈകിട്ട് 7.15 ന് ജപമാല മാസാചരണത്തിന്റെ സമാപനം പ്രദക്ഷിണത്തോടുകൂടി നടന്നു. കത്തിച്ചതിരികളുമേന്തിയുള്ള ജപമാല പ്രദക്ഷിണം പ്രാർത്ഥനകളാലും ഗാനങ്ങളാലും ഭക്തിസാന്ദ്രമായി.

## 4. മിഷൻ ദിനാചരണം

സെമിനാരിയിൽ മിഷൻ ദിനം ആചരിച്ചത് 31-10-2017 ചൊവ്വാഴ്ചയായി

രുന്നു. പ്രഭാതത്തിൽ ദിവ്യബലിയർപ്പിച്ച ബഹു. ഫാ. ജോൺ പന്തലിപ്പാടൻ MST 20 വർഷക്കാലത്തെ തന്റെ ഉജ്ജയിൻ മിഷൻ പ്രവർത്തനങ്ങളുടെ അനുഭവങ്ങളെ ആസ്പദമാക്കി മിഷൻ ദിന സന്ദേശം നൽകി. മിഷൻ ദിനത്തിലെ വിവിധകാര്യപരിപാടികളുടെ ഉദ്ഘാടനം ഉച്ചക്ക് ഒരുമണിക്ക് ബഹു ഫാ. ജിബിൻ താഴേക്കാടൻ നിർവ്വഹിച്ചു. തുടർന്ന് വിവിധതരം കളികളും തട്ടുകടയും സജീവമായി. രാത്രി 8.45 ന് മിഷൻ ഫണ്ട് സ്വരൂപിക്കാനായുള്ള ലേലം വിളിയും നടന്നു.

## 5. ഡീക്കൻമാരുടെ യാത്രയയപ്പ്

01-11-2017 ബുധനാഴ്ച വൈകിട്ട് സമൂഹബലിയോടെ ആരംഭിച്ച ഡീക്കന്മാരുടെ യാത്രയയപ്പ് ചടങ്ങുകൾ ഏറെ ഹൃദ്യമായിരുന്നു. വിവിധരൂപതകളിൽ നിന്നും സന്ന്യാസസഭകളിൽ നിന്നുമുള്ള 20 ഡീക്കന്മാരാണ് ഈ വർഷം മേരിമാതായുടെ പടിയിറങ്ങുന്നത്. ബഹുമാനപ്പെട്ട റെക്ടറച്ചനും ഡേവിസ് കാവുങ്കലച്ചനും ബിൽജു വാഴപ്പിള്ളിയച്ചനും ഡീക്കന്മാർക്ക് ആശംസകളർപ്പിച്ച് സംസാരിച്ചു. മുൻ റെക്ടറായിരുന്ന അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് യോഗത്തിൽ സന്നിഹിതനായിരുന്നു. മേരിമാതാ സെമിനാരി തങ്ങൾക്കു നൽകിയ എല്ലാ സേവനങ്ങൾക്കും ഡീക്കന്മാർ നന്ദി പറഞ്ഞു.

### 6. സകല മരിച്ചവരുടെയും ഓർമ്മയാചരണം

സകല മരിച്ചവിശ്വാസികളുടെയും അനുസ്മരണദിനമായ നവംബർ 2-ാം തിയ്യതി എല്ലാ സെമിനാരി വിദ്യാർത്ഥികളും മുളയം സെന്റ് പാട്രിക് ഇടവക ദൈവാലയത്തിലാണ് ദിവ്യബലിയിൽ സംബന്ധിച്ചത്. പെരിയ ബഹുമാനപ്പെട്ട മോൺ. വർഗ്ഗീസ് ഞാളിയത്തച്ചൻ മുഖ്യ കാർമ്മികനായി. ദിവ്യബലിക്കുശേഷം മുളയം ഇടവക വികാരി ഫാ. ജിക്സൺ താഴത്ത് എല്ലാ സെമിനാരി വിദ്യാർത്ഥികൾക്കും അച്ചൻമാർക്കും നന്ദി പറഞ്ഞു.

### 7. കുടുംബ ദിനാഘോഷം

സെമിനാരി വിദ്യാർത്ഥികളിലെ സർഗ്ഗചേതനയെ ഉണർത്തുന്നതിനും കുടുംബാരൂപി വളർത്തുന്നതിനും 02-11-2017, 03-11-2017 എന്നീ തിയ്യതികളിലായി കുടുംബദിനത്തോടനുബന്ധിച്ചുള്ള കലാകായിക മത്സരങ്ങൾ നടത്തപ്പെട്ടു. വിദ്യാർത്ഥികളെ മൊത്തത്തിൽ നാലു ഹൗസുകളാക്കി തിരിച്ചായിരുന്നു മത്സരങ്ങൾ. കുടുംബദിനമായാഘോഷിച്ച 04-11-2017 ഉച്ചക്ക് 12 മണിക്ക് പ്രാർത്ഥനാ ശുശ്രൂഷയും സ്നേഹവിരുന്നും നടത്തി. വൈകിട്ട് 8.30 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവിന്റെ അദ്ധ്യക്ഷതയിൽ സമ്മാനദാന ചടങ്ങും നടന്നു. റെക്ടറച്ചൻ ഏവരെയും സ്വാഗതം ചെയ്തു. തൃശ്ശൂർ അതിരൂ

പതാ നിയുക്ത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ ആശം സകളർപ്പിച്ചു.

**8. വിനോദയാത്ര**

സെമിനാരി വിദ്യാർത്ഥികളുടെ മാനസികോല്ലാസത്തിനും കൂട്ടായ്മ യുടെ വർദ്ധനവിനുമായി ഈ വർഷത്തെ വിനോദയാത്ര 08-11-2017 ബുധ നാഴ്ച രാത്രി 8 മണി മുതൽ 10-11-2017 വെള്ളിയാഴ്ച രാവിലെ 7 മണി വരെ നടത്തുകയുണ്ടായി. വിവിധ ബാച്ചുകൾ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം വിവിധ സ്ഥലങ്ങളിലേക്കായി യാത്ര തിരിച്ചു. ഏവർക്കും അത് സന്തോഷത്തിന്റെ ദിന ങ്ങളായിരുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

## Individual Benefactor Membership

1. ശ്രീ. ജോസ് എം. എ., & ശ്രീമതി ടെസ്സി ജോസ്, മേലേത്ത് ഹൗസ്, എൽത്തുരുത്ത്.
2. ശ്രീ. ജോണി എം. ഡി., മേനാച്ചേരി ഹൗസ്, മുക്കാട്ടുകര.
3. ശ്രീ ആന്റണി സി. ജെ., ചിറ്റിലപ്പിള്ളി കുഞ്ഞാപ്പു ഹൗസ്, അരണാട്ടുകര.
4. ശ്രീ. ജെയിംസ് സി.ഡി., ചിറയത്ത് ചുക്കിരി ഹൗസ്, കുരിയച്ചിറ.
5. ശ്രീ. റെബിൻ സണ്ണി., നെടുംപറമ്പിൽ ഹൗസ്, തൃശ്ശൂർ.

വൈദികവിദ്യാർത്ഥികളെ സ്വന്തം കുടുംബാംഗങ്ങളെന്നപോലെ സ്വീക രിച്ച് അവർക്കായി പ്രാർത്ഥിക്കുകയും പിന്തുണ നൽകുകയും ചെയ്യുന്ന എല്ലാവരെയും ഈശോനാഥൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**

റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

1. മിഷൻ ദിനാചരണം : ആഗോളമിഷൻ ഞായറിനോടനുബന്ധിച്ച് ഒക്ടോബർ 22ന് മിഷൻ ദിനമായി ആചരിച്ചു. അന്നേദിവസം മിഷനറിമാർക്കും മിഷൻപ്രവർത്തനങ്ങളുടെ വിജയത്തിനുമായി പ്രത്യേകം പ്രാർത്ഥിച്ചു. രാവിലെയുള്ള ദിവ്യബലിക്കുശേഷം മിഷൻ ഫെസ്റ്റ് നടത്തി. വൈകീട്ട് ബഹു. ബാബു പാണാട്ടുപറമ്പിലച്ചൻ പ്രചോദനാത്മകമായ മിഷൻ സന്ദേശം നൽകുകയും മിഷൻ ഫണ്ട് ശേഖരണത്തിനായി സംഘടിപ്പിച്ചിരുന്ന ലേലം ഉദ്ഘാടനം ചെയ്തു.
2. ജപമാല പ്രദക്ഷിണം : ജപമാലമാസത്തിന്റെ സമാപനദിനമായ ഒക്ടോബർ 31ന് വൈകിട്ട് ഭക്തിനിർഭരമായ ജപമാലപ്രദക്ഷിണം നടത്തി സെമിനാരി കുടുംബം പരി. അമ്മയുടെ മാധ്യസ്ഥം അപേക്ഷിച്ചു.
3. ആർച്ച്ബിഷപ്സ് ഡേ & ഹോം ഡേ : നവംബർ 11ന് സെമിനാരി കുടുംബം ആർച്ച്ബിഷപ്സ് ഡേയും ഹോം ഡേയും സംയുക്തമായി ആഘോഷിച്ചു. അന്നേദിവസം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. ആഘോഷങ്ങളുടെ ഭാഗമായി സെമിനാരി വിദ്യാർത്ഥികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. എല്ലാ പരിപാടികളും മനോഹരമാക്കാൻ സാന്നിധ്യം കൊണ്ടും പരിശ്രമം കൊണ്ടും സർവ്വോപരി പ്രാർത്ഥനകൊണ്ടും സഹായിച്ച ഏവർക്കും അകമഴിഞ്ഞ നന്ദി.
4. അഭിവന്ദ്യ പിതാക്കന്മാരൊത്ത് ദിവ്യബലിയർപ്പണം : നവംബർ 9ന് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് ദിവ്യബലിയർപ്പിച്ചു. നവംബർ 17ന് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് ദിവ്യബലിയർപ്പിക്കുകയും തന്റെ പുതിയ ദൗത്യത്തെപറ്റി സംസാരിക്കുകയും ചെയ്തു. ഷംഷാബാദ് രൂപതയുടെ പ്രഥമ മെത്രാനായി ഉത്തരവാദിത്വം ഏറ്റെടുക്കുന്ന അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന് സെമിനാരി കുടുംബം ആശംസകളും പ്രാർത്ഥനകളും നേർന്നു.

5. മാസധ്യാനം : നവംബർ 3, 4 തീയതികളിൽ മൈനർ സെമിനാരിക്കാർക്കും റീജൻസി ബ്രദേഴ്സിനും നവംബർ 17, 18 തീയതികളിൽ ഡിഗ്രി പഠിക്കുന്നവർക്കും യഥാക്രമം ബഹു. ഡിജോ ഒലക്കേങ്കിലച്ചനും ബഹു. ബാബു പാണാട്ടുപറമ്പിലച്ചനും ധ്യാനചിന്തകൾ നൽകി.

6. ഇടവകതിരുനാൾ : മഡോണനഗർ ഇടവക ദൈവാലയത്തിലെ തിരുനാൾ തിരുകർമ്മങ്ങളിലും ആഘോഷങ്ങളിലും സെമിനാരി കുടുംബം താത്പര്യപൂർവ്വം പങ്കുചേർന്നു. നവംബർ 18, 19 തീയതികളിലായിരുന്നു തിരുനാളാഘോഷങ്ങൾ. സെമിനാരി കുടുംബത്തെ സ്വന്തമായി കരുതുന്ന ബഹു. വികാരിയച്ചനും ഇടവകക്കാർക്കും ഏറെ നന്ദി.

7. ബേഴ്സ് സ്ഥാപിച്ചവർ :
   1. ശ്രീ. സി. എ. ലാസർ, ചുങ്കത്ത് ഹൗസ്, പാവറട്ടി
   2. ശ്രീ. പി. ജെ. രാജൻ, പുത്തൂർ കൈതക്കോടൻ ഹൗസ്, കടങ്ങോട്
   3. ശ്രീ. ടി. എസ്. പോൾ & ശ്രീമതി ബേബി പോൾ, തേറുകാട്ടിൽ ഹൗസ്, നെല്ലിക്കുന്ന്
   4. ശ്രീ. നെൽജോ, നീലങ്കാവിൽ ഹൗസ്, കൊട്ടേക്കാട്.
   5. ശ്രീ. ആന്റണി മൂക്കൻ, മുക്കാട്ടുകര
   6. ഡോ. റിച്ചാർഡ് ടോം സണ്ണി, നെടുംപറമ്പിൽ ഹൗസ്, തൃശ്ശൂർ
   7. ശ്രീ. പീറ്റർ സി. പോൾ, ചിറ്റലപ്പിള്ളി വൈദ്യക്കാരൻ ഹൗസ്, ചിറ്റാട്ടുകര

ഈശോയുടെ പാത പിന്തുടർന്ന് ഇടയധർമ്മം ഏറ്റെടുക്കുവാൻ ഒരുങ്ങുന്ന വൈദികവിദ്യാർത്ഥികളെ അകമഴിഞ്ഞ് സഹായിക്കുന്ന എല്ലാവരെയും അവിടുന്ന് ആശീർവദിക്കട്ടെ.

**ഫാ. ഡൊമിനിക് തലക്കോടൻ**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

### ജോലിസ്ഥലത്തെ മാനസിക ആരോഗ്യം

ലോകമാനസികാരോഗ്യദിനത്തോടനുബന്ധിച്ച് ഈ വർഷത്തെ തിരഞ്ഞെടുക്കപ്പെട്ട മാനസികാരോഗ്യം എന്ന വിഷയം ആസ്പദമാക്കി കേരള സൈക്യാട്രിക്ക് സൊസൈറ്റിയും തൃശ്ശൂർ ഗിൽഡും ഒരുമിച്ച് ഒരു ഏകദിന സെമിനാർ സംഘടിപ്പിച്ചു. ജോലിസ്ഥലത്തെ സമ്മർദ്ദം, ജീവനക്കാരുടെ ആരോഗ്യത്തിനും സ്ഥാപനങ്ങളുടെ ആരോഗ്യപൂർണ്ണമായ നിലനിൽപ്പിനും ഒരു വെല്ലുവിളിയാണ്. മാനസിക സമ്മർദ്ദം അനുഭവിക്കുന്ന മനുഷ്യർ അനാരോഗ്യമുള്ളവരും ലക്ഷ്യബോധം കുറവുള്ളവരും, കുറഞ്ഞ ഉൽപാദനക്ഷമതയുള്ളവരും ആകുന്നു. ഇവർക്ക് സുരക്ഷിതത്വം കുറവായി അനുഭവപ്പെടുന്നു. തത്ഫലമായി അവർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മത്സരാതിഷ്ഠിതമായ ചുറ്റുപാടിൽ വിജയം കൈവരിക്കാനാകില്ല.

നമ്മുടെ കാലഘട്ടത്തിൽ സ്ത്രീ–പുരുഷ ഭേദമന്യേ എല്ലാവരും ജോലിക്കാർ ആകുമ്പോൾ ഇതൊരു സാമൂഹ്യപ്രശ്നമായി മാറികൊണ്ടിരിക്കുകയാണ്. ഇതിന്റെ മൂലകാരണങ്ങൾ എന്താണെന്നും അതെങ്ങനെ പരിഹരിക്കാമെന്നും നാം ആലോചിക്കേണ്ടിയിരിക്കുന്നു. സെമിനാറിൽ മാനസികാരോഗ്യ മേഖലയിലെ പ്രമുഖ വ്യക്തികൾ പ്രഭാഷണം നടത്തി.

### ഓട്ടിസം സെമിനാർ

ലോക മാനസികാരോഗ്യദിനത്തിനോടനുബന്ധിച്ച് ഓട്ടിസം ഉൾപ്പടെയുള്ള കുട്ടികളിലെ മാനസിക രോഗങ്ങളെ കുറിച്ചും, അവയുടെ നൂതന ആയുർവ്വേദ ചികിത്സാരീതികളെകുറിച്ചും ജൂബിലി ആയുർവ്വേദ ആശുപത്രിയിലെ സീനിയർ കൺസൽട്ടന്റ് ഡോ. അനുമോദ് കാക്കശ്ശേരി പ്രബന്ധം അവതരിപ്പിച്ചു. തുടർന്ന് വിദഗ്ധരുടെ നേതൃത്വത്തിൽ ചർച്ചകളും ഉണ്ടായിരുന്നു.

### ജൂബിലി മിഷൻ മെഡിക്കൽ കോളേജിന് എൻ. എ. ബി. എച്ച്. എൻട്രി ലെവൽ അംഗീകാരം

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിക്ക് നാഷണൽ

അക്രഡിറ്റേഷൻ ബോർഡ് ഓഫ് ഹോസ്പിറ്റൽസിന്റെ എൻട്രി ലെവൽ അംഗീകാരം. മന്ത്രി സി. രവീന്ദ്രനാഥ് അംഗീകാരപത്രം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തിന് കൈമാറി. മികച്ച നിലവാരമുള്ള ചികിത്സാ ലഭ്യത, മരുന്നുകളുടെ ശരിയായ ഉപയോഗം, തുടർച്ചയായ ഗുണനിലവാരം എന്നിങ്ങനെ തുടങ്ങുന്ന നിരവധി മേഖലകളിൽ നേരിട്ടുള്ള പരിശോധനകൾക്ക് ശേഷമാണ് അംഗീകാരം നൽകുന്നത്. തുടർന്ന് നടന്ന ജൂബിലി ഫെസ്റ്റ് ചടങ്ങിൽ പ്രശസ്ത പിന്നണി ഗായകൻ ജയചന്ദ്രൻ മുഖ്യാതിഥിയായിരുന്നു. ബിഷപ്പ് മാർ ടോണി നീലങ്കാവിൽ, മാർ ജേക്കബ്ബ് തൂങ്കുഴി, ജൂബിലി സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, അസോ. ഡയറക്ടർ ഫാ. പോൾ പേരാമംഗലത്ത്, ചീഫ് ഓഫ് മെഡിക്കൽ സർവ്വീസസ് ഡോ. അലക്സ് ജോസഫ്, ജൂബിലി മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ, നേഴ്സിങ്ങ് സൂപ്രണ്ട് സിസ്റ്റർ ഫിലോ പോൾ എന്നിവർ പങ്കെടുത്തു.

**രക്തസമ്മർദ്ദത്തെക്കുറിച്ച് അവബോധമുണ്ടാക്കുവാൻ ജൂബിലി മിഷൻ**

ലോകഹൃദയദിനാചരണത്തോടനുബന്ധിച്ച് യാത്രക്കാർക്കായി തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയുടെ നേതൃത്വത്തിൽ സൗജന്യ അടിസ്ഥാന പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ്, ശക്തൻ ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ എത്തിച്ചേർ ന്നആയിരത്തോളം യാത്രക്കാർക്കായാണ് പരിശോധന ക്യാമ്പ് സംഘടിപ്പിച്ചത്. തൃശ്ശൂർ കോർപ്പറേഷൻ കൗസിലർ ശ്രീ. ജോർജ്ജ് ചാണ്ടി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ആശുപത്രി അസി. ഡയറക്ടർ ഫാ. ടിജോ ജോയ് മുള്ളക്കര, ശ്രീ. പ്രവീൺ ജോർജ്ജ്, എൽജോ ആന്റണി, ആന്റണി ജേക്കബ്ബ്, സ്കൂൾ ഓഫ് നേഴ്സിങ്ങിലെ വിദ്യാർത്ഥികൾ തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി.

**ജൂബിലി ഇൻ സ്കൂൾസ്'**

മീസിൽസ്, റുബെല്ലാ എന്നീ രണ്ട് രോഗങ്ങൾ 2020-ഓടുകൂടി നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി ദേശീയ തലത്തിൽ ആരംഭിച്ച യജ്ഞം ആദ്യ ഘട്ടം തമിഴ്നാട്ടിലും കർണാടകത്തിലും ഗോവ, പോണ്ടിച്ചേരി, ലക്ഷദ്വീപ് എന്നിവിടങ്ങളിലും കൊടുത്തുകഴിഞ്ഞു. രണ്ടാംഘട്ടത്തിൽ കേരള ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഒക്ടോബർ മാസത്തിൽ ഒമ്പത് മാസം മുതൽ 15 വയസുവരെയുള്ള കുട്ടികൾക്ക് ഒരു ഡോസ് എം. ആർ. വാക്സിൻ നൽകുന്നു.

ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ലോകത്തെ മുഴുവൻ മീസിൽസ് മരണങ്ങളുടെ നാൽപ്പത് ശതമാനവും ഇന്ത്യയിലാണ്. കേരളത്തിൽ 2016-ൽ മാത്രം 1627 കുട്ടികൾക്ക് മീസിൽസ് പിടിപെട്ടു. അതിൽ നാലുപേർ മരണപ്പെട്ടു. ഗർഭാവസ്ഥയിൽ റുബെല്ല വന്നാൽ കൺജനിറ്റൽ റുബെല്ലാ സിൻഡ്രോം എന്ന ഒരു അസുഖമായിട്ടാണ് പിറന്നുവീഴുക. ഹൃദയം, ചെവി,

കണ്ണ് എന്നിവയ്ക്കുണ്ടാകുന്ന വൈകല്യങ്ങൾക്ക് പുറമെ ബുദ്ധിമാന്ദ്യവും സംഭവിക്കുന്നു. ഈ.എം.ആർ വാക്സിനേഷൻ യജ്ഞത്തിന് പൂർണ പിന്തുണ നൽകാനും മെഡിക്കൽ വിദ്യാർത്ഥികളിൽ പൊതുജനാരോഗ്യ അവബോധം വളർത്തുക എന്നീ ഉദ്ദേശ്യത്തോടുകൂടി നടത്തിയ ഒരു കൂട്ടായ സംരംഭമാണ് 'ജൂബിലി ഇൻ സ്കൂൾസ്'. കമ്മ്യൂണിറ്റി മെഡിസിൻ, പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങൾ സംയുക്തമായി മെഡിക്കൽ വിദ്യാർത്ഥികൾക്ക് പലിശീലനം നൽകി അവരെ സ്കൂളുകളിൽ എം.ആർ വാക്സിനെ കുറിച്ച് ക്ലാസെടുക്കാൻ പ്രാപ്തരാക്കി. തങ്ങൾ പഠിച്ചിറങ്ങിയതോ, അവരുടെ വീടിനടുത്തുള്ളതോ ആയ സ്കൂളുകളാണ് ഈ സംരംഭത്തിനായി തിരഞ്ഞെടുത്തത്. എന്തെന്നാൽ വിദ്യാർത്ഥികൾക്ക് ആ സ്കൂളുകളിൽ സ്വീകാര്യത കൂടും. ഈ സംരംഭത്തിലൂടെ തിരുവനന്തപുരം മുതൽ കാസർക്കോടുവരെയുള്ള എല്ലാ ജില്ലകളിലും ഉള്ള 120 എയ്ഡഡ് അൺ എയ്ഡഡ്, ഗവൺമെന്റ് സ്കൂളികളിൽ 180 മെഡിക്കൽ വിദ്യാർത്ഥികൾ ബോധവത്കരണ ക്ലാസുകൾ നടത്തി.

## ജൂബിലി കളേഴ്സ് – 2017

ശിശുദിനാഘോഷത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പീഡിയാട്രിക് വിഭാഗവും, പേഷ്യന്റ് റിലേഷൻസ് ഡിപ്പാർട്ടുമെന്റും സംയുക്തമായി തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് 1–ാം ക്ലാസുമുതൽ +2 വരെയുള്ള കുട്ടികൾക്കായി ജില്ലാതല ചിത്രരചനാമത്സരം 'ജൂബിലി കളേഴ്സ് 2017' സംഘടിപ്പിച്ചു.

## തുടർച്ചയായി രണ്ടാം പ്രാവശ്യവും ജൂബിലി മെഡിക്കൽ വിദ്യഭ്യാസരംഗത്ത് ഒന്നാമതെത്തി

ഈ വർഷത്തെ ഒന്നാം വർഷ എം.ബി.ബി.എസ്. പരീക്ഷയിൽ 97 ശതമാനം വിജയത്തോടെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഒന്നാമതായി. പരീക്ഷ എഴുതിയ KUHS–ന്റെ കീഴിലുള്ള മുപ്പതോളം മെഡിക്കൽ കോളേജുകളിൽ തുടർച്ചയായി രണ്ടാം തവണയും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഒന്നാമതെത്തി. ഒന്നാം സ്ഥാനം നേടിയ വിദ്യാർത്ഥികളെ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തും, പ്രിൻസിപ്പൽ ഡോ. പ്രവീൺലാലും അഭിനന്ദിച്ചു. പഠനരംഗത്ത് മികവുറ്റ വിദ്യഭ്യാസം ഉറപ്പാക്കാൻ കഠിനാദ്ധ്വാനം ചെയ്യുന്ന അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി വിഭാഗങ്ങളിലെ അധ്യാപകരെ പ്രത്യേകം അനുമോദിച്ചു. ഉറച്ച കാൽവെയ്പ്പോടെ മെഡിക്കൽ വിദ്യഭ്യാസരംഗത്തും റിസേർച്ച് രംഗത്തും മുന്നോട്ടു നീങ്ങുവാൻ ജൂബിലി പ്രതിജ്ഞാബദ്ധരാണെന്ന് അറിയിച്ചു.

## ജൂബിലി മിഷനാശുപത്രിയിൽ അന്താരാഷ്ട്ര റേഡിയോളജി ദിനാചരണം

അന്താരാഷ്ട്ര റേഡിയോളജി ദിനം വിവിധ പരിപാടികളോടുകൂടി ജൂബിലി

മിഷനാശുപത്രിയിൽ ആഘോഷിച്ചു. അന്നേ ദിവസം തന്നെ അത്യാധുനികമായ രണ്ട് അൾട്രാസൗണ്ട് സ്കാനറുകളുടേയും നൂതന PACS സംവിധാനത്തിന്റേയും ഉദ്ഘാടനവും നടത്തപ്പെട്ടു. ഉദ്ഘാടന ചടങ്ങുകൾക്ക് റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ചു.

**ജൂബിലി മിഷൻ അലൈഡ് ഹെൽത്ത് ആർട്സ് ഡേ – 2017**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ഹെൽത്ത് വിദ്യാർത്ഥികൾ മദർ തെരേസ ഹാളിൽ ആർട്സ് ഡേ സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ മികവ് തെളിയിക്കുവാനുള്ള വിവിധ കലാപരിപാടികളുടെ മത്സരങ്ങൾ ഉണ്ടായിരുന്നു. സമ്മാനദാനത്തോടനുബന്ധിച്ചുള്ള സമാപന ചടങ്ങിൽ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടിജോ മുള്ളക്കര, വിവിധ ഡിപ്പാർട്ടുമെന്റ് എന്നിവർ സിഹിതരായിരുന്നു. ജൂബിലി മിഷൻ ആശുപത്രിയിൽ മെഡിക്കൽ ഓങ്കോളജി ഡോ. മിഥുൻ ചാക്കോ ജോണിന്റെ നേതൃത്വത്തിലുള്ള കീമോതെറാപ്പി യൂണിറ്റിലെ ബയോ സേഫ്റ്റി ക്യാബിനറ്റിന്റെ ആശീർവ്വാദകർമ്മം നടന്നു. ജൂബിലി മിഷൻ ആശുപത്രിയിൽ ഹൈപ്പർ ബേരിക് ഓക്സിജൻ തെറാപ്പി യൂണിറ്റിന്റെ സേവനം നവംബർ 11 മുതൽ പുനരാരംഭിച്ചു.

ജൂബിലി മിഷൻ ആശുപത്രിയിലെ മൈക്രോബയോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ "STD - An all time social problem" എന്ന വിഷയത്തെക്കുറിച്ച് ന്യൂ സി.സി.എം. ഹാളിൽ സി.എം.ഇ. നടത്തി. ഇതിന്റെ ഉദ്ഘാടനം ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തും സ്വാഗതം ഡോ. കെ. എ. സത്യവതിയും നിർവ്വഹിച്ചു. ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, ഫാ. ടിജോ മുള്ളക്കര, ഡോ. സുശീല ജെ ഇന്ന എന്നിവർ ആശംസകൾ അർപ്പിക്കുകയും ഡോ. ചിത്ര വത്സൻ നന്ദിയും പറഞ്ഞു. പ്രസ്തുത വിഷയങ്ങളെക്കുറിച്ച് വിവിധ വിഭാഗങ്ങളിലെ പ്രമുഖർ ക്ലാസ്സുകൾ നയിച്ചു.

**അഭിനന്ദനങ്ങൾ .. ആശംസകൾ ..**

അനസ്തീഷ്യ ഡോക്ടർമാരുടെ അഖിലേന്ത്യ സംഘടനയായ ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തെറ്റിക്സ് സംസ്ഥാന ഘടകം സെക്രട്ടറിയായി ഡോ. ബിനിൽ ഐസക് മാത്യുവിനെ കോഴിക്കോട് നടന്ന സംസ്ഥാന സമ്മേളനത്തിൽ തിരഞ്ഞെടുത്തു.

തൃശ്ശൂർ ഓർത്തോപീഡിക് സൊസൈറ്റി നടത്തിയ പ്രൊഫ. വിജയകുമാർ മെമ്മോറിയൽ ഓർത്തോ ക്വിസ് മത്സരത്തിൽ പതിനൊന്നാമത് ബാച്ച് എം. ബി. ബി. എസ്. വിദ്യാർത്ഥികൾ വിജയികളായി.

2017 ഒക്ടോബർ 23ന് കോഴിക്കോട് മെഡിക്കൽ കോളേജ് നടന്ന 30–ാമത് ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സ് യു.ജി. കോമ്പറ്റീഷനിൽ എം. ബി. ബി. എസ്. വിദ്യാർത്ഥികളായ അസിൻ പി. എസ്, ആഫിൻ ഹാനൻ

എന്നിവർ മൂന്നാം സ്ഥാനം നേടി.

പെരിന്തൽമണ്ണയിൽ വെച്ച് നടന്ന ഓൾ കേരള ന്യൂറോ സയൻസ് മീറ്റിൽ പേപ്പർ അവതരണത്തിൽ ഡോ. മേരി ആൻ രണ്ടാം സ്ഥാനം നേടി.

കണ്ണൂർ ജില്ലയിലെ കേരള ഫെർട്ടിലിറ്റി സൊസൈറ്റി നടത്തിയ റീപ്രൊഡക്ടീവ് മെഡിസിനിൽ സംസ്ഥാനതല ക്വിസ് മത്സരത്തിൽ ഡോ. ദിവ്യ രാജലക്ഷ്മി, ഡോ. ജൂലിയ ജോൺ എന്നിവർ ഒന്നാം സ്ഥാനം നേടി.

ഭുവനേശ്വറിൽ നടന്ന 44-ാമത് ബിനാലെ കോഫറൻസിൽ CMAI യുടെ ലാബ് ട്രെയിനിങ്ങ് കമ്മിറ്റിയിൽ 50 വർഷത്തെ സ്തുത്യർഹ സേവനം അനുഷ്ഠിച്ച സി. ഗോഡിയാൻ FCC യെ ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ ആദരിച്ചു.

**മെഡിക്കൽ ക്യാമ്പുകൾ**

രാമവർമ്മപുരം ക്രൈസ്റ്റ് വില്ല പുവർ ഹോമിൽ കാർഡിയോളജി ക്യാമ്പ് നടന്നു. താഴേക്കാട് സെന്റ് സെബാസ്റ്റ്യൻ ചർച്ചിൽ രക്തപരിശോധനയും കാർഡിയോളജി ക്യാമ്പും നടന്നു. തൃശ്ശൂർ ശക്തൻ സ്റ്റാന്റ് & കെ.എസ്.ആർ.ടി.സി. സ്റ്റാന്റിൽ കാർഡിയോളജി ക്യാമ്പ് നടന്നു.

**പുതിയ ഡോക്ടർമാർ**

ഡോ. ഹേമങ്ങ് അരവിന്ദ്കുമാർ സാങ്ങ്‌വി (പ്ലാസ്റ്റിക് സർജറി വിഭാഗം)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

ശ്രീ. കൃഷ്ണൻ, ആനന്ദ് ഭവൻ, തൃശ്ശൂർ

**ഹൃദയനിധിയിലേക്ക് സംഭാവന നൽകിയവർ**

ശ്രീമതി സോന ജോൺ, വെള്ളാപ്പിള്ളി ഹൗസ്, തൃശ്ശൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

സി. എഡ്വേഡ് സി. എസ്. സി, സെന്റ് അഗസ്റ്റ്യൻസ് കോൺവെന്റ്, കൊക്കാല, തൃശ്ശൂർ (50 ഡയാലിസിസ്)

സെന്റ് മേരീസ് ചർച്ച്, പേരാമംഗലം, തൃശ്ശൂർ (240 ഡയാലിസിസ്)

ഫാത്തിമ മാതാ ചർച്ച്, കോനിക്കര, തൃശ്ശൂർ (196 ഡയാലിസിസ്)

ശ്രീമതി ഷീന പ്രിൻസ്, കവലക്കാട്ട് ഹൗസ്, തൃശ്ശൂർ (32 ഡയാലിസിസ്)

സെന്റ് മാത്യൂസ് ചർച്ച്, പാലക്കൽ, തൃശ്ശൂർ (80 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**

ഡയറക്ടർ

THRISSUR EDUCATIONAL TRUST
&
Jyothi Engineering College

- **Blood Donors Forum-Poster Making Competition**: ഒക്ടോബർ 6ന്, ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ Blood Donors Forum ത്തിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി " give blood, give now, give often" എന്ന വിഷയത്തെ അധികരിച്ച് Poster Making Competition സംഘടിപ്പിച്ചു.

- **Motivational Speach for Students & Teachers** : ശ്രീ. തോമസ് ലൂയിസ് (Morpho Thinkers, Bangalore) ന്റെ നേതൃത്വത്തിൽ, ഒക്ടോബർ 6ന് ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമായി ഒരു സെമിനാർ സംഘടിപ്പിച്ചു.

- **11–ാമത് ബിരുദദാനചടങ്ങ് :** ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ 11–ാമത് ബിരുദദാനചടങ്ങ് ഒക്ടോബർ 14ന് വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. തൃശ്ശൂർ അതിരൂപത നിയുക്ത സഹായമെത്രാൻ മാർ. ടോണി നീലങ്കാവിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിന് കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി സ്വാഗതം ആശംസിച്ചു. കാരുണ്യ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ഇ.ജെ. ജെയിംസ് ഉദ്ഘാടനം നിർവ്വഹിച്ച്, ബിരുദദാനപ്രസംഗം നടത്തി. അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, പ്രിൻസിപ്പൽ ഡോ. കെ കെ ബാബു, എന്നിവർ പ്രസംഗിച്ചു ബി.ടെക്., എം.ടെക് ബിരുദദാരികളായ 371പേർ ഇക്കുറി ബിരുദം സ്വീകരിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി, ബി.ടെക്. 2015 വർഷ റാങ്ക് പട്ടിക പ്രസി

ഢീകരിച്ചപ്പോൾ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ആറു ബ്രാഞ്ചുകളിലായി 13 പേരാണ് റാങ്കുകൾക്ക് അർഹരായിട്ടുള്ളത്.

- **An invited talk on "Activity based Travel Demand Modelling":** ഒക്ടോബർ 13ന്, സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ **"Activity based Travel Demand Modelling"** എന്ന വിഷയത്തിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമായി, പ്രൊഫ. ശ്രീല പി.കെ. (അസോസിയേറ്റ് പ്രൊഫസർ, ഗവ. എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്)യുടെ നേതൃത്വത്തിൽ പ്രഭാഷണം സംഘടിപ്പിച്ചു.

- **World Standrds Day** : ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, IE(I) സ്റ്റുഡന്റ് ചാപ്റ്ററിന്റെയും മെക്കാനിക്കൽ എഞ്ചിനീയറിംഗ് സ്റ്റുഡന്റ്സ് അസോസിയേഷന്റെയും നേതൃത്വത്തിൽ ഒക്ടോബർ 28ന്, World Standrds Day ആഘോഷിച്ചു. കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. ജിന്റോ പേരേപ്പാടൻ അദ്ധ്യക്ഷത വഹിച്ച ചങ്ങിൽ, ശ്രീ. കൃഷ്ണകുമാർ (ജനറൽ സെക്രട്ടറി, SEEM) ഉദ്ഘാടനം നിർവ്വഹിച്ചു. മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവി പ്രൊഫ. വർഗ്ഗീസ് ജോബ് സ്വാഗതം ആശംസിച്ച ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, അസി. അഡ്മിനിസ്ട്രേറ്റർ എഞ്ചിനീയർ. ബോബി പീറ്റർ എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

- **ജ്യോതി- ഫോസ് ക്ലബ്ബ് ഉദ്ഘാടനം** : ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയറുകളുടെ പ്രചാരണം ലക്ഷ്യമിട്ട് ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ "ഫ്രീ & ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ ക്ലബ്ബ്" പ്രവർത്തനം ആരംഭിച്ചു. പ്രസ്തുത ക്ലബ്ബിന്റെ ഉദ്ഘാടനം കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ നിർവ്വഹിച്ചു. ചടങ്ങിന് അദ്ധ്യക്ഷത വഹിച്ച കോളേജ് പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു ലോഗോ പ്രകാശനം നിർവ്വഹിച്ചു. കമ്പ്യൂട്ടർ സയൻസ് വകുപ്പുമേധാവി ഡോ. സി.കെ. രാജു സ്വാഗതം ആശംസിച്ച ചടങ്ങിൽ അസി. അഡ്മിനിസ്ട്രേറ്റർ പ്രൊഫ. ഫ്രാൻസിസ് ജോർജ്ജ്, സ്റ്റുഡന്റ് കോർഡിനേറ്റർ ശ്രീ. എം.എം. അഭിഷേക് എന്നിവർ പങ്കെടുത്ത് സംസാരിച്ചു. തുടർന്ന് വിദ്യാർത്ഥികളിൽ ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയറുകളേക്കുറിച്ചും അവയുടെ ഉപയോഗത്തെക്കുറിച്ചുമുള്ള അവബോധം സൃഷ്ടിക്കുന്നതിന് ഏകദിനശില്പശാലയും നടത്തി.

- **മെക്കാനിക്കൽ എഞ്ചിനീയറിംഗ് സ്റ്റുഡന്റ് അസോസിയേഷൻ, സൊസൈറ്റി ഓഫ് ഓട്ടോമേറ്റീവ് എഞ്ചിനീയേഴ്സ് ഇന്ത്യ (SAE-India)**

പ്രവർത്തോദ്ഘാടനം : നവംബർ 4ന്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് സ്റ്റുഡന്റ് അസോസിയേഷൻ, സൊസൈറ്റി ഓഫ് ഓട്ടോമേറ്റീവ് എഞ്ചിനീയേഴ്സ് ഇന്ത്യ (SAE-India) എന്നിവയുടെ ഈ അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ശ്രീ. എം. രാധാകൃഷ്ണൻ മേനോൻ (Founder & CEO, Global Aero Sports) നിർവ്വഹിച്ചു. അസിസ്റ്റന്റ് മാനേജർ ഫാ. ജോജു ചിരിയൻങ്കത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിന് ഡോ. ഡേവിഡ് കെ.ജെ (Faculty advisor SAE INDIA Collegiate club) സ്വാഗതം ആശംസിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, പ്രൊഫ. എസ്. രതീഷ് (സിവിൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവി), ശ്രീ. ഐവിൻ സണ്ണി തുടങ്ങിയവർ പങ്കെടുത്ത് സംസാരിച്ചു. തുടർന്ന് എയറോസ്പെയ്സ് എഞ്ചിനീയറിംഗും തൊഴിൽ സാദ്ധ്യതകളുടെ എന്ന വിഷയത്തെ അധികരിച്ച് ശ്രീ. എം. രാധാകൃഷ്ണൻ മേനോന്റെ നേതൃത്വത്തിൽ പ്രഭാഷണവും സംഘടിപ്പിച്ചു.

- **സ്ത്രീകളും ആരോഗ്യവും-ഏകദിനസെമിനാർ :** നവംബർ 4ന്, ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, വുമൺ ഡെവലപ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ, സ്ത്രീകളും ആരോഗ്യവും എന്ന വിഷയത്തിൽ ഏകദിനസെമിനാർ സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിക്ക് റവ. സിസ്റ്റർ. ഡോ. ഹർഷ, സി.എസ്.സി, (മെഡിക്കൽ ഓഫീസർ, ജീവോദയ ഹോസ്പിറ്റൽ) നേതൃത്വം നല്കി.

- **സംരംഭകത്വം - ഏകദിനസെമിനാർ :** ജ്യോതിയിലെ ഇന്നോവേഷൻ & എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ സംരംഭകത്വം എന്ന വിഷയത്തിൽ, നവംബർ 4ന്, വിദ്യാർത്ഥികൾക്കായി സെമിനാർ നടത്തി. ശ്രീ. പ്രതാപ് ജി. (Asst. District Industries Officer, DIC, Thrissur) പ്രസ്തുത പരിപാടിയ്ക്ക് നേതൃത്വം നല്കി.

അസി. മാനേജേഴ്സ്

**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയങ്കണ്ടത്ത്**
**ഫാ. ജിന്റോ പെരേപ്പാടൻ**

**മോൺ. തോമസ് കാക്കശ്ശേരി**
മാനേജർ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

## ക്വിസ് മത്സരം സംഘടിപ്പിച്ചു

മുള്ളൂർക്കര : മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ അന്താരാഷ്ട്ര സ്പോർട്സ് ദിനത്തോടനുബന്ധിച്ച് ഒക്ടോബർ 12–ാം തിയ്യതി ക്വിസ് മത്സരം സംഘടിപ്പിച്ചു. ഫിസിക്കൽ എഡ്യുക്കേഷൻ മേധാവി ഷിജോ ജോർജിന്റെ നേതൃത്വത്തിലാണ് മത്സരം നടന്നത്. 90 പോയിന്റുകളോടെ രാധാകൃഷ്ണഗ്രൂപ്പ് ഒന്നാം സ്ഥാനവും, വിവേകാനന്ദഗ്രൂപ്പ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

## ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു

മുള്ളൂർക്കര : ഒക്ടോബർ 19–ാം തിയ്യതി രാവിലെ 11 മണിക്ക് കേരള സംസ്ഥാന യുവജന കമ്മീഷന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. പരിപാടിയിൽ അധ്യാപിക ദീപ വർഗ്ഗീസ് സ്വാഗതം പറഞ്ഞു. തുടർന്ന് ജില്ലായുവജന പ്രസിഡന്റ് കെ.വി.രാജേഷ് ഉദ്ഘാടനം നിർവ്വഹിച്ചു. വടക്കാഞ്ചേരി എക്സൈസ് ഓഫീസർ ശ്രീ.സണ്ണി ബോധവത്ക്കരണ ക്ലാസ് നയിച്ചു. ശ്രീ.സംഗീത്, ശ്രീ.ആശീഷ് എന്നിവരുടെ സാന്നിദ്ധ്യം സേവദിയിൽ സജീവമായിരുന്നു. ലഹരി എന്ന വിപത്തിനെ കുറിച്ചും, അതിന്റെ അനന്തരഫലത്തെ കുറിച്ചും വിദ്യാർത്ഥികളിൽ ഒരു അവബോധം സൃഷ്ടിക്കാൻ ബോധവത്ക്കരണ ക്ലാസ് സഹായിച്ചു.

## പ്രഥമ സ്പ്പെൽ വിജയകരമായി പൂർത്തിയാക്കി

2016–2018 അധ്യയന വർഷത്തിലെ വിദ്യാർത്ഥികൾ പ്രഥമ സ്പ്പെൽ വിജയകരമായി പൂർത്തിയാക്കി. ആഗസ്റ്റ് 17–ാം തിയ്യതി ആരംഭിച്ച സ്പ്പെൽ ഒരു മാസം നീണ്ടു നിന്നു. ഓരോ വിദ്യാർത്ഥികളിലും നവാനുഭവങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള ഈ കാലയളവ് വളരെ ആസ്വാദ്യകരമായ രീതിയിൽ അധ്യാപകരുമായി വിദ്യാർത്ഥികൾ പങ്കുവെച്ചു.

## ജപമാലാമാസം ആചരിച്ചു

മുള്ളൂർക്കര : മാതാവിനോടുള്ള ആദരവിന്റെ സൂചകമായി ഒക്ടോബർ 1 മുതൽ 31-ാം തിയ്യതി വരെ ജപമാലാമാസം ആചരിച്ചു. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സജീവ സാന്നിധ്യം ഉണ്ടായിരുന്നു. വിദ്യാർത്ഥികൾ വിവിധ ഗ്രൂപ്പുകളായാണ് ജപമാല ചൊല്ലിയത്

## കേരള പിറവി ആഘോഷിച്ചു

മുള്ളൂർക്കര : കേരളപിറവിയുടെ 62-ാം വാർഷികം വിവിധ കലാപരിപാടി കളോടുകൂടി നവംബർ 1-ാം തിയ്യതി ആഘോഷിച്ചു. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും നിറസാന്നിധ്യത്തോടെ കണ്ണിന് ഇമ്പമാർന്ന പരിപാടികൾ അരങ്ങേറി. തുടർന്ന് കേരള ചരിത്രത്തിനോടനുബന്ധിച്ച് ക്വിസ് മത്സരവും സംഘടിപ്പിച്ചു.

## മൂല്യാധിഷ്ഠിത ക്ലാസ് സംഘടിപ്പിച്ചു

ഒക്ടോബർ 27-ാം തിയ്യതി മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ ആസ്പദമാക്കി ക്ലാസ് സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഫാ.ചാക്കോ ചിറമ്മൽ പരിപാടിയിൽ സ്വാഗതം പറഞ്ഞു. ആചാര്യൻ പത്മനാഭസ്വാമി വളരെ ആരോഗ്യകരമായ രീതിയിൽ ക്ലാസ് നയിച്ചു. അന്യമായി കൊണ്ടിരിക്കുന്ന മൂല്യങ്ങളെ തിരിച്ചു പിടിക്കാനുള്ള ഒരു ആഹ്വാനമായിരുന്നു കാസിൽ ഉടനീളം പ്രതിഫലിച്ചിരുന്നത്. കൂടാതെ വിദ്യാഭ്യാസത്തിന്റെ അത്യന്തികമായ ലക്ഷ്യത്തെ കുറിച്ചും, ഭാരതീയചിന്തയിൽ ഒരു അധ്യാപകന്റെ പങ്കിനെ കുറിച്ചും സുദീർഘമായ പ്രഭാഷണം നടത്തി. ക്ലാസ് വിദ്യാർത്ഥികൾക്ക് വളരെയധികം വിജ്ഞാനപ്രദമായി.

കോളേജ് പ്രിൻസിപ്പാൾ
**റവ.ഡോ.ചാക്കോചിറമ്മൽ**

അസി.മാനേജർ
**ഫാ.ബാബു അപ്പാടൻ**

# സെന്റ് തോമസ് കോളേജ്
# (ഓട്ടോണമസ്) തൃശ്ശൂർ

## ഉന്നത വിദ്യാഭ്യാസവും തൊഴിൽ സാധ്യതകളും

ഉന്നത വിദ്യാഭ്യാസവും തൊഴിൽ സാധ്യതകളും എന്ന വിഷയത്തെ അധികരിച്ച് സെന്റ് തോമസ് കോളേജിൽ സംവാദം നടന്നു. മേനാച്ചേരി ഹാളിൽ വച്ചുനടന്ന സംവാദം കേരള പോലിസ് അക്കാദമി പ്രിൻസിപ്പാൾ ഡോ. സേതുരാമൻ ഉദ്ഘാടനം ചെയ്തു. സുജാത മാധവ്, വി.എൽ. പോൾ, സജി വി. മാത്യു, എന്നിവർ സംവാദത്തിൽ പങ്കെടുത്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡി.ഇ.ഒ. ഡോ. ബെന്നി ജോസഫ് മോഡറേറ്റ് ചെയ്തു. പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡോ. ഇമ്മാനുവൽ തോമസ്, ഡോ. സി.എഫ്. ബിനോയ് എന്നിവർ പ്രസംഗിച്ചു.

## കാലാവസ്ഥ വ്യതിയാനം - സംവാദം

സെന്റ് തോമസ് കോളേജ് രസതന്ത്രവകുപ്പ്, ഇന്റർ ഗവൺമെന്റൽ പാനൽ ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് ഡൽഹി, ഇന്ത്യൻ സൊസൈറ്റി ഫോർ ഇക്കോളജിക്കൽ ഇക്കണോമിക്സ് ഡൽഹി, കില തൃശൂർ എന്നിവയുടെ സഹകരണത്തോടെ കാലാവസ്ഥാ വ്യത്യയാനം വെല്ലുവിളികളും നിയന്ത്രണവും എന്ന വിഷയത്തെ ആസ്പദമാക്കി സംവാദം സംഘടിപ്പിച്ചു. ജാദവപൂർ സർവകലാശാല, ഗ്ലോബൽ ചെയ്ഞ്ച് പ്രോഗ്രാം കോർഡിനേറ്റർ പ്രൊഫസർ പി.എം. ജോയ് ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് പ്രൊഫസർ ഡോ. ഗോവിന്ദസ്വാമി ബാല, ഡൽഹി സർവകലാശാല എൻവയൺമെന്റൽ ഇക്കണോമിക്സ് പ്രൊഫസർഡോ. പുർണമിത ഗാസ് ഗുപ്ത, ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഡൽഹി പ്രൊഫസർ ഡോ. ഇ. സോമനാഥൻ എന്നിവർ കാലാവസ്ഥ വ്യതിയാനത്തിന്റെ വിവിധ തലങ്ങളെ അധികരിച്ച് പ്രബന്ധങ്ങളവതരിപ്പിക്കുകയും മറുപടി പറയുകയും ചെയ്തു. പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ ആമുഖപ്രഭാഷണം നടത്തി. രസതന്ത്രവകുപ്പ് മേധാവി ഡോ. ജോബി തോമസ് കാക്കശ്ശേരി മോഡറേറ്റർ ആയിരുന്നു. കില പ്രൊഫസർ ഡോ. സണ്ണി ജോർജ്ജ്, ഡോ. സി.എൽ. ജോഷി, കൺവീനർ ഡോ. ജിനീഷ് ആന്റണി എന്നിവർ സംസാരിച്ചു.

**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
പി.ആർ.ഒ.

**വ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
ബർസാർ

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ ............2017 ഡിസംബർ**

| | | |
|---|---|---|
| 1 | (വെള്ളി) ആദ്യവെള്ളി, വി.കുർബാന, ലോക എയഡ്സ് ദിനം | |
| 3 | (ഞായർ) - | വി. ഫ്രാൻസീസ് സേവ്യർ<br>അന്താരാഷ്ട്ര വികലാംഗദിനം |
| 6 | (ബുധൻ) - | ഡോ. ബി. ആർ. അംബേദ്ക്കർദിനം |
| 8 | (വെള്ളി) - | മാതാവിന്റെ അമലോത്ഭവതിരുനാൾ |
| 10 | (ഞായർ) - | മനുഷ്യാവകാശദിനം |
| 13 | (ബുധൻ) - | മാർ ആൻഡ്രൂസ് താഴത്ത് ജന്മദിനം |
| 25 | (തിങ്കൾ) - | ക്രിസ്തുമസ് |
| 28 | (വ്യാഴം) - | കുഞ്ഞിപ്പൈതങ്ങൾ |

**2. ഉദ്യോഗനിയമനപരീക്ഷ**

വിദ്യാലയങ്ങളുള്ള ഇടവകകളിൽനിന്നുള്ള T.T.C. NT.S. ഉദ്യോഗനിയമനത്തിനുള്ള അപേക്ഷകൾ (2016-2017) ക്ഷണിച്ചു. 2017 ഒക്ടോബർ 21 ന് ശനിയാഴ്ച രാവിലെ 10 മണിക്ക് ഇവർക്കുള്ള പരീക്ഷകൾ തൃശൂർ സെന്റ് തോമസ് കോളേജ് ഹയർസെക്കണ്ടറി സ്കൂളിൽവെച്ച് നടത്തി.

**3. ദേശീയഅധ്യാപകഅവാർഡ്**

ഈ വർഷത്തെ ദേശീയ അധ്യാപക അവാർഡ് നേടിയ വാടാനപ്പിള്ളി സെന്റ് ഫ്രാൻസീസ് സേവിയേഴ്സ് ആർ. സി. യു. പി. സ്കൂളിന്റെ പ്രധാനാധ്യാപകൻ ശ്രീ. ഒ. ജെ. ഷാജൻമാസ്റ്റർക്ക് എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

**4. ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസ്**

2017 നവംബർ 10 ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് അതിരൂപത കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ എല്ലാ പ്രിൻസിപ്പാൾമാരുടെയും പ്രധാനാധ്യാപകരുടെയും ഒരു യോഗം രൂപത മെത്രാസന മന്ദിരത്തിൽവെച്ച് കൂടി. K.TET പരീക്ഷ, 1:1 നിയമനങ്ങൾ, ഹയർസെക്കണ്ടറി സ്കൂൾ പോസ്ററുകൾ എന്നീ ആനുകാലിക വിഷയങ്ങളെപ്പററി ചർച്ച ചെയ്തു.

5. ക്രിസ്തുമസ് പുതുവത്സരാശംസകൾ

അതിരൂപത കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ മാനേജർമാർക്കും അധ്യാപകർക്കും അനധ്യാപകർക്കും വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കും ക്രിസ്തുമസിന്റെയും നവത്സരത്തിന്റെയും മംഗളങ്ങൾ ആശംസിക്കുന്നു. ഉണ്ണീശോ നിങ്ങളെയെല്ലാം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. ആന്റണി ചെമ്പകശ്ശേരി**

(കോർപ്പറേറ്റ് മാനേജർ)

## സാന്ത്വനം

**സ്വിഫ്റ്റ് മൈക്രോക്രെഡിറ്റ്സ് വായ്പകൾ നല്കി.**

സാന്ത്വനം സ്വിഫ്ററ് മൈക്രോക്രെഡിറ്റ്സിന്റെ ആഭിമുഖ്യത്തിൽ വരടിയം, കല്ലൂർ ഈസ്റ്റ്, ചേലക്കര, നടത്തറ, കണ്ണാറ, തയ്യൂർ, പെരിഞ്ചേരി, പൊറത്തൂർ, എറവ് തുടങ്ങിയ ഇടവകകളിൽ പ്രവർത്തിക്കുന്ന 26 സ്വയം സഹായസംഘങ്ങൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനായി വായ്പകൾ വിതരണം ചെയ്തു. 50 ലക്ഷം രൂപയാണ് 26 സംഘങ്ങൾക്കായി വിതരണം ചെയ്തത്. വായ്പാ വിതരണം അതാത് ഇടവക വികാരിമാരുടെ സാന്നിദ്ധ്യത്തിൽ, സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി നിർവ്വഹിച്ചു. സ്വിഫ്റ്റ് മൈക്രോക്രെഡിറ്റ്സ് മാനേജർ ശ്രീ. തോമസ് പെരിഞ്ചേരി, കോ-ഓർഡിനേറ്റർ ശ്രീ. സി.പി. ജോർജ്ജ് എന്നിവർ വായ്പാ വിതരണത്തിന് നേതൃത്വം നല്കി.

**അറിയിപ്പ്:** കൂടുതൽ ഇടവകകളിൽ യൂണിറ്റുകൾ തോറും സ്വയം സഹായ സംഘങ്ങൾ ആരംഭിക്കുന്നതും, അംഗങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതും ഉൾപ്പടെയുള്ള പദ്ധതികൾ ആരംഭിക്കുന്നതിന് തയ്യാറാണെന്ന് ഡയറക്ടർ അറിയിച്ചു.

**കണക്കുകൾ പരിശോധിച്ചു.**

സാന്ത്വനത്തിന്റെ കീഴിൽ നടത്തിയിരുന്ന SPED III പ്രോജക്ടിന്റെ 5 വർഷത്തെ കണക്കുകൾ പരിശോധിക്കുന്നതിനും വിലയിരുന്നതിനുമായി CIDA(Canedian International Development Agency) യിൽ നിന്നും ഉദ്യോഗസ്ഥർ സാന്ത്വനം ഓഫീസിലേക്ക് വരികയും കണക്കുകൾ പരിശോധിച്ച് തൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

**ആശാകിരണം കോർ കമ്മിറ്റി മീറ്റിംഗ് സംഘടിപ്പിച്ചു.**

ആശാകിരണം കോർ കമ്മിറ്റിയുടെ മീറ്റിംഗ് സാന്ത്വനം ഓഫീസിൽ വെച്ച് നടത്തുകയുണ്ടായി. പദ്ധതിയുടെ തുടർപ്രവർത്തനങ്ങളെക്കുറിച്ചും ആശാകിരണം പദ്ധതിയുടെ ധനശേഖരണാർത്ഥം പുറത്തിറക്കിയ ക്യാൻസർ സഹായനിധി കൂപ്പൺ വിതരണം ചെയ്യുന്നതിനെപ്പറ്റിയും ചർച്ചകൾ നടത്തി.

സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, ആശാകിരണം കൺവീനർ ശ്രീ. എ. എ. ആന്റണി, കോ-ഓർഡിനേറ്റർ ശ്രീമതി. ബിനിത രതീഷ് തുടങ്ങിവർ യോഗത്തിന് നേതൃത്വം നല്കി.

**ജെസ്പ് മീറ്റിംഗ് നടത്തി.**

ആർത്താറ്റ് യൂണിറ്റിലെ ജെസ്പ് പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികളുടെ വ്യക്തിത്വവികസനത്തിനുവേണ്ടിയുള്ള ട്രെയിനിംഗ് പ്രോഗ്രാം ആർത്താറ്റ് സെന്റ്. തോമസ് U.P സ്കൂളിൽ വെച്ച് നടത്തി. സാന്ത്വനം ഡയറക്ടർ , കോ-ഓർഡിനേറ്റർ, പഴഞ്ഞി M.D കോളേജിലെ സാമൂഹ്യപ്രവർത്തന വിഭാഗത്തിലെ കുട്ടികൾ തുടങ്ങിയവർ ട്രെയിനിംഗിന് നേതൃത്വം നല്കി.

**ഗോഡ്സ് ഓൺ ഫാമിലി.**

ഗോഡ്സ് ഓൺ ഫാമിലിയിൽ അംഗങ്ങളായവരുടെ ബേസ് ലൈൻ ഡാറ്റാ ശേഖരിച്ചു. കോടന്നൂർ, പുത്തൂർ, ചിറ്റിശ്ശേരി, വെങ്ങിണിശ്ശേരി, വേലൂപ്പാടം, പള്ളിക്കുന്ന്, പടവരാട്, പെരിങ്ങോട്ടുകര, ചേർപ്പ്, ഒല്ലൂർ, തൈക്കാട്ടുശ്ശേരി, കല്ലൂർ, ചാഴൂർ, പങ്ങാരപ്പിള്ളി, ചേലക്കര, മുണ്ടൂർ, വില്ലടം, നടത്തറ, പുറനാട്ടുകര, അരിമ്പൂർ, കാഞ്ഞാണി, മുളയം, ലൂർദ്ദ്, അരണാട്ടുകര, എരവിമംഗലം, നെല്ലങ്കര തുടങ്ങിയ സ്ഥലങ്ങളിലെ അംഗങ്ങളുടെഡാറ്റയാണ് ശേഖരിച്ചുകഴിഞ്ഞത്.

**ട്രെയിനിങ്ങിൽ പങ്കെടുത്തു.**

സേവ് എ ഫാമിലി പ്ലാൻ, ഫാമിലി ഡെവലപ്പ് പ്രോഗ്രാമിന്റെ കോ-ഓർഡിനേറ്റർമാർക്കായി സംഘടിപ്പിച്ച ട്രെയ്നിങ്ങിൽ FDP കോ-ഓർഡിനേറ്റർ പങ്കെടുത്തു. കാലടിയിലുള്ള ഐശ്വര്യഗ്രാം ഓഫീസിൽ വെച്ചാണ് 3 ദിവസത്തെ ട്രെയ്നിങ്ങ് പരിപാടി നടത്തിയത്.

**ഇവാല്യുവേഷൻ മീറ്റിങ്ങിൽ പങ്കെടുത്തു.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി കാലടിയിലുള്ള SAFPയുടെ ഓഫീസിൽ വെച്ച് സംഘടിപ്പിച്ച ഡയറക്ടേഴ്സിന്റെയും SAFPസ്റ്റാഫ് അംഗങ്ങളുടെയും വിലയിരുത്തൽ യോഗത്തിൽ സാന്ത്വനത്തിൽ നിന്ന് ഡയറക്ടറും, SAFPസ്റ്റാഫംഗങ്ങളും പങ്കെടുത്തു.

**FDP മുഖേനസഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.**

അരിമ്പൂർ-Rs.20,000/-, ഇരവിമംഗലം-Rs.10,000/-, കോലഴി-Rs.10,000/-, ചേറൂർ-Rs.10,000/- പാലയൂർ-Rs.40,000/-, വില്ലടം-Rs.37,000/-, നെല്ലിക്കുന്ന്-Rs.15,000/-, അടാട്ട്-Rs.10,000/-, മുളയം-Rs.10,000/-, മരോട്ടിച്ചാൽ-Rs.17,250/-, ചെങ്ങല്ലൂർ-Rs.12,400/-.

**സ്നേഹനിധി വാർഷികപൊതുയോഗങ്ങൾ നടന്നു.**

പാറന്നൂർ, പറപ്പൂർ എന്നീ യൂണിറ്റുകളിൽ സ്നേഹനിധിയുടെ വാർഷിക പൊതുയോഗവും പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടന്നു. ഈ രണ്ടു യൂണിറ്റുകളും അവരവരുടെ പള്ളിപണിക്ക് 50,000രൂപ വീതം സംഭാവന നല്കി മാതൃകാപരമായി പ്രവർത്തിച്ച് പ്രത്യേക അനുമോദനത്തിന് അർഹരായി. പൊതുയോഗങ്ങളിൽ ഒരു വർഷത്തെ സ്നേഹനിധിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു. യോഗങ്ങൾക്ക് സാന്ത്വനം ഡയറക്ടർ, വികാരിമാർ, അസി. വികാരിമാർ, കോ-ഓർഡിനേറ്റർ, ആനിമേറ്റർ എന്നിവർ നേതൃത്വം നല്കി. യോഗങ്ങളിൽ സാന്ത്വനം ഡയറക്ടർ റവ. ഫാ. തോമസ് പൂപ്പാടി ക്യാൻസറിനെക്കുറിച്ചുള്ള ബോധവല്ക്കരണക്ലാസ്സുകൾ നടത്തുകയുണ്ടായി.

**സഹായങ്ങൾ വിതരണം ചെയ്തു.**

സ്നേഹനിധി അംഗങ്ങൾക്ക് വേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിൽ നിന്നും ഇതുവരെ 128 അംഗങ്ങൾക്കായി 6,85,000 /-രൂപ സഹായധനം നല്കി. 81 പേർക്ക് വിവാഹ സഹായവും 38 പേർക്ക് ചികിത്സാസഹായവും 9 പേർക്ക് മരണാനന്തരസഹായവുമാണ് നൽകിയത്.

**നതാലെ ഹോംസ് ശിലാസ്ഥാപനം നടത്തി.**

അതിരൂപതയുടെ കാരുണ്യത്തിന്റെ ഉത്സവമായ ബോൺനത്താലെയോടനുബന്ധിച്ച് അതിരൂപത സോഷ്യൽ അപ്പസ്തോലേറ്റ് സെന്ററായ സാന്ത്വനം നിർമ്മിച്ചുകൊണ്ടിരിക്കുന്ന നത്താലെ ഹോംസ് ഹൗസിങ്ങ് പദ്ധതിയിൽ ആറ് പുതിയ ഭവനങ്ങൾക്ക് കൂടി ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. മറ്റം അസ്സിസി നഗറിൽ വച്ച് നടന്ന കർമ്മത്തിൽ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് ശിലകൾ ആശീർ വദിക്കുകയും സ്ഥാപിക്കുകയും ചെയ്തു. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, സാന്ത്വനം ഗവേണിംഗ് ബോഡിയംഗങ്ങൾ, കണ്ടാണശ്ശേരി പഞ്ചായത്ത് മെമ്പർ ശ്രീമതി. പുഷ്പലത, മറ്റം ഫോറോന പള്ളി കൈക്കാരൻമാർ, സാമൂഹ്യക്ഷേമസമിതി അംഗങ്ങൾ, ഗുണഭോക്താക്കൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഫ്രാൻസി

സ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ തൃശൂർ അസ്സീസി പ്രോവിൻസാണ് ഭവന നിർമ്മാണത്തിനുള്ള സ്ഥലം ദാനമായി നൽകിയത്.

**ആവേശതിരയേറി കടലിന്റെ മക്കളുടെ തിരുന്നാൾ.**

അതിരൂപതയുടെ കടലോര ശുശ്രൂഷയുടെ ഭാഗമായി സാന്ത്വനം, ചാവക്കാട്-ബ്ലാങ്ങാട് കടൽ തീരത്ത് മത്സ്യ തൊഴിലാളികളുടെ നേതൃത്വത്തിൽ പരി. ആരോഗ്യമാതാവിന്റെ തിരുന്നാൾ ആഘോഷിച്ചു. 2017 നവംബർ 11-ാം തിയതി ശനിയാഴ്ച തിരുന്നാൾ കൊടികയറ്റം മേരിമാത മേജർ സെമിനാരി പ്രൊഫസറും അതിരൂപത അജപാലന റിസർച്ച് സെന്റർ കോ-ഓർഡിനേറ്ററുമായ റവ. ഫാ.ആന്റണി കുരുതുകുളങ്ങര നിർവ്വഹിച്ചു. തുടർന്ന് ഫാൻസി വെടിക്കെട്ട് ഉണ്ടായിരുന്നു. നവംബർ 12-ാം തിയതിയിലെ ആഘോഷപൂർവ്വമായ ദിവ്യബലിക്കും തിരുകർമ്മങ്ങൾക്കും ഷംഷാബാദ് രൂപതയുടെ പ്രഥമ മെത്രാൻ മാർ റാഫേൽ തട്ടിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഫാ. ഡിജോ ഒലക്കേങ്കിൽ, ഫാ.തോമസ് പൂപ്പാടി എന്നിവർ സഹകാർമ്മികരായി. തുടർന്ന് ബാന്റ് വാദ്യങ്ങളോടെ നടന്ന ഭക്തിസാന്ദ്രമായ പ്രദക്ഷിണത്തിന് പാലയൂർ ഫൊറോന വികാരി വെരി.റവ. ഫാ. ജോസ് പുന്നോലിപറമ്പിൽ നേതൃത്വം നൽകി. പ്രദക്ഷിണത്തിലും തുടർന്ന് നടന്ന സ്നേഹവിരുന്നിലും നാനാ ജാതി മതസ്ഥരായ നിരവധി ജനങ്ങൾ പങ്ക് ചേർന്നു. മത്സ്യ തൊഴിലാളികൾ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്ന ശ്രീ മാത്യുസ് ഒലക്കേങ്കിൽ, ശ്രീ. രമേശ്, ശ്രീ. ആൻഡ്രൂസ് എന്നിവർ പരിപാടികൾ കോഡിനേറ്റ് ചെയ്തു. കഴിഞ്ഞ 25 വർഷത്തോളമായി ബ്ലാങ്ങാട് കടപുറത്തെ സാന്ത്വനതീരം കേന്ദ്രീകരിച്ച് അതിരൂപതയ്ക്കുവേണ്ടി സോഷ്യൽ അപ്പസ്തോലേറ്റ് സെന്ററായ സാന്ത്വനം കടലോര ശുശ്രൂഷ നടത്തിവരുന്നു. കേരളത്തിന്റെ തെക്കൻ ജില്ലകളിൽ നിന്നും തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽനിന്നും മത്സ്യ ബന്ധനത്തിനായി കടന്നു വരുന്ന ആയിരത്തിൽ പരം മത്സ്യ തൊഴിലാളികൾക്കായി സാന്ത്വനത്തിന്റെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും ദിവ്യബലി, വിവിധ ബോധവൽക്കരണ ക്ലാസ്സുകൾ പാലയൂർ തീർത്ഥാടനം, മറ്റു ക്ഷേമപ്രവൃത്തികൾ എന്നിവ നടത്തി വരുന്നു.

**ഫാ.പോൾ മാളിയമ്മാവ്**
അസി.ഡയറക്ടർ

**ഫാ.തോമസ്പൂപ്പാടി**
ഡയറക്ടർ



# ഫാമിലി അപ്പസ്തൊലേറ്റ് സെന്റർ

## വിവാഹരജത ജൂബിലി – ഡിസംബർ 9, ശനി

1992 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 25 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ രജതജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 9–ാം തിയ്യതി രാവിലെ 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് അനുഗ്രഹപ്രഭാഷണം റവ.ഡോ. വിൻസെന്റ് കുണ്ടുകുളം നടത്തുകയും 10.30 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 1992 ൽ വിവാഹിതരായി രജതജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളും നിർബന്ധമായി പങ്കെടുക്കാനായി ക്ഷണിക്കുന്നു. മറക്കരുതേ.
NB : ഇനിയും പേരുതരാത്തവരുണ്ടെങ്കിൽ വരുന്നതിന് തടസ്സമില്ല. അങ്ങനെയുള്ളവർ വികാരയച്ചന്മാരുടെ കത്തുമായി വരേണ്ടതാണ്.

## വിവാഹസുവർണ്ണ ജൂബിലി – ഡിസംബർ 16, ശനി

1967 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 50 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 16–ാം തിയ്യതി ശനിയാഴ്ച രാവിലെ 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് അനുഗ്രഹപ്രഭാഷണം റവ. ഫാ. വർഗ്ഗീസ് കൂത്തൂർ നടത്തുകയും 10.30 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 1967 ൽ വിവാഹിതരായി സുവർണ്ണജൂബിലി

ആഘോഷിക്കുന്ന എല്ലാ ദമ്പതികളും നിർബന്ധമായി പങ്കെടുക്കാനായി ക്ഷണിക്കുന്നു. മറക്കരുതേ. NB : ഇനിയും പേരുതരാത്തവരുണ്ടെങ്കിൽ വരുന്നതിന് തടസ്സമില്ല. അങ്ങനെയുള്ളവർ വികാരയച്ചന്മാരുടെ കത്തുമായി വരേണ്ടതാണ്.

## നവദമ്പതിസംഗമം – ഡിസംബർ 17 ഞായർ

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ നവദമ്പതികളുടെ ആറാമത്തെ കൂട്ടായ്മയാണ് ഡിസംബർ 17–ാം തിയ്യതി ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നത്. 2017 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ വിവാഹിതരായവരാണ് ഈ കൂട്ടായ്മയിൽ പങ്കെടുക്കേണ്ടത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

## വിവാഹപ്രായമായ പെൺകുട്ടികളുടെ സംഗമം – ഡിസംബർ 17 ഞായർ

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ വിവാഹപ്രായമായ പെൺകുട്ടികളുടെ കൂട്ടായ്മയാണ് ഡിസംബർ 17–ാം തിയ്യതി ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നത്. ഈ കൂട്ടായ്മയിലേക്ക് വിവാഹപ്രായമായ പെൺകുട്ടികൾ, വിവാഹമോചിതരും ഇനി വിവാഹകഴിക്കാൻ ആഗ്രഹിക്കുന്നവരുമായ പെൺകുട്ടികൾ, വിവാഹപ്രായമായിട്ടും വിവാഹം കഴിക്കാൻ സാധിക്കാത്ത പെൺകുട്ടികൾ എന്നിവരെ പ്രാർത്ഥനാപൂർവ്വമായ ഈ കൂട്ടായ്മയിലേക്ക് ക്ഷണിക്കുന്നു. 2 മണി മുതൽ 4 മണി വരെയാണ്.

## നന്ദി

തൃശ്ശൂർ ഫാമിലി അപ്പൊ സ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ബധിരരും മൂകരുമായിട്ടുള്ളവർക്കുള്ള ഏകദിന വിവാഹ ഒരുക്ക കോഴ്സ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നവംബർ 12–ാം തിയ്യതി നടത്തുകയുണ്ടായി. 23 കുട്ടികൾ പങ്കെടുക്കുകയുണ്ടായി. പങ്കെടുത്തവർക്കും അവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും അവരെ ഒരുക്കിവിട്ട മാതാപിതാക്കൾക്കും നന്ദി പറയുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ജിയോ തെക്കിനിയത്ത്**
അസോ. ഡയറക്ടർ

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

***തിരുമണിക്കൂർ ആരാധന - ഡിസംബർ 4 തിങ്കൾ***

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. (വൈകീട്ട് 6.30 മുതൽ 7.30 വരെ)

**പ്രോലൈഫേഴ്സ് ഗാതറിങ്ങ് ഡിസംബർ 10 ശനി**

ജോൺപോൾ പ്രോലൈഫിന്റെ നേതൃത്വത്തിൽ ജീവന്റെ മേഖലയിൽ പ്രവർത്തിക്കാൻ തയ്യാറുള്ള യുവതിയുവാക്കളെയും താൽപര്യമുള്ളവരെയും അതിരൂപത തലത്തിൽ ഒന്നിച്ചുകൂടുന്നു. ഡിസംബർ 10 ഞായറാഴ്ച തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4.30 വരെയുള്ള പ്രോഗ്രാമിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

# മാതൃവേദി

## മരിയൻ ക്വിസ് വിജയികൾ

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെ വജ്രജൂബിലിയോടനുബന്ധിച്ച് തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കേരളത്തിലെ സീറോ മലബാർ സഭയിലെ രൂപതകളിലെ മാതൃവേദിയെ കോർത്തിണക്കിക്കൊണ്ട് മരിയൻ ക്വിസ് മത്സരം നടത്തുകയുണ്ടായി. ഒന്നാം സ്ഥാനം തൃശ്ശൂർ അതിരൂപതയ്ക്കും രണ്ടാം സ്ഥാനം രാമനാഥപുരം രൂപതയ്ക്കും മൂന്നാം സ്ഥാനം കോതമംഗലം രൂപതയ്ക്കും പ്രോത്സാഹനസമ്മാനങ്ങൾ എറണാകുളം, ഇരിങ്ങാലക്കുട, താമരശ്ശേരി എന്നീ രൂപതകൾ കരസ്ഥമാക്കുകയും ചെയ്തു. സമ്മാനദാനം തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ നിർവഹിച്ചു. ക്വിസ് മാസ്റ്റർ റവ. ഡോ. ലോറൻസ് തൈക്കാട്ടിലച്ചൻ, മാതൃവേദി ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അസി. ഡയറക്ടർ ഫാ. അൽജോ കരേരക്കാട്ടിൽ, മാതൃവേദി ഭാരവാഹികൾ എന്നിവർ നേതൃത്വം കൊടുത്തു.

**മെഗാ മാർഗ്ഗംകളി - ഡിസംബർ 22 വെള്ളി (വൈകീട്ട് 4)**

അതിരൂപതയിലെ മാതൃവേദിയുടെ വജ്രജൂബിലിയുടെ സമാപനത്തോടനുബന്ധിച്ച് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയങ്കണത്തിൽ വച്ച് 4 മണിക്ക് അതിരൂപതയിലെ എല്ലാ യൂണിറ്റിൽ നിന്നും മാതൃവേദി അമ്മമാർ ഒന്നുചേർന്ന് മെഗാ മാർഗ്ഗംകളി നടത്തുന്നു. ആയതിലേക്ക് എല്ലാവരേയും ക്ഷണിക്കുന്നു.

| | |
|---|---|
| **ഫാ.ഡെന്നി താണിക്കൽ** | **ഫാ.അൽജോ കരേരക്കാട്ടിൽ** |
| ഡയറക്ടർ | അസി.ഡയറക്ടർ |
| **ശ്രീമതി ബീന ജോഷി** | **ശ്രീമതി ജൂലി ബാബു** |
| പ്രസിഡണ്ട് | സെക്രട്ടറി |

# കുടുംബകൂട്ടായ്മ

## അതിരൂപത ഭവനകൂട്ടായ്മ സംഗമം

അതിരൂപത തലത്തിൽ കുടുംബകൂട്ടായ്മകളിൽ ആരംഭിച്ചിട്ടുള്ള ഭവനകൂട്ടായ്മ ഭാരവാഹികളെയും അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡി അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് അതിരൂപതതല ഭവന കൂട്ടായ്മ സംഗമം ഉദ്ഘാടനം ഡിസംബർ 2 ശനിയാഴ്ച 2.30 ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ നിർവ്വഹിക്കുന്നു. തദവസരത്തിൽ പുതിയ പിതാവിന് തൃശ്ശൂർ അതിരൂപതയുടെ സ്നേഹാദരവും സ്വീകരണവും നൽകുന്നു. കൂടാതെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി നടത്തിയ മത്സരവിജയികൾക്കുള്ള സമ്മാനദാനവും തദവസരത്തിൽ നൽകുന്നു. എല്ലാ പരിപാടികളിലേകക്കും എല്ലാവരേയും സ്നേപൂർവ്വം ക്ഷണിക്കുന്നു.

## അതിരൂപത കുടുംബകൂട്ടായ്മ ഡയറക്ടറി

കുടുംബകൂട്ടായ്മ ഭാരവാഹികളുടെ വിശദവിവരങ്ങൾ അടങ്ങിയ ഡയറക്ടറിയുടെ വിതരണോദ്ഘാടനം ഡിസംബർ 2 ശനിയാഴ്ച 3 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഹാളിൽ വച്ച് സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് നിർവ്വഹിക്കുന്നു. തദവസരത്തിലേക്ക് എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികളെയും പ്രത്യേകം ക്ഷണിക്കുന്നു.

## കൊന്തമാസാചരണം

ഒക്ടോബർ കൊന്തമാസാചരണത്തിന്റെ ഭാഗമായി കുടുംബകൂട്ടായ്മ ഭാരവാഹികളെ പങ്കെടുപ്പിച്ച് അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഹാളിലെ ചാപ്പലിൽ വച്ച് എല്ലാ കുടുംബകൂട്ടായ്മകളെയും ഭാരവാഹികളെയും സമർപ്പിച്ചുകൊണ്ട് ഒരു ജപമാല സമർപ്പണം നടത്തുകയുണ്ടായി.

## ചർച്ചാപഠനപരിശീലന ക്യാമ്പ്

നവംബർ മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ജനുവരി മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ഡിസംബർ 30–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

ഒക്ടോബർ 19 ശനിയാഴ്ച നമ്മിൽ നിന്നും വേർപ്പെട്ടുപോയ അതിരൂപത കുടുംബകൂട്ടായ്മ ട്രഷറർ ശ്രീ. ഷിന്റോ മാത്യുവിന്റെ അപ്പച്ചൻ ശ്രീ മാത്യു വൈദ്യക്കാരന്റെ നിര്യാണത്തിൽ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതി അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും പരേതന്റെ ആത്മാവിന് നിത്യാശാന്തി നേർന്നുകൊണ്ട് തിരുകർമ്മങ്ങൾ നടത്തുകയും പ്രാർത്ഥനകൾക്ക് നേതൃത്വം കൊടുക്കുകയും ഉണ്ടായി.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അൽജോ കരേരക്കാട്ടിൽ**
അസി. ഡയറക്ടർ

**എ.എ. ആന്റണി**
ജനറൽ കൺവീനർ

**പോൾ പാറക്കൽ**
ജനറൽ സെക്രട്ടറി

# തൃശ്ശൂർ അതിരൂപത
# ബൈബിൾ അപ്പസ്തൊലേറ്റ്

***ഷിൻസി സോജൻ – പ്രഥമ വെരിത്താസ് പ്രതിഭ***

തൃശ്ശൂർ അതിരൂപത ബൈബിൾ അപ്പസ്തൊലേറ്റ് ഒരുക്കിയ പ്രഥമ വെരിത്താസ് ക്വിസിന്റെ ഗ്രാന്റ് ഫിനാലെ തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് നടന്നു. വിവിധ പ്രായ വിഭാഗങ്ങളിൽ നിന്ന് ഇടവക – ഫൊറോനതലങ്ങളിലെ മത്സരങ്ങൾ കഴിഞ്ഞ് സെമി ഫൈനലിലെത്തിയ 60 പേരിൽ നിന്ന് ഒന്നാം സ്ഥാനക്കാരായ ആറുപേരാണ് ഗ്രാന്റ് ഫിനാലെയിൽ മാറ്റുരച്ചത്. ഏഴു റൗണ്ടുകളിലായി നടന്ന മത്സരത്തിൽ **പെരിഞ്ചേരി ഇടവകയിൽ നിന്നുള്ള ശ്രീമതി ഷിൻസി സോജനാണ് പ്രഥമ വെരിത്താസ് ക്വിസ്** പ്രതിഭയായത്. ഷേർളി വിൻസെന്റ്(പുതുശ്ശേരി), ഡെല്ല റോസ് ജോ (അരണാട്ടുകര), അലീന സോജൻ (പെരിഞ്ചേരി), റോസിലി അഗസ്റ്റിൻ (വേലൂപ്പാടം), ആൻസൻ സണ്ണി (വെള്ളറക്കാട്) എന്നിവരായിരുന്നു ഗ്രാന്റ് ഫിനാലെയിൽ മാറ്റുരച്ച മത്സരാർത്ഥികൾ. ഫാ. ജോൺപോൾ ചെമ്മണ്ണൂർ വെരിത്താസ് ക്വിസ് നയിച്ചു. അതിരൂപത നിയുക്ത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ മത്സരാർത്ഥികളെയും പ്രതിഭയെയും അഭിനന്ദിച്ച് സംസാരിച്ചു.

ബൈബിൾ അപ്പസ്തൊലേറ്റ് ആദ്യമായി സംഘടിപ്പിച്ച “വെരിത്താസ് ക്വിസ്” വിജയമാക്കാൻ സഹകരിച്ച വികാരിയച്ചന്മാർ, ബൈബിൾ ആനിമേറ്റേഴ്സ്, മതബോധന അദ്ധ്യാപകർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ്, മറ്റെല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും സഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

***വെരിത്താസ് ക്വിസ് അതിരൂപത റാങ്ക് ജേതാക്കൾ***

**Group A**

| | | |
|---|---|---|
| **1st Rank** | Anson Sunny | - Vellarakad |
| **2nd Rank** | Thomas John | - West Fort |
| **3rd Rank** | Aleena Johnson | - Ammadam |
| **4th Rank** | Angel Maria George | - Chiralayam |
| **4th Rank** | Rose P J | - Manakody |

| | | | |
|---|---|---|---|
| **4th Rank** | Christo Jeeson | - | Pallikunnu |
| **4th Rank** | Rinya P Regi | - | Karumathra |
| **4th Rank** | Anna Joseph K | - | Ayyanthole |
| **4th Rank** | Angel Rose Baby | - | Velur |
| **4th Rank** | Aleena Antony | - | Wadakanchery |

**Group B**

| | | | |
|---|---|---|---|
| **1st Rank** | Aleena Sojan | - | Perinchery |
| **2nd Rank** | Helna Henry | - | Perinchery |
| **3rd Rank** | Terin Thomas | - | Ollur |
| **4th Rank** | Merin Thomas | - | Ollur |
| **4th Rank** | Viya Mariya Joju | - | Karamuck North |
| **4th Rank** | Hanna Joju | - | Mannumpetta |
| **4th Rank** | Minsa Maria | - | Madakkathara |
| **4th Rank** | Dencymol Baby | - | Velur |
| **4th Rank** | Anmol K.A | - | Chevoor |
| **4th Rank** | Anjali P S | - | Bharatha |

**Group C**

| | | | |
|---|---|---|---|
| **1st Rank** | Dwella Rose Joe | - | Aranattukara |
| **2nd Rank** | Lineena Vipin | - | Vendore |
| **3rd Rank** | Linta Biju | - | Attupuram |
| **4th Rank** | Manju | - | Peace Home |
| **4th Rank** | Jain Rose George | - | Mannumpetta |
| **4th Rank** | Bijoy | - | Thiruvilamala |
| **4th Rank** | Jesnin Joseph | - | Pavaratty |
| **4th Rank** | Neethu Shon | - | Kodannur |
| **4th Rank** | George Joseph | - | Thiroor |
| **4th Rank** | Jain James | - | Mariapuram |

**Group D**

| | | | |
|---|---|---|---|
| **1st Rank** | Shincy Sojan | - | Perinchery |
| **2nd Rank** | Gigi Thomas | - | Thiroor |
| **3rd Rank** | Shyji Denny | - | Varadiyam |
| **4th Rank** | Sr. Geo Therese SABS | - | Eyyal |
| **4th Rank** | Stanlin Raphel | - | Aranattukara |
| **4th Rank** | Salini Joseph | - | Pudukad |
| **4th Rank** | Nimi Siriak | - | Kuriachira |

| | | | |
|---|---|---|---|
| **4th Rank** | Sherly Jaint | - | Olarikkara |
| **4th Rank** | Saji Soajan | - | Chelakkara |
| **4th Rank** | Linda Prinil | - | Mariapuram |

**Group E**

| | | | |
|---|---|---|---|
| **1st Rank** | Sherly Vincent | - | Pudussery |
| **2nd Rank** | Annie George | - | Parappur |
| **3rd Rank** | Elsy Jose | - | Parempadam |
| **4th Rank** | Elizabeth Davi | - | Kannamkulangara |
| **4th Rank** | Glitty | - | Mariapuram |
| **4th Rank** | Valsa | - | Arthat |
| **4th Rank** | Senny Chacko | - | Ollur |
| **4th Rank** | Valsa Antony | - | Punkunnam |
| **4th Rank** | George T Francis | - | Karamuck North |

**Group F**

| | | | |
|---|---|---|---|
| **1st Rank** | Rosily Augustine | - | Veluppadam |
| **2nd Rank** | Alphona Jose | - | Nehru Nagar |
| **3rd Rank** | Mary Francis | - | Aranattukara |
| **4th Rank** | Veronica | - | Pudukad |
| **4th Rank** | Sr. Isabella | - | Cheroor, St. Joseph's |
| **4th Rank** | Kathreena | - | Pudukad |
| **4th Rank** | Baby Antony | - | Nehru Nagar |
| **4th Rank** | Celina Devassy | - | Kuriachira |

സെപ്റ്റംബർ 24ന് ഫൊറോനയിൽ പരീക്ഷയെഴുതിയ മറ്റെല്ലാവരും അതിരൂപത 5-ാം റാങ്കുകാരായിരിക്കും. എല്ലാവർക്കും അഭിനന്ദനങ്ങൾ....

***ബൈബിൾ അപ്പസ്തൊലേറ്റ് അവാർഡുകൾ – 2017***

- **വെരിത്താസ് ക്വിസിന് ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾ**

  **I$^{st}$ Prize:** പുതുക്കാട്, സെന്റ് ആന്റണീസ് ചർച്ച്

  **II$^{nd}$ Prize:** പാവറട്ടി, സെന്റ് ജോസഫ്സ് തീർത്ഥകേന്ദ്രം

  **III$^{rd}$ Prize:** പറപ്പൂർ, സെന്റ് ജോൺ നെപുംസ്യാൻ ചർച്ച്

- **വെരിത്താസ് ക്വിസിന് വിശ്വാസികളുടെ അംഗസംഖ്യയ്ക്ക് ആനുപതികമായി ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ ചെയ്ത ഇടവകകൾ**

I[st] Prize: പൊന്നാനി, സെന്റ് ആന്റണീസ് ചർച്ച്

II[nd] Prize: പൊറത്തൂർ, സെന്റ് ആന്റണീസ് ചർച്ച്

III[rd] Prize: കടങ്ങോട്, ഇൻഫന്റ് ജീസസ്സ് ചർച്ച്

- **വെരിത്താസ് ക്വിസ് രജിസ്ട്രേഷന് ആനുപതികമായി ഏറ്റവും കൂടുതൽ അംഗങ്ങളെ പരീക്ഷയ്ക്കിരുത്തിയ ഇടവകകൾ**

I[st] Prize: ആളൂർ, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്

II[nd] Prize: കാരമുക്ക് നോർത്ത്, സെന്റ് ആന്റണീസ് ചർച്ച്

III[rd] Prize: പതിയാരം, സെന്റ് ജോസഫ്സ് ചർച്ച്

***റോസിലി അഗസ്റ്റിൻ - വെരിത്താസ് വചന പ്രതിഭ***

തൃശ്ശൂർ അതിരൂപത ബൈബിൾ അപ്പസ്തൊലേറ്റ് ഒരുക്കിയ വചനമെഴുത്ത് മത്സരത്തിൽ ഏറ്റവും കൂടുതൽ വചനങ്ങൾ ശരിയായി എഴുതിയ വേലൂപ്പാടം ഇടവകയിലെ എഫ് വിഭാഗത്തിലെ റോസിലി അഗസ്റ്റിൻ അതിരൂപത വചനപ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടു.

***ബൈബിൾ അപ്പസ്തൊലോറ്റ് അവാർഡ് ഡേ-2017***

ഈ വർഷത്തെ ബൈബിൾ അപ്പസ്തോലേറ്റ് അവാർഡ് ഡേ, മറ്റു വർഷങ്ങളിൽനിന്ന് വ്യത്യസ്തമായി 2017 ഡിസംബർ 17ന് ഞായറാഴ്ച ഉച്ചയ്ക്ക് 1.30ന് തൃശ്ശൂർ അതിരൂപത ഡി.ബി.സി.എൽ.സി. യിൽ വെച്ച് നടക്കുന്നതായിരിക്കും. വെരിത്താസ് ക്വിസ് 2017 അതിരൂപത വിജയികൾ (1,2,3,4,5 റാങ്കുകാർ), ഇതര വെരിത്താസ് ക്വിസ് മത്സര വിജയികൾ (1,2,3,4,5 റാങ്കുകാർ & പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ), ബൈബിൾ വർണ്ണങ്ങൾ മത്സരവിജയികൾ (1,2,3 റാങ്കുകാർ & 'എ' ഗ്രേഡിന് അർഹരായവർ) എന്നിവർക്കാണ് അതിരൂപത അവാർഡ് ദിനത്തിൽ സമ്മാനങ്ങൾ നല്കുന്നത്. അവാർഡ് ദാന ചടങ്ങിലേക്ക് ഏവരേയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

ഫൊറോനതല റാങ്കുകാർക്കും പ്രോത്സാഹനസമ്മാനത്തിന് അർഹരായവർക്കുമുള്ള സമ്മാനവിതരണം ഫൊറോനതല ബൈബിൾ ദിനാചരണത്തിൽ വെച്ച് വിതരണം ചെയ്യുന്നതാണ്. എല്ലാ വിജയികളെയും അതതു അവാർഡ് ദാനചടങ്ങിലേക്ക് സ്വാഗതം ചെയ്യുന്നു.

***ബൈബിൾ പാരായണമാസം***

ബൈബിൾ പാരായണമാസമായി കെ. സി. ബി. സി. നിർദ്ദേശിച്ചിട്ടുള്ളത് ഡിസംബർ മാസമാണെന്ന് ഏവർക്കും അറിയാമല്ലോ. അത് സമുചിതമായി ആചരിക്കാൻ എല്ലാ വൈദികരെയും സന്യസ്തരേയും അല്മായരെയും ഓർമ്മി

പ്പിക്കുന്നു. കെ. സി. ബി. സി. യുടെ താഴെ പറയുന്ന നിർദ്ദേശങ്ങൾ നിങ്ങളുടെ ശ്രദ്ധയിലേക്ക് കൊണ്ട് വരുന്നു:

- ഒരു ദിവസം 3.5 മണിക്കൂർ വീതം ബൈബിൾ വായിച്ചാൽ ഒരു മാസം കൊണ്ട് സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തുവാൻ സാധിക്കും
- പൊതുജനത്തിനു ശല്യമാകാത്ത രീതിയിൽ പരസ്യമായ ബൈബിൾ പാരായണം പ്രോത്സാഹിപ്പിക്കുക.
- അഖണ്ഡ ബൈബിൾ പാരായണയജ്ഞങ്ങൾ സംഘടിപ്പിക്കുന്നത് നന്നായിരിക്കും.
- ഈ വർഷത്തെ ബൈബിൾ ഞായർ ഡിസംബർ 31ന് ആയിരിക്കും. അന്നേ ദിവസം ദേവാലയത്തിൽ വ്യത്യസ്ത ബൈബിൾ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- ഈ വർഷത്തെ അതിരൂപതാതല ബൈബിൾ പാരായണമാസ ആചരണം ഫൊറോനതലത്തിൽ നടത്തുന്നു. എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

ഇടവകയിൽ നിന്ന് കുടുംബകൂട്ടായ്മകളുടെ നേതൃത്വത്തിൽ ബൈബിൾ പാരായണം നടത്തുന്നത് നല്ലതായിരിക്കും. ഡിസംബർ 1 മുതൽ ഓരോ ഭവനങ്ങളിലും വായിക്കുവാനുള്ള ബൈബിൾ ഭാഗങ്ങൾ തയ്യാറാക്കികൊടുക്കുവാൻ കുടുംബകൂട്ടായ്മ ഭാരവാഹികളെ പ്രത്യേകം അറിയിക്കുമല്ലോ. വായനകലണ്ടറിന്റെ മാതൃക ഓരോ ഇടവകയിലേക്കും അയക്കുന്നതാണ്. ഓരോ വിശ്വാസിയിലും ഓരോ കുടുംബത്തിലും ബൈബിളിനോടുള്ള അഭിവാഞ്ച വർദ്ധിപ്പിക്കുന്നതിനും ബൈബിൾ പാരായണത്തിനുള്ള തീക്ഷണത വളർത്തുന്നതിനും ഈ ബൈബിൾ പാരായണമാസം നമ്മെ സഹായിക്കട്ടെ.

### *ഫൊറോനതല ബൈബിൾ ദിനാചരണവും അവാർഡു ദാനവും*

അതിരൂപത ബൈബിൾ മാസാചരണം 2017 ഡിസംബർ 2ന് പാലയൂർ മാർതോമ തീർത്ഥകേന്ദ്രത്തിൽ ഉദ്ഘാടനം ചെയ്യുന്നു. ഡിസംബർ 31ന് ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വെച്ച് സമാപനസമ്മേളനത്തോടെ അവസാനിക്കുന്നു. ബൈബിൾ ദിനാചരണത്തിനോടനുബന്ധിച്ച് അതതു ഫൊറോനയിലെ വെരിത്താസ് ക്വിസ് മത്സരവിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്യുന്നതായിരിക്കും.

| ദിവസം | സ്ഥലം | ഫൊറോനകൾ |
|---|---|---|
| 02 ശനി | പാലയൂർ, മാർതോമ തീർത്ഥകേന്ദ്രം | പാലയൂർ, മറ്റം |
| 03 ഞായർ | പുതുക്കാട് ഫൊറോന പള്ളി | പുതുക്കാട്, പുത്തൂർ |
| 09 ശനി | എരുമപ്പെട്ടി ഫൊറോന പള്ളി | എരുമപ്പെട്ടി, വേലൂർ |

| | | |
|---|---|---|
| 09 ശനി | വരടിയം, സെ. ആന്റണീസ് പള്ളി | കൊട്ടേക്കാട്, പറപ്പൂർ |
| 10 ഞായർ | ഡോളേഴ്സ് ബസിലിക്ക | ബസിലിക്ക |
| 16 ശനി | ഒല്ലൂർ ഫൊറോന പള്ളി | ഒല്ലൂർ, പഴുവിൽ |
| 16 ശനി | വടക്കാഞ്ചേരി ഫൊറോന പള്ളി | വടക്കാഞ്ചേരി |
| 23 ശനി | ചേലക്കര ഫൊറോന പള്ളി | ചേലക്കര |
| 30 ശനി | കണ്ടശ്ശാംകടവ് ഫൊറോന പള്ളി | കണ്ടശ്ശാംകടവ് |
| 31 ഞായർ | ലൂർദ്ദ് കത്തീഡ്രൽ | ലൂർദ്ദ്, പട്ടിക്കാട് |

***ബെത്‌ലഹേമിലേക്ക്....***

കഴിഞ്ഞ വർഷത്തേതുപോലെ ക്രിസ്തുമസിനൊരുക്കമായുള്ള അനുദിന ക്രിസ്തുമസ് വചനസന്ദേശങ്ങൾ **ബെത്‌ലഹേമിലേക്ക്...** ഈ വർഷവും സോഷ്യൽ നെറ്റുവർക്കുകളിലൂടെ നിങ്ങളിലേക്കെത്തിക്കാൻ ബൈബിൾ അപ്പസ്തോലേറ്റ് ഒരുങ്ങുന്നു. ക്രിസ്തുമസ് നോമ്പുകാലത്ത് ഓരോ ദിവസവും രണ്ടരമിനിറ്റ് നീളുന്ന വചനസന്ദേശങ്ങൾ വാട്സ്ആപ്പ്, ഫെയ്സ്ബുക്ക്, യുട്യൂബ് വഴി ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് അയച്ചുകൊടുക്കുന്നു. ഈ സംരംഭത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്നവർക്ക് ബൈബിൾ അപ്പസ്തൊലേറ്റിന്റെ Whatsapp (**9447721976**)ലോ, Facebook (bibleapsotolate.trichur; trichurbible)ലോ, Youtube (Bible Apostolate Thrissur)ലോ ബന്ധപ്പെടാവുന്നതാണ്.

***ബൈബിൾ കോഴ്സ്***

ബൈബിൾ ഡിപ്ലോമ കോഴ്സിനും പോസ്റ്റൽ സ്റ്റഡിയ്ക്കും പങ്കെടുക്കാൻ താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.....

***തീർത്ഥാടനങ്ങൾ***

റോം – യൂറോപ്പ് തീർത്ഥാടനം 2018 മെയ് 1നും, വിശുദ്ധനാട് തീർത്ഥാടനങ്ങൾ അടുത്ത വേനലവധിക്കാലത്ത് 2018 ഏപ്രിൽ 7നും, 17നും, മെയ് 13നും, 17നും പുറപ്പെടുന്നു.

പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ..

ഫോൺ: 0487–2320780, 7558937090, 8921266465

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**
അസി. ഡയറക്ടർ

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, തൃശ്ശൂർ

സംഘടനയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾക്ക്, പ്രത്യേകിച്ച് ഒക്ടോബർ 2ലെ വിംശതി സമ്മേളനത്തിന് നൽകിയ സഹകരണത്തിനും പ്രോത്സാഹനത്തിനും എല്ലാവർക്കും ഒത്തിരി നന്ദി. നവംബർ–ഡിസംബർ മാസങ്ങളിൽ സംഘടിപ്പിക്കേണ്ട നാലു പരിപാടികളാണുള്ളത്.

**1. സംസ്ഥാന ജാഥ തൃശ്ശൂരിൽ 2017 നവംബർ 28 ചൊവ്വാഴ്ച**

സംസ്ഥാന സർക്കാരിന്റെ വികലമായ മദ്യനയം ജനമധ്യത്തിൽ തുറന്നു കാട്ടാനും മദ്യത്തിനും മയക്കുമരുന്നുകൾക്കുമെതിരെ ബോധവത്കരണം നടത്താനുമായി സംസ്ഥാനതലത്തിൽ വിഭാവനം ചെയ്തിട്ടുള്ള വാഹന ജാഥ തൃശ്ശൂരിൽ 28 ചൊവ്വാഴ്ച എത്തിചേരുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ പര്യടനം നടത്തിയശേഷം വൈകിട്ട് കോർപ്പറേഷന്റെ മുമ്പിൽ സമാപന പൊതുസമ്മേളനം ഉണ്ടായിരിക്കുന്നതാണ്.

**2. വി. ഫ്രാൻസിസ് സേവ്യർ ദൈവാലയങ്ങളിലേക്ക് തിരുപ്രയാണം – ഡിസംബർ 2, 3**

ഭാരതത്തിന്റെ രണ്ടാമത്തെ അപ്പസ്തോലനായി അറിയപ്പെടുന്ന വി. ഫ്രാൻസിസ് സേവ്യർ തന്റെ സ്വകാര്യജീവിതത്തിലും പ്രബോധനങ്ങളിലും തികഞ്ഞ മദ്യവിരോധിയും സസ്യാഹാരിയുമായിരുന്നു. വിശുദ്ധന്റെ ഈ സ്വഭാവസവിശേഷതകൾ ജനഹൃദയങ്ങളിലെത്തിക്കുന്നതിന് നമ്മുടെ അതിരൂപതയിൽ അദ്ദേഹത്തിന്റെ നാമധേയത്തിലുള്ള ദൈവാലയങ്ങളിലേക്ക് ഒരു തിരുപ്രയാണം സംഘടിപ്പിക്കുകയാണ്. ഡിസംബർ 2 ശനിയാഴ്ച സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, ചേറൂർ പള്ളിയങ്കണത്തിൽ ഉദ്ഘാടനം ചെയ്യും. വടക്കാഞ്ചേരി, ആറ്റത്ര, വേലൂർ, തലക്കോട്ടുകര, കൂനംമൂച്ചി, ഇയ്യാൽ, വെള്ളറ

ക്കാട്, അഞ്ഞൂർ, വാടാനപ്പിള്ളി, ചെവ്വൂർ, പട്ടിക്കാട് എന്നീ ദൈവാലയങ്ങളാണ് സന്ദർശിക്കുക. ഈ പ്രയാണം പട്ടിക്കാട് ഫൊറോനപള്ളിയിൽ സമാപിക്കുന്നു. മദ്യപിശാചിന്റെ പിടിയിൽ നിന്ന് അടുത്ത തലമുറയെ രക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ, വിശ്വാസികൾക്കിടയിൽ ഒരു മദ്യവിരുദ്ധവികാരം വളർത്തിയെടുക്കാൻ ഈ പര്യടനം സഹായിക്കുമെന്ന് പ്രത്യാശിക്കാം. ശ്രീ. ജോസ് ചെമ്പിശ്ശേരി കൺവീനറും, ക്യാപ്റ്റനുമായി, മേഖല കൺവീനർമാരുടെ സഹകരണത്തോടെയാണ് ഇത് സംഘടിപ്പിക്കുക.

**3. അനുസ്മരണ ബലിയർപ്പണം, നവംബർ 25 ശനി**

പരേതരായ മദ്യവിരുദ്ധ പ്രവർത്തകരുടെ ആത്മാനുകൂലാർത്ഥം നവംബർ 25 ശനിയാഴ്ച രാവിലെ 11 മണിക്ക് മുള്ളൂർക്കര ഇടവകപള്ളിയിൽ ഡയറക്ടറച്ചൻ ദിവ്യബലി അർപ്പിക്കുന്നു. മുൻ ഡയറക്ടർ ഫാ. ഡേവിസ് ചക്കാലക്കൽ വചനസന്ദേശം നൽകുന്നതാണ്. 2004-ൽ പ്രോഫറ്റിന്റെ മുഖ്യസംഘാടകനായിരുന്ന സി. എപ്. ഔസേപ്പ് മുള്ളൂർക്കര ഇടവകക്കാരായിരുന്നു സി. എഫ്. ഔസേപ്പ് മുള്ളൂർക്കര ഇടവകക്കാരനായിരുന്നു എന്നത് ആരും മറന്നിട്ടില്ലല്ലോ. സാധിക്കുന്ന എല്ലാവരും സംബന്ധിക്കണം.

**4. യുവജനങ്ങൾക്ക് ബോധവത്കരണം**

2017 വാർഷിക കർമ്മപദ്ധതി പ്രകാരമുള്ള അവസാന ഇനമാണ് നാലു യുവജനസമ്മേളനങ്ങൾ കുരിയച്ചിറ, എരനെല്ലൂർ, വലപ്പാട്, എരവിമംഗലം എന്നീ ഇടവകകളിലാണ് ഈ കൂട്ടായ്മകൾ അരങ്ങേറുക. ശ്രീ. അഖിൽ കോടന്നൂർ ആണ് ഈ പരിപാടിയുടെ കോർഡിനേറ്റർ.

ഈ പരിപാടികളുടെ വിജയകരമായ നടത്തിപ്പിന് ഏവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

**ഹിറ്റ്ലസ് ചാക്കുണ്ണി**
പി. ആർ. ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 677–ാമതും തൃശ്ശൂർ കൂരിയായുടെ 728–ാമതും സമ്മേളനം 2017 നവംബർ 5 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് കമ്മീസിയം പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിലും ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലനച്ചന്റെ സാന്നിദ്ധ്യത്തിലും പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രാരംഭ പ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു. നിയമഗ്രന്ഥത്തിൽ നിന്ന് 307 മുതൽ 308 വരെ ഭാഗം ബ്ര. പ്രസിഡന്റ് ജ്ഞാനവായന നടത്തി.

കമ്മീസിയം സെക്രട്ടറി ബ്ര. പി. സി. കുരിയപ്പൻ മുൻമാസ റിപ്പോർട്ടും ട്രഷറർ ബ്ര. ജിമ്മി റാഫേൽ മുൻമാസ വരവ് ചെലവ് കണക്കും വായിച്ചത് അംഗീകരിച്ചു. വൈസ് പ്രസിഡന്റ് സി. എൽസി ജോണി ഹാജർ വിളിച്ചതിന് ശേഷം പ്രസിഡന്റ് എല്ലാ അംഗങ്ങൾക്കും സ്വാഗതമാശംസിച്ചു.

ഉദ്യോഗസ്ഥ നിയമനം : കണ്ടശ്ശാംകടവ് കൂരിയായിലെ സി. മരിയ ചാക്കുണ്ണി കുറ്റിക്കാട്ട് കൂരിയായുടെ പുതിയ ട്രഷററായ നിയമനം അംഗീകരിച്ചു.

സൈനീക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് പ്രഭാഷണം നടത്തി. സഭയിൽ ആരാധനാക്രമമനുസരിച്ച് പള്ളികൂദാശ കാലത്തിലേക്ക് പ്രവേശിക്കപ്പെട്ട സഭയുടെ സമർപ്പണത്തെക്കുറിച്ച് വിശദീകരിച്ചു. പരി. അമ്മ സ്വർഗ്ഗത്തിൽ നമ്മുടെ കുറവുകളെ നിറവുകളാക്കുന്ന നന്മനിറഞ്ഞവളാണ്. ഈ മാസം പ്രത്യേകിച്ച് നമ്മുടെ മരിച്ചു പോയ പൂർവ്വികരെ ഓർക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും സഭ നമ്മെ ഓർമ്മിപ്പിക്കുന്ന അവസരമാണ്. മരിയ സൈനീകരായിരുന്ന പൂർവ്വികരെ പ്രത്യേകം ഓർക്കണമെന്ന് പ്രഭാഷണത്തിലൂടെ അനുസ്മരിപ്പിച്ചു.

നവംബർ മാസം എല്ലാ പ്രസീദിയങ്ങളും മരിച്ച വിശ്വാസികൾക്കായ് കുർബ്ബാന ചൊല്ലിക്കുന്നതിന് പ്രസിഡന്റ് ഓർമ്മപ്പെടുത്തി.

ഈ വർഷത്തെ വാർഷിക റീ യൂണിയൻ ചടങ്ങ് ഡിസംബർ 10 ഞായറാഴ്ച സെന്റ് മേരീസ് കോളേജ് ജൂബിലി ഓഡിറ്റോറിയത്തിൽ വെച്ച് ആഘോ

ഷിക്കുന്നതാണെന്ന് അറിയിച്ചു. വാർഷികാഘോഷം അതിരൂപതയുടെ പുതിയ സഹായമെത്രാനായി നിയമിതനായ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നതാണെന്നും തദവസരത്തിൽ അഭിവന്ദ്യ പിതാവിന് തൃശ്ശൂർ കമ്മീസിയം തലത്തിൽ മരിയ സൈനീകർ അനുമോദിക്കുന്നതിനും തീരുമാനിച്ചു.

വാർഷിക റീ യൂണിയനോടനുബന്ധിച്ച് ഓരോ കൂരിയായിലെയും ഏറ്റവും നല്ല പ്രസീദിയത്തെ തിരഞ്ഞെടുക്കുന്നതിനും, ലളിതഗാനം, ലഘുപ്രസംഗം, ലേഖനം, ചെറുകഥ, പൊതുവിജ്ഞാനം, നിയമഗ്രന്ഥം ക്വിസ് എന്നീ ഇനങ്ങളിൽ മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നതിനും തീരുമാനിച്ചു.

പൂമല, ചോറ്റുപാറ എന്നീ ഇടവകകളിൽ പുതിയ പ്രസീദിയം ആരംഭിച്ചതായി സെക്രട്ടറി അറിയിച്ചു.

പുതിയ സ്ഥാനലബ്ദിയിലേക്ക് പ്രവേശിക്കുന്ന നമ്മുടെ സ്വന്തമായ മാർ റാഫേൽ തട്ടിൽ പിതാവിന്റേയും, മാർ ടോണി നീലങ്കാവിൽ പിതാവിന്റേയും സ്ഥാനമേൽക്കുന്ന ചടങ്ങുകളിൽ പങ്കെടുക്കുന്നതിനും, പ്രത്യേകം പ്രാർത്ഥിക്കുന്നതിനും ആദ്ധ്യാത്മിക നിയന്താവ് ഓർമ്മപ്പെടുത്തി.

**"മാർ റാഫേൽ തട്ടിൽ പിതാവിനും,**
**മാർ ടോണി നീലങ്കാവിൽ പിതാവിനും**
**ലീജിയൻ ഓഫ് മേരി മരിയ സൈനികരുടെ പ്രാർത്ഥനാശംസകൾ...!!!"**

അവസാന പ്രാർത്ഥനയ്ക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശിർവ്വാദത്തിനും ശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

**ഏവർക്കും ക്രിസ്തുമസ്സ് ആശംസകൾ...**

ദിവ്യനാഥയുടെ സേവനത്തിൽ,

| | | |
|---|---|---|
| **ഫാ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി. സി. കുരിയാക്കോസ്** |
| ആധ്യാത്മികനിയന്താവ് | കമ്മീസിയം പ്രസിഡന്റ് | കമ്മീസിയം സെക്രട്ടറി |

## കരുണാദിനം

കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ തൃശൂർ അതിരൂപത മെത്രപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും. മുൻ അതിരൂപതാദ്ധ്യൻ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന്റെയും ജന്മദിനം കരുണാദിനമായി ഡിസംബർ 13ന് അത്താണി പോപ് പോൾ മേഴ്സി ഹോമിൽ വെച്ച് ആഘോഷിക്കുവാൻ തീരുമാനിച്ചു.

## പാചകവാതക വില വർദ്ധനവിനെതിരെ
## കെ. സി. വൈ. എം. പ്രതിഷേധം

കേന്ദ്ര സർക്കാരിന്റെ പാചക വാതക വില വർദ്ധനക്കെതിരെയും, സംസ്ഥാന സർക്കാർ ഇന്ധനവിലയുടെ നികുതി കുറയ്ക്കാത്തതിനെതിരെയും തൃശൂർ അതിരൂപത കെ.സിവൈ.എം. സമിതിയുടെ ആഭിമുഖ്യത്തിൽ മാർച്ചും തൃശൂർ പോസ്റ്റ് ഓഫീസിനു മുന്നിൽ പ്രതീകാത്മമ അടുപ്പുക്കൂട്ടി പ്രതിഷേധവും സംഘടിപ്പിച്ചു. കെ. സി. വൈ. എം. അതിരൂപത പ്രസിഡന്റ് അനൂപ് പുന്നപ്പുഴ അദ്ധ്യക്ഷത വഹിച്ച പ്രതിഷേധ മാർച്ച് അതിരൂപത മാതൃസംഘം പ്രസിഡന്റ് ബീന ജോഷി ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോകൂള, മുഖ്യ പ്രഭാഷണം നടത്തി. അതിരൂപത ഭാരവാഹികളായ കരോളി ജോഷ്വാ, സാവിയോ ജോണി, എം. പി സിജോ എന്നിവർ പ്രസംഗിച്ചു. കോർപ്പറേഷൻ പരിസരത്തു നിന്ന് ആരംഭിച്ച പ്രതിഷേധ റാലിക്ക് സാജൻ ജോസ്, അനീഷ് ആന്റണി, പ്രിൻസ്, വില്ല്യംസ്, സെനി സേവ്യർ, ഡിബിൻ, സാന്റോ എന്നിവർ നേതൃത്വം നൽകി.

## പ്രജ്യോതിനി 2017

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ കാഞ്ഞിരപ്പിള്ളി അമൽജ്യോതി എൻജി. കോളേജിൽ വെച്ചു നടന്ന സംസ്ഥാന വനിത

ക്യാമ്പിൽ തൃശൂർ അതിരൂപതയെ പ്രതിനിധീകരിച്ച് അതിരൂപത ആനിമേറ്റർ സി. ടീന മരിയ, സംസ്ഥാന സിൻഡിക്കേറ്റ് മെമ്പർ ശ്രീമതി. പിൻസി പ്രിൻസ്, അതിരൂപത വൈസ് പ്രസിഡന്റ് ശ്രീമതി. കരോളിൻ ജോഷ്യ എസ്. എം. വൈ. എം. പ്രതിനിധി സെനി സേവ്യർ എന്നിവർ പങ്കെടുത്തു.

**ജോൺ തോമസ് തലച്ചിറ മെമ്മോറിയൽ ഷട്ടിൽ ടൂർണമെന്റ്**

കെ. സി. വൈ. എം. അതിരൂപത സമിതിയുടെ പ്രഥമ ഡയറക്ടരായിരുന്ന ജോൺ തോമസ് തലച്ചിറ അനുസ്മരണാർത്ഥം ഡിസംബർ മാസത്തിൽ അതിരൂപത തല ഷട്ടിൽ ഡബിൾസ് ടൂർണ്ണമെന്റ് നടത്തുന്നു. രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. 9847107707,9847678767, 9048889131

**ഫാ. ഡിറ്റോകൂള**
ഡയറക്ടർ

**അനൂപ് പുന്നപ്പുഴ**
പ്രസിഡന്റ്

**ഫാ. ജെറിൻ അരിമ്പൂർ**
അസി. ഡയറക്ടർ

**ജിയോ ജോൺ**
ജനറൽ സെക്രട്ടറി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## സെൻട്രൽ കൗൺസിൽ വാർത്തകൾ

1. എല്ലാ വർഷവും മരിച്ചവരുടെ ഓർമ്മ പുതുക്കുന്ന നവംബർ മാസത്തിൽ പരേതാത്മാക്കൾക്കായി സംഘടന നടത്തുന്ന പ്രത്യേക പ്രാർത്ഥനകളുടെ ഭാഗമായി സെൻട്രൽ കൗൺസിലിന്റെ മുൻ ആദ്ധ്യാത്മികോപദേഷ്ടാവായിരുന്ന അന്തരിച്ച മോൺ. ആന്റണി മാളിയേക്കലിന്റെ കബറിടം സ്ഥിതിചെയ്യുന്ന പൊന്നൂക്കര അസംപ്ഷൻ (സി.എസ്.എം) കോൺവെന്റിൽ വെച്ച് സി.സി.ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഡോ. ആന്റണി ചെമ്പകശ്ശേരിയുടെ കാർമ്മികത്വത്തിൽ ദിവ്യബലിയും, ഒപ്പീസും നടത്തുകയും, ഇരുനൂറോളം സംഘടനാംഗങ്ങൾ പങ്കുകൊള്ളുകയും ചെയ്തു. മാളിയേക്കൽ അച്ചന്റെ അനുസ്മരണത്തിന് വേദിയൊരുക്കിയ മദർ സുപ്പീരിയർ റവ. സി. ഉദയയ്ക്കും, മറ്റ് സന്യാസിനികൾക്കും പ്രസിഡണ്ട് ബ്ര. കെ.എ. ഷിബു നന്ദി പറഞ്ഞു.

2. സെൻട്രൽ കൗൺസിൽ യൂത്ത് കമ്മറ്റിയുടെ നേതൃത്വത്തിൽ തൃശൂർ ഐ.എം.എ യുമായി സഹകരിച്ച് രക്തദാന ക്യാമ്പ് നടത്തി. സി.സി. പ്രസിഡണ്ട് ബ്ര. കെ. എ. ഷിബു ക്യാമ്പ് ഉദ്ഘാടനം ചെയ്തു. 51 പേർ ക്യാമ്പിൽ രക്തദാനം നടത്തി. ക്യാമ്പിന് ജിനോ ജോസ്, ഷനിൽ. വി. മാത്യു, കെ. ജെ. ഡാന്റസ്, അരുൺ സൈമൺ എന്നിവർ നേതൃത്വം നൽകി.

3. വിൻസെൻഷ്യൻ അംഗങ്ങളുടെ ഈ വർഷത്തെ നോമ്പ്കാല പരിത്യാഗ വിഹിതം സംഘടന വെളപ്പായയിൽ നടത്തുന്ന

വിൻസെൻഷ്യൻ അഭയകേന്ദ്രത്തിലെ ചെലവുകൾക്കായി മാറ്റി വെക്കുവാൻ തീരുമാനിച്ചു. അംഗങ്ങൾ തങ്ങളുടെ നിക്ഷേപം ഡിസംബർ 31-ന് മുമ്പായി എ.സി. പ്രസിഡണ്ട് വശം കൊടുക്കുവാൻ അഭ്യർത്ഥിക്കുന്നു.

4. സെൻട്രൽ കൗൺസിലിന്റെ 69-ാം വാർഷികത്തിന് വേദിയൊരുക്കുകയും, കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് ആതിഥേയത്വം നൽകുകയും ചെയ്തു. പാലയൂർ ഏരിയ കൗൺസിലിനും, പാവറട്ടി സെന്റ് ജോസഫ്സ് കോൺഫ്രൻസിനും, ബഹു. സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് കൃതജ്ഞത രേഖപ്പെടുത്തി.

5. വിൻസെൻഷ്യൻ അഭയകേന്ദ്രത്തിലെ ട്രസ്സ് വർക്ക് സൗജന്യമായി ചെയ്തുതന്ന കോലഴി കോൺഫ്രൻസ് സെക്രട്ടറി ബ്ര. ടി.പി. ഫിലിപ്പിന് സെൻട്രൽ കൗൺസിലിന്റെ നന്ദി.

6. പഴുവിൽ എ.സി.യിലെ കിഴുപ്പുള്ളിക്കരയിൽ സംഘടനയുടെ 261 -ാം മത്തെ കോൺഫ്രൻസ് തുടങ്ങുന്നതിന് അനുമതി നൽകി.

| | | |
|---|---|---|
| **റവ. ഡോ. ആന്റണി ചെമ്പകശ്ശേരി** | **കെ. എ. ഷിബു.** | **കെ. കെ. പോൾസൺ** |
| സി. സി. ആദ്ധ്യാത്മികോപദേഷ്ടാവ് | സി. സി. പ്രസിഡണ്ട് | സി.സി. സെക്രട്ടറി |




# ഫ്രാൻസിസ്കൻ അത്മായ സഭ

## *സമാധാനവും സൗഭാഗ്യവും*

എല്ലാവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസ കളും പ്രാർത്ഥനാമംഗളങ്ങളും നേരുന്നു.

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അത്മായ സഭയുടെ മീറ്റിംഗ് 05.11.2017 ഞായറാഴ്ച വടക്കാഞ്ചേരിയിൽ വച്ച് പ്രസിഡന്റ് സണ്ണി വടക്കന്റെ അധ്യക്ഷതയിൽ കൂടി പ്രവർത്തനത്തെ വിലയിരുത്തി. ഫാ. ഷിന്റോ ഞർലേ ലി, ഫാ. ജോസ് പുല്ലോക്കാരൻ, ഫാ. ബിനോയ് കോതക്കുളത്ത്, പി. ഐ. സൈമൺ, സെലീന ജോൺ, ജോസ് പീറ്റർ, വി. എൽ. സൈമൺ, കെ. ജെ. ജേക്കബ്, ഡോ. ജെറി ജോസഫ് എന്നിവർ പങ്കെടുത്തു.

വടക്കാഞ്ചേരി റീജിയണൽ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ കരു മത്ര പള്ളിയിൽ വച്ചും തൃശ്ശൂർ റീജിയണിന്റെ തിരുനാൾ പുറനാട്ടുകര പള്ളി യിൽ വച്ചും കണ്ടശ്ശാംകടവ് റീജിയണൽ തിരുനാൾ അരിമ്പൂർ പള്ളിയിൽ വച്ചും പാലയൂർ റീജിയണൽ തിരുനാൾ ഗുരുവായൂർ പള്ളിയിൽ വച്ചും ആഘോഷ പൂർവ്വം നടത്തി. അതത് ഇടവക പള്ളി വികാരിയച്ചന്മാർ സമ്മേളനം ഉദ്ഘാ ടനം ചെയ്തു. ക്ലാസ്സുകളും ദിവ്യബലിയും കലാപരിപാടികളും വ്യക്തികളെ ആദരിക്കലും ഉണ്ടായിരുന്നു. ജോസ് പീറ്റർ, വി. എൽ. സൈമൺ, കെ. ജെ. ജേക്കബ്, സെലീന ജോൺ, സണ്ണി വടക്കൻ, പി. ഐ. സൈമൺ എന്നിവർ നേതൃത്വം നൽകി.

ക്രിസ്തുമസ്സിനൊരുക്കമായി 25 നോമ്പ് എല്ലാ അംഗങ്ങളും ആചരിക്കു വാൻ തീരുമാനിച്ചു. സാധിക്കുന്ന യൂണിറ്റുകൾ കുടുംബസംഗമം നടത്തുവാൻ നിർദ്ദേശിച്ചു. അതിരൂപത കമ്മറ്റി ഡിസംബറിൽ കൂടി 2018 വർഷത്തെ പ്രവർത്തന കലണ്ടർ തയ്യാറാക്കുവാനും 2017ലെ പ്രവർത്തനങ്ങൾ വിലയിരു ത്തുവാനും തീരുമാനിച്ചു.

**സണ്ണി വടക്കൻ**, പ്രസിഡന്റ്

# ചിൽഡ്രൻസ് മിനിസ്ട്രി

## തിരുബാലസംഖ്യം

സ്ക്കൂൾ തിരുബാലസംഖ്യം കുട്ടികൾക്കായി അതിരൂപതതലത്തിൽ കലാമത്സരങ്ങൾ സെന്റ് ക്ലയേഴ്സ് സ്ക്കൂളിൽ വച്ച് ഒക്ടോബർ 18 ന് രാവിലെ 8.30 മുതൽ വൈകീട്ട് 4 മണിവരെ നടത്തി. അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി കലാമത്സരത്തിന്റെ ഉൽഘാടനം ചെയ്തു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ ഏവർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകി. കോർഡിനേറ്റർ, സി. റെജി, ആനിമേറ്റേഴ്സ് ബ്രദേഴ്സ്, ലീഡേഴ്സ് എന്നിവരുടെ സഹായ സഹകരണങ്ങളോടെ മത്സരങ്ങൾ ഭംഗിയായി നടത്തി. ഏവർക്കും ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഒത്തിരി നന്ദി. 30 സ്ക്കൂളുകൾ മത്സരത്തിൽ പങ്കെടുത്തു.

**ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ യൂണിറ്റുകൾ**

## തിരുബാലസഖ്യം –സബ്ജൂനിയർ

**1st Position**. സേക്രഡ് ഹാർട്ട് കോൺവെന്റ് ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂൾ, തൃശ്ശൂർ. – 60 പോയിന്റ്

**2nd Position**. സെന്റ്മേരീസ് കോൺവെന്റ് നേഴ്സറി സ്ക്കൂൾ, ഒല്ലൂർ – 50 പോയിന്റ്

**3rd Position**. സേക്രഡ് ഹാർട്ട് നേഴ്സറി സ്ക്കൂൾ, തൃശ്ശൂർ – 35 പോയിന്റ്

**തിരുബാലസഖ്യം – ജൂനിയർ**

**1st Position**. സേക്രഡ് ഹാർട്ട് കോൺവെന്റ് ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂൾ, തൃശ്ശൂർ. – 45 പോയിന്റ്

**2nd Position**. സേക്രഡ് ഹാർട്ട് ഒഫ് മേരീസ് കോൺവെന്റ് എൽ. പി. സ്കൂൾ, കണ്ടശാംകടവ് – 30 പോയിന്റ്

**2nd Position**. സെന്റ് എലിസബത്ത് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പൊങ്ങണംകാട് – 30 പോയിന്റ്

**3rd Position**. സെന്റ് സെബാസ്റ്റ്യൻസ് കോൺവെന്റ് എൽ. പി. സ്കൂൾ, നെല്ലിക്കുന്ന് – 25 പോയിന്റ്

**3rd Position**. ക്രൈസ്റ്റ് ദ കിങ്ങ് കോൺവെന്റ് എൽ. പി. സ്കൂൾ, പാവറട്ടി – 25 പോയിന്റ്

**തിരുബാലസഖ്യം – സീനിയർ**

**1st Position** സെന്റ് എലിസബത്ത് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പൊങ്ങണംകാട് – 85 പോയിന്റ്

**2nd Position**. സെന്റ് പയസ് റ്റെൻത് കോൺവെന്റ് യു. പി. സ്കൂൾ, വരന്തരപ്പിള്ളി – 65 പോയിന്റ്

**3rd Position**. സെന്റ് സേവിയേഴ്സ് കോൺവെന്റ് യു. പി. സ്കൂൾ, പുതുക്കാട് – 40 പോയിന്റ്

**ആനിമേറ്റേഴ്സ് അർദ്ധദിന സെമിനാർ**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി എൽ സി എന്നീ സംഘടനകളിലെ ആനിമേറ്റേഴ്സിനായി അർദ്ധദിന സെമിനാർ നവംബർ 11 ന് രാവിലെ 9.30 മുതൽ ഉച്ചക്ക് 1 മണി വരെ നടത്തി. പ്രാർത്ഥനാഗാനത്തോടെ സെമിനാർ ആരംഭിച്ചു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ

സ്വാഗതം ചെയ്തു. അതിരൂപത കെ. സി. വൈ. എം. ഡയറക്ടർ റവ. ഫാ. ഡിറ്റോ കൂള സെമിനാർ ഉദ്ഘാടനം ചെയ്തു. **കോളേജ് സംസ്കൃതം പ്രൊഫസർ ശ്രീ. ജസ്റ്റിൻ ജോർജ്, കുടുംബവും, വിശ്വാസശീലനവും എന്ന വിഷയം ആസ്പദമാക്കി ക്ലാസ്സെടുത്തു.**

**സാഹിത്യോത്സവ്- 2017**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി എൽ സി എന്നീ സംഘടനകളിലെ കുട്ടികൾക്കായി അതിരൂപതാ തലത്തിൽ സാഹിത്യമത്സരങ്ങൾ നവംബർ 11 ന് ഡി.ബി.സി.എൽ.സി. യിൽ വച്ച് ഉച്ചക്ക് 2 മണി മുതൽ വൈകിട്ട് 4 മണി വരെ നടത്തി. അതിരൂപത മതബോധന ഡയറക്ടർ റവ. ഫാ. റാഫേൽ ആക്കാമറ്റത്തിൽ മത്സരം ഉദ്ഘാടനം ചെയ്തു.

**അതിരൂപതാ കലോത്സവം (തിരുബാലസംഘ്യം, ജൂനിയർ സി എൽ സി, അൾത്താരസംഘം)**

**ഇടവകതലം**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി. എൽ. സി. എന്നീ സംഘടനകൾക്കായി അതിരൂപതാ തല കലോത്സവം **2017 ഡിസംബർ 30 ശനിയാഴ്ച** നടത്തുന്നതാണ്. **ഫൊറോനതലത്തിൽ ഫസ്റ്റ്** കിട്ടിയവർക്കു മാത്രമേ കലാമത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. ചിൽഡ്രൻസ് മിനിസ്ട്രി പ്രൊമോട്ടർ അച്ചൻമാരും, ആനിമേറ്റേഴ്സും അതിനുവേണ്ട തയ്യാറെടുപ്പുകൾ ചെയ്ത് സഹകരിക്കുമല്ലോ. ഇനിയും രജിസ്റ്റർ ചെയ്യാത്ത യൂണിറ്റുകൾ എത്രയും വേഗം ചെയ്യുവാൻ ശ്രദ്ധിക്കുക. **മത്സരത്തിനുവരുമ്പോൾ അതിരൂപത നിർദ്ദേശിച്ചിട്ടുള്ള യൂണിറ്റ് രജിസ്ട്രേഷൻ ഫോം, ബാട്ജ്, അംഗത്വ സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.**

**സെയിന്റ്സ് ക്വിസ്**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കുവേണ്ടി ഫൊറോന തലത്തിൽ സെയിന്റ്സ് ക്വിസ്സിന് ഫസ്റ്റ് കിട്ടിയവർക്കായി അതിരൂപതാതലത്തിൽ മത്സരം 2018 ജനുവരി 13 ന് ഡി. ബി. സി. എൽ. സി. യിൽ വച്ച് ഉച്ചക്ക് 2 മണി മുതൽ വൈകിട്ട് 4 മണിവരെ

നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക.

**അതിരൂപതാ സമ്മാനദാനം**

അതിരൂപതാ തിരുബാലസഖ്യം,അൾത്താരസംഘം, ജൂനിയർ സി.എൽ.സി. കലാമത്സരങ്ങളുടെ സമ്മാനദാനവും, തിരുബാലസംഖ്യദിനവും 2018 ജനുവരി 27 ശനിയാഴ്ച ഡി ബി സി എൽ സി യിൽ വച്ച് നടത്തുന്നു. രാവിലെ 10.00 മണിക്ക് അരംഭിക്കുന്ന മീറ്റിങ്ങ് അതിരൂപതാ സഹായമെത്രാൻ ഉദ്ഘാടനം ചെയ്യും.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** അവിടുന്ന് തന്റെ പ്രകാശം അവരുടെ ഹൃദയങ്ങളിൽ നിറച്ചു. (പ്രഭാഷകൻ (17:9)

**സുകൃതജപം:** എന്റെ ഈശോയെ എന്റെ കൂടെയായിരിക്കണമേ

**പ്രാർത്ഥനാ നിയോഗം:** അനാഥ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കുക

**പരിചയപ്പെടുന്ന വിശുദ്ധൻ:** വാ. സി. റാണി മരിയ (ഫെബ്രുവരി 25 )

**പ്രവർത്തനം:** അനാഥകുട്ടികൾക്കായി സഹായം ചെയ്യുക

**സി. റെജി എസ്. എസ്. പി. സി**
കോഡിനേറ്റർ

**റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ**
ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ്

**കേരള ലേബർ മൂവ്മെന്റ് തൃശ്ശൂർ അതിരൂപത ഓഫീസിൽ നിന്നും ആശംസകൾ!**

ഇടവകകളിൽ യൂണിറ്റു സമിതിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നുവെന്നു കരുതുന്നു. എല്ലാം ഭംഗിയായി നടക്കട്ടെ എന്ന് ആശംസിക്കുന്നു. കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങളിൽ കാണിക്കുന്ന സഹകരണത്തിന് നന്ദി. തുടർന്നും സഹകരണം പ്രതീക്ഷിക്കുന്നു. ഏതാനും കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തട്ടെ.

**1, അർദ്ധ വാർഷിക ജനറൽ ബോഡി യോഗം - ആഗസ്റ്റ് 20, 2.30 ുാ പറവട്ടാനി പള്ളിയിൽ**

2017 ആഗസ്റ്റ് 20 ഞായറാഴ്ച്ച ഉച്ചയ്ക്കുശേഷം 2.30 ന് പറവട്ടാനി വിമലനാഥപള്ളി ഹാളിൽ വച്ച് കെ.എൽ.എം അതിരൂപത പ്രസിഡന്റ് ജോസ് മാടാനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അർദ്ധവാർഷിക ജനറൽ ബോഡി യോഗം മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ വിവിധ യൂണിറ്റുകളിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, അതിരൂപത കൗൺസിലേഴ്സ് എന്നിവർ പങ്കെടുത്തു. കെ.എൽ.എം അതിരൂപത ഡയറക്ടർ ഫാ. ജോർജ് തോമസ് നിരപ്പുകാലയിൽ, യൂണിറ്റ് ഡയറക്ടർ ഫാ. ഡേവീസ് ചിറയത്ത്, മേഖല (ഫൊറോന) ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരൻ, ജനറൽ സെക്രട്ടറി മോളി ജോബി, ട്രഷറർ ടോമി ടി.ജെ. യൂണിറ്റ് പ്രസിഡന്റ് പി.സി. റപ്പായി, ലോനപ്പൻ വടാശ്ശേരി, ജോമോൻ ചെറുശ്ശേരി, പി.എൽ. ജോർജ്ജ് എന്നിവർ സംസാരിച്ചു. കെ. എൽ. എം. ലും വിവിധ തൊഴിലാളി ഫോറങ്ങളിലും അംഗങ്ങളായി പരസ്പര സഹായ സാമൂഹ്യ സുരക്ഷാ പദ്ധതി, പെൻഷൻ ഫണ്ട്, ക്ഷേമനിധി ഫണ്ട് തുടങ്ങിയ വിവിധ സുരക്ഷാ പദ്ധതികളുടെ ആനുകൂല്യങ്ങൾ ഏവർക്കും ലഭ്യമാക്കുന്നതിനായി ഇടവകതല സംഘടനാ സംവിധാനം കൂടുതൽ

സുസംഘടിതവും ക്രിയാത്മകവുമായി മാറേണ്ടതുണ്ട്. യൂണിറ്റുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുന്നതിന് യോഗം തീരുമാനിച്ചു. തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്ന ഇത്തരം ക്ഷേമപ്രവർത്തനങ്ങളുടെ പരമാവധി വ്യാപനത്തിനായി ഫെറോന, ഇടവക സമിതികളുടെ പരിപൂർണ്ണ സഹകരണം സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**2, കെ.എൽ.എം. തൃശ്ശൂർ മേഖല യോഗം സെപ്തംബർ 9, ഫാമിലി അപ്പസ്റ്റൊലേറ്റ് സെന്ററിൽ**

കേരള ലേബർ മൂവ്മെന്റിന്റെ തൃശ്ശൂർ മേഖല യോഗം ഫാമിലി അപ്പോസ്റ്റലേറ്റ് സെന്ററിൽവച്ച് സംഘടിപ്പിക്കപ്പെട്ടു. മേഖല ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ തൃശ്ശൂർ, ഇരിഞ്ഞാലക്കുട, പാലക്കാട് എന്നീ രൂപതകളിൽ നിന്ന് 25 പേർ പങ്കെടുത്തു.

**3, മനുഷ്യവിഭവ പരിപാലന നയം (പി.എം.പി.) സെപ്തംബർ 9, ഫാമിലി അപ്പസ്റ്റൊലേറ്റ് സെന്ററിൽ**

കേരള കാത്തലിക് ബിഷപ് കോൺഫറൻസ് വളരെയേറെ പ്രാധാന്യത്തോടെ 2013 ൽ സ്ഥാപിച്ചതായിരുന്നു കേരളത്തിലെ സഭാനേതൃത്വത്തിൽ നടന്നുവരുന്ന സ്ഥാപനങ്ങളിൽ പാലിക്കേണ്ടതായ സമഗ്രവും സമ്പുഷ്ടവുമായ മനുഷ്യ വിഭവശേഷി പരിപാലന നയം (People Management Policy). ഈ നയം സംബന്ധിച്ചും, കൂടാതെ സ്ഥാപനാധികാരികൾക്കും മാനേജ്മെന്റിനും കാലാകാലങ്ങളിൽ മാറിവരുന്നതും താമസമില്ലാതെ നിർബന്ധമായും നടപ്പാക്കേണ്ടതുമായ നൈയാമികവും സാങ്കേതികവുമായ നിയമങ്ങളേയും ചട്ടങ്ങളേയും സംബന്ധിച്ചും ഒരു സെമിനാർ ലേബർ കമ്മീഷന്റെ (കേരള ലേബർ മൂവ്മെന്റിന്റെ) ആഭിമുഖ്യത്തിൽ ഫാമിലി അപ്പോസ്റ്റലേറ്റ് സെന്ററിൽവച്ച് സംഘടിപ്പിച്ചു. അതിരൂപതയുടേയും സന്യാസ സമൂഹങ്ങളുടേയും നേതൃത്വത്തിൽ ഉള്ള സ്ഥാപനാധികാരികൾക്കു വേണ്ടി നടത്തിയ സെമിനാറിൽ 48 സ്ഥാപനങ്ങളിൽ നിന്നും 138 പേർ പങ്കെടുത്തു. കെ.എൽ.എം സംസ്ഥാന വൈസ് പ്രസിഡന്റ്, ഷാജു ആന്റണി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ തൃശ്ശൂർ അതിരൂപത വികാരിജനറാൾ മോൺ. ഫാ. തോമസ് കാക്കശ്ശേരി സെമിനാർ ഉദ്ഘാടനം ചെയ്തു. ശ്രീ. രാജൻ പി., ശ്രീ. ജോസഫ് ജൂഡ്, ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ സിസ്റ്റർ ആനീസ്, ഫാ. ജേക്കബ് മാവുങ്കൽ എന്നിവർ അഭിസംബോധന ചെയ്തു.

**4, മേഖല സെമിനാർ (പുത്തൻപള്ളി ഫൊറോന) സെപ്തംബർ 24, മാതാനികേതൻ, തൃശ്ശൂർ**

കേരള ലേബർ മൂവ്മെന്റിന്റെ തൃശ്ശൂർ അതിരൂപത സമിതിയുടേയും വിവിധ മേഖല (ഫൊറോന) സമിതികളുടേയും ആഭിമുഖ്യത്തിൽ എല്ലാ ഇടവകകളിലെയും തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സാമൂഹ്യ - സാമ്പത്തിക സുരക്ഷയും ശക്തീകരണവും ലഭ്യമാക്കുവാൻ സഹായിക്കുന്ന പദ്ധതികൾ പരിചയപ്പെടുത്തുന്ന സെമിനാറുകൾ സംഘടിപ്പിക്കുന്നു. കേന്ദ്ര പെൻഷൻ പദ്ധതികൾ, വിവിധ ക്ഷേമനിധി ഫണ്ടണ്ടുകൾ, കെ.എൽ.എം പരസ്പര സഹായ സാമൂഹ്യ സുരക്ഷ പദ്ധതി (KLM-PSSSP) എന്നിവയിൽ ഓരോ തൊഴിലാളി കുടുംബത്തേയും അംഗമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എൽ.എം ന്റെ നേതൃത്വത്തിൽ ഉള്ള ഒരു പ്രചാരണ പരിപാടിയാണ് അത്. ഇതിൽ ആദ്യത്തേത് 2017 സെപ്തംബർ 24 ന് ഉച്ചയ്ക്ക് ശേഷം 2.00 മണിക്ക് പുത്തൻപള്ളി മാതാനികേതൻ ഹാളിൽ സംഘടിപ്പിച്ചു. പ്രസ്തുത പരിപാടി പുത്തൻപള്ളി ഫൊറോന വികാരി വെരി. റവ. ഫാ. ജോർജ്ജ് എടക്കുളത്തൂർ ഉദ്ഘാടനം ചെയ്തു. കർഷകർ, കച്ചവടക്കാർ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, പീടികകളിൽ തൊഴിലെടുക്കുന്നവർ, ഗാർഹിക തൊഴിലാളികൾ, അധ്യാപകർ, അഭിഭാഷകർ, ലാബുകളിലും ചെറിയ ആശുപത്രികളിലും പണിയെടുക്കുന്നവർ, സ്വയം തൊഴിൽ ചെയ്യുന്നവർ, മോട്ടോർ ട്രാൻസ്പോർട്ട് വാഹനങ്ങളിൽ ജോലിയെടുക്കുന്ന തൊഴിലാളികൾ എന്നിവരിൽ നിന്നും പ്രതിനിധികളെ പങ്കെടുപ്പിച്ചു.

**5, കെ. എൽ. എം. റിസോഴ്സ് ട്രെയ്നിഗ് പ്രോഗ്രാം ഒക്ടോബർ 9, തൃശ്ശൂർ കെ. എൽ. എം. ഓഫീസ്**

കേരള ലേബർ മൂവ്മെന്റിന്റെ തൃശ്ശൂർ അതിരൂപതയിലെ ഇടവക യൂണിറ്റുകൾ സന്ദർശിച്ച് വിലയിരുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും പുതിയ യൂണിന്റുകൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാങ്കേതിക സഹായം ചെയ്യുന്നതിന് സജ്ജരായ നേതൃനിരയെ സംഘടിപ്പിക്കുന്നതിന് ഒക്ടോബർ 9ന് തൃശ്ശൂർ കെ. എൽ. എം. ഓഫീസിൽ ഒരു പരിശീലനപരിപാടി സംഘടിപ്പിച്ചു. 49 പേർ പങ്കെടുത്തു.

**6, വാർഷിക ജനറൽ ബോഡി യോഗം - ഡിസംബർ 17, 1.30 pm ഒളരി ലിറ്റിൽ ഫ്ളവർ പള്ളിയിൽ**

2017 ഡിസംബർ 17 ഞായറാഴ്ച്ച ഉച്ചയ്ക്കുശേഷം 1.30 ന് ഒളരി ലിറ്റിൽ ഫ്ളവർ പള്ളി ഹാളിൽ വെച്ച് നടത്തുന്ന ജനറൽ ബോഡി യോഗത്തിൽ യൂണിറ്റുകളിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, അതിരൂപത കൗൺസിലേഴ്സ് എന്നിവർ ഉൾപെടെ 10 പേർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ബഹു. ടോണി നീലങ്കാവിൽ പിതാവിന് ഈ യോഗത്തിൽവച്ച് സ്വീകരണം നല്കുന്നതാണ്. യൂണിറ്റ്, മേഖല (ഫൊറോന) ഡയറക്ടർമാരുടെ സാന്നിദ്ധ്യം പ്രത്യേകം ക്ഷണിക്കുന്നു.

**7, കെ. എൽ. എം. പ്രവർത്തന ഫണ്ട് ശേഖരണം**

കെ.എൽ.എം യൂണിറ്റ്, മേഖല, അതിരൂപതതല പ്രവർത്തനങ്ങളുടെ സാമ്പത്തിക ഭാരം ലഘൂകരിക്കുന്നതിനായ് ഒരു പ്രവർത്തന ഫണ്ട് ശേഖരണം നടത്തുന്നു. ഈ ഫണ്ട് രൂപീകരണ കാലയളവിൽ 500 എണ്ണത്തിൽ കൂടുതൽ വിറ്റഴിക്കുന്ന യൂണിറ്റുകളിൽ ആദ്യ 5 സ്ഥാനത്ത് വരുന്നവർക്ക് യഥാക്രമം, 5000, 4000, 3000, 2500, 2000 എന്ന തോതിൽ സമ്മാനങ്ങളും മെമന്റോയും നൽകുന്നു. കൂടാതെ 500 എണ്ണം പൂർണ്ണമായ് വിറ്റുതീർക്കുന്ന യൂണിറ്റുകൾക്ക് 1000 രൂപ പ്രോത്സാഹനമായ് നൽകുന്നതാണ്. അതിന്റെ വിജയത്തിനായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**8, കെ. എൽ. എം. അവാർഡുകൾ**

കെ. എൽ. എം. അംഗത്വം തുടർച്ചയായി 25/50 വർഷങ്ങൾ പൂർത്തീകരിച്ചവരുടെ പേരുകൾ രേഖപ്പെടുത്തിയ ലിസ്റ്റ് യൂണിറ്റ് ഡയറക്ടർ, പ്രസിഡന്റ് എന്നിവർ സാക്ഷ്യപ്പെടുത്തി ഡിസംബർ 1 നു മുമ്പ് അതിരൂപത ഓഫീസിൽ ഏല്പിക്കേണ്ടതാണ്. മാതൃകയൂണിറ്റ്, മികച്ച കെ.എൽ.എം. പ്രവർത്തകൻ/പ്രവർത്തക എന്നിവയുടെ തിരഞ്ഞെടുപ്പ് ഫോറങ്ങളും പൂരിപ്പിച്ച് യൂണിറ്റ് ഡയറക്ടർ, പ്രസിഡന്റ് എന്നിവർ സാക്ഷ്യപ്പെടുത്തി ഡിസംബർ 1 നു മുമ്പ് അതിരൂപത ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**9, കെ. എൽ. എം. പരസ്പരസഹായ സാമൂഹ്യ സുരക്ഷ പദ്ധതി (KLM-PSSSP)**

കേരള ലേബർ മൂവ്മെന്റിന്റെ അഭിനന്ദനാർഹമായ ഒരു ഇടപെടലാണ് പെൻഷൻ, ആരോഗ്യസുരക്ഷ, ക്ഷേമഫണ്ട് എന്നിവയെല്ലാം ഉൾകൊള്ളുന്ന ഒരു സുരക്ഷാ ഫണ്ടിൽ സാധാരണക്കാരെ അംഗങ്ങൾ ആക്കുകയും

ആനുകൂല്യങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നത്. ആരോഗ്യ സുരക്ഷ എന്ന പരിപാടിയിൽ നല്ല പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടാണ് ഈ പദ്ധതി തുടർന്നുകൊണ്ടിരിക്കുന്നത്. 1100/-രൂപ അടച്ച് പങ്കാളി ആകുന്ന കുടുംബങ്ങൾക്ക് 30,000/-രൂപ ആരോഗ്യ സുരക്ഷയും രണ്ട് ലക്ഷം രൂപ അപകട സുരക്ഷയും നല്കുന്നു. പരമാവധി ആളുകളെ പങ്കാളികൾ ആക്കുന്നതിന് അഭ്യർത്ഥിക്കുന്നു.

ഈ വർഷം മെയ് 31 മുതൽ ഡിസംബർ 10 വരെ 100, 125, 150 അംഗങ്ങളെ ചേർക്കുന്ന യൂണിറ്റുകൾക്ക് / വ്യക്തികൾക്ക് യഥാക്രമം 5000/-, 10,000/-, 15,000/ – രൂപയും മെമന്റോയും സമ്മാനമായി നല്കുന്നു. കൂടാതെ മെയ് 1 വരെ 100 തികയുന്നതിനായി പരിശ്രമിക്കുകയും എന്നാൽ സാധിക്കാതെ പോയതുമായ യൂണിറ്റുകൾ ഡിസംബർ 10-നുള്ളിൽ 100-ൽ കൂടുതൽ പേരെ ചേർക്കുന്ന പക്ഷം 1000/- രൂപ പ്രോത്സാഹനവും നല്കുന്നതാണ്. കെ. എൽ. എം. മാതൃക യൂണിറ്റായി പരിഗണിക്കുന്നതിന് ചുരുങ്ങിയത് 50 പേരെയെങ്കിലും ചേർക്കണം എന്നുകൂടി അറിയിക്കുന്നു.

**10, കെ. എൽ. എം. തൊഴിലാളി ഫോറങ്ങൾ**

തൊഴിലാളികൾക്ക് നേതൃത്വപരിശീലനം കൊടുക്കുക, ക്ഷേമനിധി ഫണ്ടുകളിൽ സാധാരണക്കാരെ അംഗങ്ങൾ ആക്കുക, തൊഴിൽ നൈപുണ്യ പരിശീലനം നല്കുക, തൊഴിൽ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.എൽ.എം ന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന വിവിധ തൊഴിലാളി ഫോറങ്ങളിൽ കുറഞ്ഞപക്ഷം മൂന്ന് എണ്ണങ്ങളെങ്കിലും ഇടവകകളിൽ രൂപീകരിക്കാൻ സാധിക്കണം. അതിന് ആവശ്യമായ സെമിനാറുകൾ, ബോധവൽകരണ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന് അതിരൂപതതല ഭാരവാഹികൾ സംലഭ്യമായിരിക്കുന്നതാണ്. ഇക്കാര്യവും യൂണിറ്റുകളുടെ വാർഷിക അവലോകനത്തിന് ഒരു മാനദണ്ഡമായിരിക്കും. ആയതിനാൽ ഡിസംബർ ഒന്നിനകം ഈ പ്രക്രിയ പൂർത്തീകരിച്ച് റിപ്പോർട്ട് ഡിസംബർ 10 നകം അതിരൂപത ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**11, നൈപുണ്യവികസന പരിശീലനം**

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടിരിക്കുന്ന സ്വതന്ത്ര നിർമാണ തൊഴിലാളി ഫോറം തൃശ്ശൂർ പ്രാദേശിക സമിതിയുടെ ആഭിമുഖ്യത്തിൽ ബർജർ പെയിന്റ് കമ്പനിയുടെ സഹകരണത്തോടെ നിലവിൽ

പെയിന്റിംഗ് ജോലി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്ക് മാത്രമായി ആധുനികരീതിയിലുള്ള പെയിന്റിംഗ്, വുഡ് പോളിഷിംഗ്, ഡിസൈനിംഗ്, ലീക് പ്രൂഫ് ജോലികൾ തുടങ്ങിയ പെയിന്റിംഗ് മേഖലയിൽ മികവു (നൈപുണ്യം) വളർത്തുന്നതിന് ആവശ്യമായ പരിശീലനം നല്കുന്നു. തൃശ്ശൂർ പറവട്ടാനിയിൽ കമ്പനിയുടെ പരിശീലനം നടത്തുന്ന കേന്ദ്രത്തിൽ ആണ് പരിശീലനപരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50/60 പേർക്കാണ് അവസരം ഉണ്ടായിരിക്കുക. രജിസ്ട്രേഷൻ സൗജന്യമായിരിക്കും. പരിശീലനപരിപാടിയുടെ സമയക്രമീകരണം രജിസ്റ്റർ ചെയ്യുന്നവരെ വിളിച്ച് അറിയിക്കുന്നതായിരിക്കും. കെ.എൽ.എം./എസ്.എൻ.ടി.യു. അംഗങ്ങൾക്കു പുറമെ ജാതിമത ഭേദമെന്യേ ആർക്കും പങ്കെടുക്കാവുന്നതാണ്.

ഡയറക്ടർ | ജനറൽ സെക്രട്ടറി

**ഫാ. ജോർജ് തോമസ് നിരപ്പുകാലയിൽ** | **മോളി ജോബി**

# കെ.സി.എസ്.എൽ.

*** സംസ്ഥാനവാർഷികവും കലോത്സവും**

ഈ വർഷത്തെ കലോത്സവവും 102-ാം സംസ്ഥാന വാർഷികവും കൊല്ലം രൂപതയിൽ വച്ച് ജനുവരി 12,13 തിയ്യതികളിലായി നടക്കുന്നു. എല്ലാ അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും നിർബന്ധമായി പങ്കെടുക്കണം. കലോത്സവത്തിൽ പങ്കെടുക്കേണ്ട KCSL അംഗങ്ങളുടെ ലിസ്റ്റ് ബ്ലോഗിൽ കൊടുത്തിട്ടുണ്ട്. ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ?

*** സംസ്ഥാന കലോത്സവ മത്സരാർത്ഥികളുടെ മീറ്റിംങ്ങ്**

കൊല്ലത്തു നടക്കുന്ന സംസ്ഥാന കലോത്സവത്തിന് അർഹത നേടിയവരുടെ ഒരു യോഗം 23.12.2017 ഉച്ചക്ക് 2.30ന് പാസ്റ്ററൽസെന്ററിലുള്ള KCSL ഓഫീസിൽവച്ച് ചേരുന്നു. സംസ്ഥാന കലോത്സവത്തിന് പങ്കെടുക്കുന്ന എല്ലാ മത്സരാർത്ഥികളും നിർബന്ധമായും ആ യോഗത്തിൽ സംബന്ധി ക്കേണ്ടതാണ്. യാത്രാക്രമീകരണങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായാണ് യോഗം നടത്തുന്നത്. യോഗത്തിൽ ഏതെങ്കിലും കാരണവശാൽ സംബന്ധിക്കാൻ സാധിക്കാതെ വരുന്നു എന്നുണ്ടെങ്കിൽ ആ വിവരം ഓർഗനൈസറെ അറിയിക്കണം. അല്ലാത്ത പക്ഷം മറ്റ് വ്യക്തികൾക്ക് മത്സരിക്കാൻ അവസരം നൽകുന്നതാണ്.

*** അതിരൂപതാവാർഷികം**

അതിരൂപതാ വാർഷികസമ്മേളനം ജനുവരി 19ന് വെള്ളിയാഴ്ച്ച തൃശ്ശൂർ ഫാമിലി അപ്പോസ് തോലേറ്റിൽ വച്ച് ചേരുന്നു. ട്രോഫികളും സാഹിത്യോത്സവ ബൊക്കെ സമ്മാനങ്ങളും അന്നു വിതരണം ചെയ്യുന്നു. മറ്റ് സമ്മാനങ്ങൾ, ചാരിറ്റി ഫണ്ട് എന്നിവ വാങ്ങിക്കാത്തവർ നേരത്തെ അറിയിച്ച് അന്നു തന്നെ വന്ന് വാങ്ങിക്കൊണ്ടു പോകേണ്ടതാണ്.

*** ബൊക്കെ മെഗാക്വിസ്**

ഈ വർഷത്തെ ബൊക്കെ മെഗാക്വിസ് ഫൈനൽ മത്സരങ്ങൾ ജനുവരി 19 വെള്ളിയാഴ്ച്ച നടക്കുന്നു. സ്കൂളുകളിൽ മത്സരം നടത്തി തെരഞ്ഞെടുക്കുന്നവരെയാണ് ഫൈനൽ മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടത്. മത്സരത്തിനു വരുമ്പോൾ ഫൈനൽ മത്സരാർത്ഥികൾ അവരുടെ ഫോട്ടോ സ്കൂൾ ലെറ്റർ പാഡിൽ അറ്റസ്റ്റ് ചെയ്ത് കൊണ്ടുവരേണ്ടതാണ്.

*** ക്രിസ്തുമസ്സ് – KCSL ഡെ**

സ്കൂളിൽ ക്രിസ്തുമസ്, KCSL ഡെ എന്നിവ സമുചിതമായി ആഘോഷിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഫോട്ടോകൾ KCSL ലിലേക്ക് e-mail ചെയ്യുക.

*** ആനിമേറ്റേഴ്സ് ഡയറി**

ആനിമേറ്റേഴ്സ് ഡയറി പൂരിപ്പിച്ചുനൽകേണ്ടത് ഡിസംബർ ഒന്നിനാണ്. യൂണിറ്റ് തല റിപ്പോർട്ടുകളും അന്നുതന്നെ നൽകണം. മറക്കരുത്.

KCSL വിമാനയാത്ര വിജയകരമാക്കാൻ പരിശ്രമിച്ചവർക്കും സഹകരിച്ചവർക്കും നന്ദി. ക്രിസ്തുമസ് ആശംസകളോടെ, ഡയറക്ടർ

**റവ. ഫാ. ഡോ. ആന്റണി ചെമ്പകശ്ശേരി**

---

excel ACADEMY
Archdiocese of Trichur
Institute for Career Formation

## Sponsorship Programme

സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന, പഠനത്തിൽ മിടുക്കരായിട്ടുള്ള കുട്ടികളെ സഹായിക്കുവാനായി അതിരൂപത ഏർപ്പെടുത്തിയ എക്സൽ അക്കാദമി സ്പോൺസർഷിപ്പ് പ്രോഗ്രാം, ഇടവക വികാരിമാരുടേയും, എക്സൽ അസോസിയേറ്റ്സിന്റേയും ആത്മാർത്ഥമായ സഹകരണം കൊണ്ട് നല്ല രീതിയിൽ മുന്നോട്ടുപോയികൊണ്ടിരിക്കുന്നു.

**എക്സൽ 'സയൻസ് ജീനിയസ്' കോമ്പറ്റീഷൻ**

സയൻസ് വിഷയങ്ങളിൽ കുട്ടികളുടെ താൽപ്പര്യത്തെ വളർത്തുവാൻ **നവംബർ 23, ഡിസംബർ 9** എന്നീ തീയതികളിലായി 'സയൻസ് ജീനിയസ്' എന്ന എഴുത്തുപരീക്ഷ മത്സരം നടത്തുന്നു. ഈ പരീക്ഷയുടെ ആദ്യഘട്ടം **നവംബർ 23**ന് സ്കൂൾ തലത്തിലും രണ്ടാം ഘട്ടം **ഡിസംബർ 9ന്** ജില്ലാതലത്തിലുമാണ്. **6, 7, 8, 9, 10** ക്ലാസ്സിലെ കുട്ടികൾക്കായി നടത്തുന്ന ഈ പരീക്ഷയിൽ മികച്ച വിജയം നേടുന്ന കുട്ടികളെയാണ് അടുത്ത വർഷം എക്സൽ കോച്ചിംഗിന് തെരഞ്ഞെടുക്കുന്നത്. സ്കൂൾ തലത്തിൽ മികച്ച വിജയം നേടുന്ന

**400** കുട്ടികൾ ജില്ലാതല പരീക്ഷയ്ക്ക് അർഹരാകുന്നു. **ഡിസംബർ 9–ാം തീയതി 2.30 മുതൽ 4.30** വരെ **സെന്റ് തോമസ് കോളേജ് ജൂബിലി ബ്ലോക്കിൽ** വെച്ചാണ് ജില്ലാതല പരീക്ഷ നടക്കുന്നത്. **6,7,8,9** ക്ലാസ്സുകളിൽ ഉന്നത വിജയം നേടുന്ന ആദ്യ പത്തുപേർക്ക് എക്സൽ പരിശീലനത്തിന് സ്കോളർഷിപ്പുകൾ നൽകുന്നു. 10–ാം ക്ലാസ്സിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന മൂന്ന് സ്ഥാനങ്ങൾക്ക് ഒന്നാം സമ്മാനം **15,000/, രണ്ടാം സമ്മാനം 10,000/, മൂന്നാം സമ്മാനം 5,000/–** എന്നിങ്ങനെ ക്യാഷ് അവാർഡുകൾ നൽകുന്നു. ഓരോ സ്കൂളിലേയും ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന ഒരു കുട്ടിക്ക് ക്യാഷ് പ്രൈസ് നൽകുന്നു.

## സൗജന്യ ക്രാഷ് കോഴ്സ് കോച്ചിങ്ങ്

മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ്സിനുള്ള പ്ലസ് ടു വിദ്യാർത്ഥികൾക്കായി **ഡിസംബർ 28,29,30** തീയതികളിൽ മൂന്ന് ദിവസത്തെ സൗജന്യ ക്രാഷ് കോഴ്സ് കോച്ചിംഗ് നടത്തുന്നു. തൃശൂർ ബിഷപ്പ് ഹൗസിലെ **ഡി.ബി. സി.എൽ.സി.യിലെ എക്സൽ ഓഫീസ് ക്യാമ്പസ്സിൽ** വെച്ച് ആയിരിക്കും ക്ലാസ്സുകൾ നടത്തുന്നത്.

## എക്സൽ അവാർഡ് ഡെ

ഈ വർഷത്തെ എക്സൽ മത്സരപരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ **ഡിസംബർ 23–ാം** തീയതി, തൃശൂർ ബിഷപ്പ് ഹൗസ് ഡി.ബി.സി.എൽ.സി. ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്ന പൊതുസമ്മേളനത്തിൽ അവാർഡ് നൽകി ആദരിക്കുന്നു. പൊതുസമ്മേളനത്തിൽ മന്ത്രിമാർ, വിദ്യാഭ്യാസരംഗത്തെ പ്രശസ്തരായ വ്യക്തികൾ, സാംസ്കാരിക നേതാക്കൾ എന്നിവർ പങ്കെടുക്കുന്നു.

**റവ. ഡോ. ഡേവീസ് തെക്കേകര**

ഡയറക്ടർ

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

1. **സോണൽ സർവ്വീസ് ടീം കൂട്ടായ്മ**

ഒക്ടോബർ 25ന് രാവിലെ 10 മണിക്ക് സോണൽ സർവ്വീസ് ടീം ആബാ റിന്യൂവൽ സെന്ററിൽ ഒന്നിച്ചുകൂടി. പ്രാർത്ഥനയോടെ ആരംഭിച്ച കൂട്ടായ്മയ്ക്ക് ഡയറക്ടർ ഫാ. സജീവ് ഇമ്മട്ടി നേതൃത്വം നൽകി. കരിസ്മാറ്റിക് നവീകരണം ദേശീയ സർവ്വീസ് ടീം അംഗം സി. നിർമ്മൽ ജ്യോതി കെ. എസ്. ടി. യുടെ വിവരങ്ങൾ കൂട്ടായ്മയെ അറിയിച്ചു. സോണൽ തലത്തിൽ ഉപദേശകസമിതി രൂപീകരിക്കുന്നതിനും ഡിസംബർ 2ന് സോണൽ സർവ്വീസ് ടീമിന്റെ പുനഃക്രമീകരണം നടത്തുന്നതിനും തീരുമാനിച്ചു. 4 മണിയോടെ കൂട്ടായ്മ സമാപിച്ചു.

2. **സ്പിരിച്ച്വൽ ഗൈഡൻസ് നൽകുന്നവർക്കുള്ള പരിശീലനം**

നവംബർ 12 ഞായർ വൈകിട്ട് 5 മണി മുതൽ നവംബർ 14 ചൊവ്വ വൈകിട്ട് 10 മണി വരെ ആദ്യ ബാച്ചും നവംബർ 26 ഞായർ വൈകിട്ട് 5 മണി മുതൽ നവംബർ 28 ചൊവ്വ രാത്രി 10 മണി വരെ രണ്ടാം ബാച്ചും പരിശീലനം നൽകുന്നതാണ്. ആബാ റിന്യൂവൽ സെന്ററിലാണ് പരിശീലനം നടക്കുന്നത്.

3. **വചനപ്രഘോഷകർക്കു വേണ്ടിയുള്ള പരിശീലനവേദി**

ഡിസംബർ 10 വൈകിട്ട് 5 മണി മുതൽ ഡിസംബർ 12 വൈകിട്ട് 10 വരെ ആദ്യബാച്ചു ഡിസംബർ 14 വൈകിട്ട് 5 മണി മുതൽ ഡിസംബർ 16 വൈകിട്ട് 10 മണിവരെ രണ്ടാം ബാച്ചും പരിശീലനം നടത്തുന്നതാണ്.

4. **സബ്സോൺ സർവ്വീസ് ടീമുകൾക്കുള്ള പരിശീലനം**

ഒന്നാം ബാച്ച്: നവംബർ 24 വെള്ളി വൈകിട്ട് 5 മണിക്ക് ആരംഭിച്ച് നവം

ബർ 25 ശനി വൈകിട്ട് 5 വരെ. പങ്കെടുക്കേണ്ട സബ്സോണുകൾ:

കണ്ടശ്ശാംകടവ്, പാലയൂർ, മറ്റം, പഴുവിൽ, പുത്തൂർ, ചേലക്കര, വടക്കാഞ്ചേരി, എരുമപ്പെട്ടി.

രണ്ടാം ബാച്ച് : ഡിസംബർ 8 വെള്ളി വൈകിട്ട് 5 മണിക്ക് ആരംഭിച്ച് ഡിസംബർ 9 ശനി വൈകിട്ട് 5 മണിക്ക് സമാപിക്കുന്നു. പങ്കെടുക്കേണ്ട സബ്സോണുകൾ :

ലൂർദ്ദ്, ബസിലിക്ക, ഒല്ലൂർ, പുതുക്കാട്, കൊട്ടേക്കാട്, വേലൂർ, പട്ടിക്കാട്, പറപ്പൂർ

**5. മിനിസ്ട്രികളുടെ നേതൃത്വ പുനഃസംഘടന**

ഒക്ടോബർ 30ന് തൂവാനീസ മിനിസ്ട്രികളുടെയും നവംബർ 3ന് മധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രിയുടെയും നവംബർ 6ന് പാരിഷ് മിനിസ്ട്രിയുടെയും നവംബർ 11ന് ദമ്പതി മിനിസ്ട്രിയുടെയും പുനഃസംഘടന നടന്നു. ഡയറക്ടർ ഫാ. സജീവ് ഇമ്മട്ടി, മധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രി ആനിമേറ്റർ ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ, കോർഡിനേറ്റർ സാബു. എം. വർഗ്ഗീസ്, സെക്രട്ടറി സി. ടി. സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

**6. സബ്സോൺ നേതൃത്വ പുനഃസംഘടന**

അതിരൂപതയിലെ എല്ലാ സബ്സോണുകളുടെയും നേതൃത്വ പുനഃസംഘടന പൂർത്തിയായി. ഒക്ടോബർ 1ന് ആരംഭിച്ച പുനഃസംഘടന നവംബർ 4ന് പൂർത്തീകരിച്ചു. എല്ലാ സബ്സോണുകളിലും പുതിയ സർവ്വീസ് ടീമുകൾ രൂപം കൊണ്ടു കഴിഞ്ഞു. കോർഡിനേറ്റർമാരെ ഡിസംബർ 2ന് സോണൽ ഉപദേശകസമിതിയിൽ പ്രഖ്യാപിക്കുന്നതാണ്.

**7. സോണൽ ഉപദേശകസമിതി യോഗവും സോണൽ സർവ്വീസ് ടീം പുനഃസംഘടനയും**

തൃശ്ശൂർ സോണിലെ പുതിയ സർവ്വീസ് ടീമിനെ കണ്ടെത്തുന്നതിനു വേണ്ടിയുള്ള കൂട്ടായ്മ ഡിസംബർ 2ന് (ശനിയാഴ്ച) രാവിലെ 9 മുതൽ വൈകിട്ട് 5 വരെ ആബാ റിന്യൂവൽ സെന്ററിൽ നടക്കുന്നതാണ്. സോണൽ ഉപദേശ

കസമിതിയാണ് ഈ പുനഃസംഘടന നടത്തുന്നത്. ശുശ്രൂഷകൾക്ക് കേരള സർവ്വീസ് ടീം അംഗങ്ങൾ നേതൃത്വം നൽകുന്നതാണ്. സോണൽ ഉപദേശകസമിതിയിൽ ആനിമേറ്റർമാർ, സർവ്വീസ് ടീം, സബ്സോൺ സർവ്വീസ് ടീമുകൾ, മിനിസ്ട്രിയുടെ സോണൽ സർവ്വീസ് ടീമുകൾ, പ്രമുഖ വചനപ്രഘോഷകർ, ധ്യാനകേന്ദ്രങ്ങളുടെ പ്രതിനിധികൾ, സർവ്വീസ് ടീം ക്ഷണിതാക്കൾ, മുൻ കോർഡിനേറ്റേഴ്സ്, വൈദിക-സന്യസ്ത പ്രതിനിധികൾ എന്നിവർ അംഗങ്ങളാണ്.

**ഫാ. സജീവ് ഇമ്മട്ടി**
ഡയറക്ടർ

**സാബു എം. വർഗ്ഗീസ്**
കോ- ഓർഡിനേറ്റർ

**സി. ടി. സെബാസ്റ്റ്യൻ**
സെക്രട്ടറി

# ജീസസ്സ് യൂത്ത്

**കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം ഡിസംബർ 16 ന് ആരംഭിക്കും**

ജീസസ്സ് യൂത്തിന്റെ ആഭിമുഖ്യത്തിൽ വർഷംതോറും നടക്കാറുള്ള കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം ഈ വർഷം ഡിസംബർ 16 ന് ആരംഭിക്കും. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 250 ഓളം യുവജനങ്ങൾ കേരളത്തിലെത്തും. നമ്മുടെ നാട്ടിലെ ക്രൈസ്തവ കുടുംബങ്ങളിലെ കുടുംബപ്രാർത്ഥന, വിശ്വാസ ജീവിതം, മതബോധനം, ഭക്തസംഘടനാ പ്രവർത്തനങ്ങൾ, പ്രാർത്ഥനാകൂട്ടായ്മകൾ എന്നിവയെ അടുത്തറിയാനും മനസ്സിലാക്കാനുമായി ജീസസ്സ് യൂത്ത് അംഗങ്ങളുടെ ഭവനങ്ങളിൽ ഇവർ താമസിക്കും. ഡിവൈൻ ധ്യാനകേന്ദ്രത്തിൽ താമസിച്ചുള്ള ധ്യാനത്തിലും കേളത്തിലെ തീർത്ഥാടന കേന്ദ്രങ്ങളിലും സംഘം സന്ദർശിക്കും. നമ്മുടെ രൂപതയിലേക്ക് 30 ഓളം പേരാണ് ഈ വർഷം എത്തുന്നത്. അഭിവന്ദ്യപിതാക്കന്മാരോടൊപ്പവും വിവിധ സന്യാസ സമൂഹങ്ങൾക്കൊപ്പവും കൂട്ടികാഴ്ചകൾ നടത്തും. ഡിസംബർ 29 ന് സമാപന സമ്മേളനത്തിനായി ചേർത്തലയിലേക്ക് സംഘം യാത്ര തിരിക്കും.

**ജീസസ്സ് യൂത്ത് ഫാമിലി ഗാദറിംഗ് ഡിസംബർ 3 ന് നടക്കും.**

ജീസസ്സ് യൂത്ത് തൃശ്ശൂർ സോണിന്റെ 26 -ാമത് ഫാമിലി ഗാദറിംഗ് ഡിസംബർ 3-ാം തിയ്യതി കുരിയച്ചിറ സെന്റ് പോൾസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വെച്ച് നടത്തുന്നു. ജീസസ്സ് യൂത്തിന്റെ 16 സബ്സോണുകളിലും 9 മിനിസ്ട്രികളിലും പ്രവർത്തിക്കുന്ന അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളുമായി 1000 ഓളം പേർ സംഗമത്തിലെത്തിച്ചേരും. അഭിവന്ദ്യപിതാവും വൈദീകരും ജീസസ്സ് യൂത്തിന്റെ വിവിധ നേതൃത്വ നിരയിലുള്ളവരും ഈ ഗാദറിംഗിൽ സന്നിഹിതരാകും. ഉച്ചക്ക് 12 മണിക്ക് ആരംഭിക്കുന്ന പരിപാടിയിൽ വിവിധ ക്ലാസുകളും, ദിവ്യകാരുണ്യ ആരാധനയും സംഗീത - ദൃശ്യാവിഷ്ക്കാരങ്ങളും ഉണ്ടായിരിക്കും. പരിപാടിയുടെ ജനറൽ കോ - ഓഡിനേറ്റർ ലോജോ പി

ജോണിന്റെ നേതൃത്വത്തിൽ പരിപാടിയുടെ വിജയത്തിനായി വിവിധ മിനിസ്ട്രി കളിൽ പ്രവർത്തനങ്ങൾ നടക്കുന്നു. ജീസസ്സ് യൂത്ത് ഡയറക്ടർ ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ, അസി.ഡയറക്ടർ ഫാ. ബിനോയ് ചിറ്റിലപ്പിള്ളി, കോ-ഓ ഡിനേറ്റർ ജോസഫ് കെ.ജെ എന്നിവർ നേതൃത്വം നൽകും.

**നഴ്സസ് ധ്യാനം**

ജീസസ്സ് യൂത്ത് നഴ്സസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നഴ്സിംഗ് വിദ്യാർത്ഥികൾക്കും നഴ്സുമാർക്കുമായി ത്രിദിനധ്യാനം സംഘടിപ്പിക്കുന്നു. ഡിസംബർ 1,2,3 തിയ്യതകളിൽ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ വച്ചാണ് ധ്യാനം നടത്തപ്പെടുന്നത്. ധ്യാനത്തിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നവർ 9562112208 എന്ന് നമ്പറിൽ ബന്ധപ്പെടുക.

**ജീസസ്സ് യൂത്തിന്റെ ആഭിമുഖ്യത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥനാ മാസാചരണം നടത്തി.**

തൃശ്ശൂർ ജീസസ്സ് യൂത്തിന്റെ ആഭിമുഖ്യത്തിൽ മദ്ധ്യസ്ഥപ്രാർത്ഥനാ മാസാചരണം നടത്തി. ഒക്ടോബർ 1-ാം തിയ്യതി മുതൽ ഇരുപതാം തിയ്യതി വരെ ഒല്ലൂർ ഏവുപ്രാസ്യ തീർത്ഥകേന്ദ്രത്തിൽ വച്ചായിരുന്നു മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിയത്. ഇരുപതു ദിവസങ്ങളിലും രാവിലെ 9 മുതൽ വൈകീട്ട് 5 വരെ വവിധ നിയോഗങ്ങൾക്കായി. വിവിധ സബ്സോണുകളുടെയും മിനി സ്ട്രികളുടെയും നേതൃത്വത്തിൽ അഖണ്ഡ ജപമാലചൊല്ലി പ്രാർത്ഥിച്ചു.

ജീസസ്സ് യൂത്ത് തൃശ്ശൂർ സോണിലെ മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രി യുടെ നേതൃത്വത്തിൽ സഭയുടേയും ജീസസ്സ് യൂത്തിന്റെയും പ്രവർത്തനങ്ങൾക്ക് ആത്മീയ ഊർജ്ജം ലഭിക്കുന്നതിനായി എല്ലാ മാസത്തിന്റെയും നാലാം ഞായ റാഴ്ച സോണൽ മദ്ധ്യസ്ഥപ്രാർത്ഥനാ ദിനമായും ആചരിക്കുന്നു. അന്നേദിവസം ഉച്ചക്ക് 1.30 മുതൽ 4.30 വരെ കൊക്കാല സെന്റ് അഗസ്റ്റിൻ കോൺവെന്റ് കപ്പേ ളയിൽ മദ്ധ്യസ്ഥപ്രാർത്ഥനയും ദിവ്യകാരുണ്യ ആരാധനയും നടത്തപ്പെടുന്നു.

ഡയറക്ടർ - **ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ,**
അസി.ഡയറക്ടർ - **ഫാ. ബിനോയ് ചിറ്റിലപ്പിള്ളി**
കോ-ഓഡിനേറ്റർ - **ജോസഫ് കെ.ജെ**




കോട്ടപ്പടി സെന്റ് ലാസർ പള്ളിയുടെ നവീകരിച്ച മദ്ബഹ



കുന്നംകുളം (ചിറളയം) സെന്റ് സെബാസ്റ്റ്യൻ പള്ളിയുടെ
നവീകരിച്ച മദ്ബഹ

Registered R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.11.2017
**December- 2017**



**മാർ ടോണി നീലങ്കാവിൽ പിതാവിന്റെ**
മെത്രാഭിഷേകം (2017 നവംബർ 18)

Edited, Printed & Published by Dr. Francis Aloor, Catholic Archbishop's House, Thrissur, Kerala, India- 680 005
*Printed at* : St. Mary's Orphanage Press, Madona Nagar, Kachery -680 005 (*Cover* : smritidesign.com)